

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ


## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20 1887

വാല്യം 91 • ലക്കം 04 • ഒക്ടോബർ 2018

വേദപ്രചാര മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

# ഉള്ളടക്കം

പരിശുദ്ധ പിതാവിന്റെ സന്ദേശം .......... 07
ഇടയലേഖനം Prot. No. 1733/ 2018 .......... 12
സർക്കുലർ 18 Ch. 206-281 .......... 15
സർക്കുലർ 18 Ch. 207-282 .......... 21
കച്ചേരിക്കാര്യം .......... 25
പാസ്റ്ററൽ കൗൺസിൽ .......... 28
പബ്ലിക് റിലേഷൻസ് – ജാഗ്രതാസമിതി .......... 31
സന്ദേശനിലയം .......... 32
ചെറുപുഷ്പ മിഷൻലീഗ് .......... 35
ജീവകാരുണ്യനിധി ട്രസ്റ്റ് .......... 37
എ.കെ.സി.സി. .......... 37
ഫാമിലി അപ്പോസ്റ്റലേറ്റ് .......... 38
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ .......... 40
പ്രവാസി അപ്പോസ്റ്റലേറ്റ് .......... 44
യുവദീപ്തി .......... 46
ആവേമരിയ .......... 48
ഫ്രാൻസിസ്കൻ അല്മായസഭ .......... 49
ദലിത് കത്തോലിക്കാ മഹാജനസഭ .......... 50
ചാസ് .......... 51
ചാരിറ്റി വേൾഡ് ട്രസ്റ്റ് .......... 56
കെ.സി.എസ്.എൽ. .......... 57
ആത്മതാകേന്ദ്രം .......... 58
കേരളാ ലേബർ മൂവ്മെന്റ് .......... 60
കെയർ ഹോംസ് .......... 61
വിൻസെൻഷ്യൻ വേദി .......... 63
പൗരോഹിത്യ ആദ്ധ്യാത്മികത .......... 65
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി .......... 71
Engagements .......... 79

Annual Subscription: Rs. 120/-

Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

# 49-ാം ചരമവാർഷികം



## ദൈവദാസൻ
## മാർ മാത്യു കാവുകാട്ട് പിതാവ്

**ഒക്ടോബർ 9, 2018**

# 69-ാം ചരമവാർഷികം



## ഭാഗ്യസ്മരണാർഹനായ
## അഭി. ജെയിംസ് കാളാശ്ശേരി പിതാവ്

**ഒക്ടോബർ 27, 2018**

Ref: 3141/K-5/KCBC/OL/DS 15.09.2018

# ആഗോളമിഷൻദിനം - 2018

## പരിശുദ്ധ പിതാവിന്റെ സന്ദേശം

*"നമുക്ക് യുവജനങ്ങളോടൊപ്പം എല്ലാവർക്കും സുവിശേഷം എത്തിച്ചുകൊടുക്കാം."*

പ്രിയ യുവജനങ്ങളേ, മിശിഹായിൽ നിന്ന് നാം സ്വീകരിച്ച സുവിശേഷ ദൗത്യത്തെക്കുറിച്ച് നിങ്ങളോടൊപ്പം ചിന്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സഭയിൽ ദൈവമക്കളെന്ന നിലയിൽ സാഹസിക ജീവിതം നയിക്കുന്ന എല്ലാ ക്രൈസ്തവരെയും നിങ്ങളോടു സംസാരിക്കുമ്പോൾ ഞാൻ അഭിസംബോധന ചെയ്യുന്നുണ്ട്. നിങ്ങളുമായുള്ള ഈ സംസാരത്തിലൂടെ എല്ലാവരോടും സംസാരിക്കാൻ എന്നെ പ്രേരിപ്പിക്കുന്നത് ഒരു തീർച്ചയാണ്. ക്രൈസ്തവവിശ്വാസം യേശു നമ്മെ ഏല്പിച്ച ദൗത്യത്തോടു തുറവുള്ളതാകുമ്പോൾ നിത്യയൗവനത്തിൽ നിലനില്ക്കുമെന്ന തീർച്ചയാണത്. വിശുദ്ധ ജോൺ പോൾ രണ്ടാമന്റെ വാക്കുകളിൽ പറഞ്ഞാൽ "മിഷൻ വിശ്വാസത്തെ പുനരുജ്ജീവിപ്പിക്കുന്നു" (രക്ഷകന്റെ മിഷൻ 2). യുവജനത്തോട് വലിയ സ്നേഹവും താത്പര്യവും കാണിച്ചിരുന്ന മാർപാപ്പയാണല്ലോ അദ്ദേഹം.

വരുന്ന മിഷൻമാസമായ ഒക്ടോബറിൽ ഒരു സൂനഹദോസ് റോമിൽ നടത്തും. യുവജനങ്ങളേ, നിങ്ങളോടും നിങ്ങളിലൂടെ എല്ലാ ക്രൈസ്തവ സമൂഹങ്ങളോടും, വിശ്വാസത്തെ കൂടുതൽ പൂർണമായി ഗ്രഹിക്കാൻ കർത്താവായ ഈശോയ്ക്ക് പറയാനുള്ളത് എന്താണെന്ന് വിശ്വാസത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കാനുള്ള ഒരു അവസരമാകും അത്.

### ജീവിതം ഒരു മിഷനാണ്

ഓരോ സ്ത്രീയും പുരുഷനും മിഷനാണ്. ഈ ലോകത്തിലുള്ള നമ്മുടെ ജീവിതത്തിന്റെ കാരണം അതാണ്. *ആകർഷിക്കപ്പെടുക അയയ്ക്കപ്പെടുക* എന്നീ രണ്ടു കാര്യങ്ങൾ നമ്മുടെ ഹൃദയത്തിൽ സ്നേഹത്തിന്റെ ആന്തരിക ശക്തികളായി നമുക്ക് അനുഭവപ്പെടും – പ്രത്യേകിച്ച് ചെറുപ്പത്തിൽ. അവ നമ്മുടെ ഭാവിയുടെ വാഗ്ദാനവും ജീവിതത്തിന് മാർഗദർശനവും നല്കുന്നു. ജീവന്റെ ശക്തി നമ്മിൽ പ്രവേശിക്കുകയും ആകർഷിക്കുകയും ചെയ്യുന്നതായി മറ്റുള്ള ആരെയുംകാൾ കൂടുതലായി യുവജനങ്ങൾക്കു തോന്നും. ലോകത്തോട് നമുക്കുള്ള ഉത്തരവാദിത്വം സന്തോഷപൂർവം ജീവിക്കുകയെന്നത് വലിയൊരു വെല്ലുവിളിയാണ്. യൗവനത്തിന്റെ പ്രകാശത്തെയും നിഴലു

കളെയുംകുറിച്ച് എനിക്ക് നന്നായിട്ട് അറിയാം. ഞാൻ എന്റെ യൗവന കാലത്തെയും എന്റെ കുടുംബത്തെയും പറ്റി ചിന്തിക്കുമ്പോൾ കൂടുതൽ നല്ല ഭാവിക്കുവേണ്ടിയുള്ള എന്റെ പ്രത്യാശയുടെ ശക്തി ഞാൻ ഓർമ്മിക്കുന്നു. നമ്മുടെതന്നെ തിരഞ്ഞെടുപ്പുകൊണ്ടല്ല നമ്മൾ ഈ ലോകത്തിലായിരിക്കുന്നത്. നമുക്ക് മുമ്പേയുള്ള ഒരു പ്രാരംഭശക്തിയുണ്ടെന്നും അത് നമുക്ക് അസ്തിത്വം നല്കുന്നുവെന്നുമുള്ള ബോധം ആ വസ്തുത നമുക്കു നല്കുന്നു. നമ്മിൽ ഓരോരുത്തരും ഈ വസ്തുതയെക്കുറിച്ചു ചിന്തിക്കണം: ''ഞാൻ ഈ ലോകത്തിൽ ഒരു മിഷനാണ്. ഞാൻ ഈ ലോകത്തിലായിരിക്കുന്നതിന്റെ കാരണം അതാണ്'' (സുവിശേഷത്തിന്റെ സന്ദേശം 273).

## നാം ഈശോ മിശിഹായെ പ്രഘോഷിക്കുന്നു

സഭ താൻ സൗജന്യമായി സ്വീകരിച്ചത് പ്രഘോഷിക്കുന്നു (cf മത്താ. 10:8; അപ്പ 3:6). അങ്ങനെ ചെയ്തുകൊണ്ട്, നമ്മുടെ ജീവിതത്തിന് ഈ ലോകത്തിൽ അർഥം നല്കുന്ന വഴിയും സത്യവും യുവജനമായ നിങ്ങളുമായി പങ്കുവയ്ക്കാൻ കഴിയും. സത്യത്തിന്റേതും നിറവേറലിന്റേതുമായ ഈ സന്ദേശം കണ്ടെത്താനും പ്രഘോഷിക്കാനും നമുക്കുവേണ്ടി മരിക്കുകയും ഉയിർക്കുകയും ചെയ്ത ഈശോ മിശിഹാ നമ്മുടെ സ്വാതന്ത്ര്യത്തോട് ആവശ്യപ്പെടുകയും നമ്മെ വെല്ലുവിളിക്കുകയും ചെയ്യുന്നു. പ്രിയ യുവജനമേ, മിശിഹായെയും സഭയെയും ഭയപ്പെടേണ്ട. എന്തെന്നാൽ ജീവിതത്തെ സന്തോഷം കൊണ്ടുനിറയ്ക്കുന്ന നിധി അവിടെ നമ്മൾ കണ്ടെത്തുന്നു. എന്റെ അനുഭവത്തിൽ നിന്നു തന്നെ ഇക്കാര്യം നിങ്ങളോടു പറയാൻ എനിക്ക് സാധിക്കും. വിശ്വാസത്തിന്റെ സഹായത്താൽ എന്റെ സ്വപ്നങ്ങളുടെ തീർച്ചയുള്ള അടിസ്ഥാനവും അവയെ യാഥാർഥ്യമാക്കാൻ വേണ്ട ശക്തിയും ഞാൻ കണ്ടെത്തി.

നമ്മുടെ അനേകം സഹോദരങ്ങളുടെ മുഖങ്ങൾ വലിയ സഹനവും ദാരിദ്ര്യവും കൊണ്ട് വികലമാക്കപ്പെട്ടതായി ഞാൻ കണ്ടിട്ടുണ്ട്. എന്നാലും യേശുവിന്റെയടുത്തു നില്ക്കുന്നവർക്കു തിന്മ തന്നെ വലിയ സ്നേഹത്തിനുള്ള പ്രചോദനമാണ്. സുവിശേഷത്തോടുള്ള സ്നേഹം കൊണ്ട് അനേകം സ്ത്രീപുരുഷന്മാരും അനേകം യുവജനങ്ങളും ഉദാരതയോടെ തങ്ങളെത്തന്നെ ബലികഴിച്ചിട്ടുണ്ട് - ചിലപ്പോൾ രക്തസാക്ഷികളാകുകപോലും ചെയ്തിട്ടുണ്ട്. യേശുവിന്റെ കുരിശിൽ നിന്ന് ആത്മബലിയുടെ യുക്തി നാം പഠിക്കുന്നു (cf 1 കോറി 1:17-25). ലോകത്തിന്റെ ജീവനുവേണ്ടിയുള്ള സുവിശേഷപ്രഘോഷണമാണത് (cf യോഹ 3:16). മിശിഹായോടുള്ള സ്നേഹാഗ്നിയാൽ കത്തിക്കപ്പെടുക ആ അഗ്നിയാൽ വിഴുങ്ങപ്പെടുക അതിന്റെ പ്രകാശത്താൽ മനസ്സിലാക്കൽ പ്രക്രിയയിൽ വളരുക അതിന്റെ സ്നേഹത്താൽ ചൂടുള്ളവരായിരിക്കുക (cf 2 കോറി 5:14). ദൈവത്തിന്റെ വിസ്തൃത ചക്രവാളത്തി

ലേക്ക് നമ്മെ തുറക്കുന്ന വിശുദ്ധരുടെ പാഠശാലയിൽ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. ''മിശിഹാ എന്റെ സ്ഥാനത്തായിരുന്നെങ്കിൽ അവിടന്ന് എന്തു ചെയ്യുമായിരുന്നു?'' എന്ന വിസ്മയത്തിൽ നിർത്താതിരിക്കാനാണ് ഞാൻ ക്ഷണിക്കുന്നത്.

## വിശ്വാസത്തെ ലോകത്തിന്റെ അതിരുകളിലേക്ക് പകരുക

യുവസുഹൃത്തുക്കളേ, നിങ്ങളും മാമ്മോദീസ വഴി സഭയുടെ ജീവിക്കുന്ന അംഗങ്ങളായി. അതോടെ എല്ലാവർക്കും സുവിശേഷം എത്തിച്ചു കൊടുക്കാനുള്ള ദൗത്യം നമ്മൾ സ്വീകരിച്ചിട്ടുണ്ട്. നിങ്ങൾ ജീവിതത്തിന്റെ പടിവാതുക്കലാണ്. സഭയുടെ കൂദാശകൾ, നമുക്ക് നല്കപ്പെട്ട വിശ്വാസത്തിന്റെ കൃപാവരത്തിൽ വളരുന്നതിന്, സാക്ഷികളുടെ മഹത്തായ പ്രവാഹത്തിലേക്ക് നമ്മെ മുക്കുന്നു. തലമുറതോറും കൂടുതൽ പ്രായമുള്ളവരുടെ ജ്ഞാനവും അനുഭവവും, ഭാവിയിലേക്ക് നോക്കുന്നവർക്ക് സാക്ഷ്യവും പ്രോത്സാഹനവുമായിത്തീരാൻ ആ സാക്ഷികൾ ശക്തി നല്കും. ജീവിതയാത്രയുടെ അന്തിമഘട്ടത്തിലേക്കു അടുക്കുന്നവർക്ക് യുവജനത്തിന്റെ നവീനതയും ആവേശവും പിന്തുണയുടെയും പ്രത്യാശയുടെയും ഉറവിടമാക്കിമാറ്റും. ജീവിതത്തിലെ വ്യത്യസ്ത ഘട്ടങ്ങളുടെ ഈ ഇണക്കിച്ചേർക്കലിൽ സഭയുടെ മിഷൻ തലമുറകൾ തമ്മിലുള്ള പാലം പണിയും. നമ്മുടെ ദൈവവിശ്വാസവും അയൽക്കാരനോടുള്ള സ്നേഹവും അഗാധമായ ഐക്യത്തിന്റെ ഉറവിടമാകും.

വിശ്വാസത്തിന്റെ ഈ പകർന്നു നല്കൽ സഭയുടെ മിഷന്റെ കേന്ദ്രമാണ്. പകരാനുള്ള സ്നേഹത്തിന്റെ കഴിവിൽ നിന്നാണ് അത് ഉദ്ഭവിക്കുന്നത്. അവിടെ സന്തോഷവും ആവേശവും ജീവിതത്തിൽ പുതുതായി കണ്ടെത്തിയ അർഥത്തിന്റെയും നിറവേറലിന്റെയും പ്രകടനമായിത്തീരുന്നു. ആകർഷണം വഴിയുള്ള വിശ്വാസത്തിന്റെ വ്യാപനത്തിന് തുറവുള്ളതും സ്നേഹത്താൽ വികസിക്കപ്പെട്ടതുമായ ഹൃദയങ്ങൾ വേണം. സ്നേഹത്തിന് അതിരുകല്പിക്കാൻ സാധ്യമല്ല. കാരണം, അത് മരണത്തെപ്പോലെ ശക്തമാണ് (cf ഉത്തമഗീതം 8:6). കണ്ടുമുട്ടൽ, സാക്ഷ്യം, പ്രഘോഷണം എന്നിവയെ ആ വ്യാപനം ഉത്പാദിപ്പിക്കുന്നു. വിശ്വാസത്തിൽ നിന്ന് അകലെയായിരിക്കുന്നവരും, നിസ്സംഗരായിരിക്കുന്നവരും ശത്രുതയോടെ വിശ്വാസത്തെ എതിർക്കുന്നവരുമായ എല്ലാവരുമായി പരസ്നേഹത്തിൽ പങ്കുവയ്ക്കലിനെ ജനിപ്പിക്കുന്നു. യേശുവിന്റെ സുവിശേഷവും സഭയുടെ കൗദാശിക സാന്നിധ്യവും ഇനിയും അറിയാത്ത മാനുഷിക-സാംസ്കാരിക-മതാത്മക പരിതസ്ഥിതികളാണ് അങ്ങേയറ്റത്തെ അരികുകൾ അഥവാ ലോകത്തിന്റെ അതിരുകൾ. ആ അതിരുകളിലേക്ക് ഒന്നാമത്തെ ഈസ്റ്റർ മുതൽ ക്രിസ്തു തന്റെ പ്രേഷിതശിഷ്യരെ അയച്ചും അവരുടെ കർത്താവ് എപ്പോഴും അവരുടെ കൂടെ ഉണ്ടായിരിക്കുമെന്ന തീർചയോ

ടെയാണ് അയച്ചത് (cf മത്താ 28:20; അപ്പ 1:8). ''ജാതികളിലേക്കുള്ള പ്രേഷിതത്വം'' എന്ന് നാം വിളിക്കുന്നത് ഇതിനെയാണ്. ഏറ്റവും ജീർണിച്ച അതിര് യേശുവിനെ ആവശ്യമുള്ള മനുഷ്യവർഗം വിശ്വാസത്തോട് നിസ്സംഗത പുലർത്തുന്ന സ്ഥലമാണ്. അല്ലെങ്കിൽ ദൈവത്തിലുള്ള ജീവന്റെ പൂർണതയോട് വിദ്വേഷം പ്രകടിപ്പിക്കുന്നിടമാണ്. ഭൗമികവും ആധ്യാത്മികവുമായ എല്ലാ ദാരിദ്ര്യവും നമ്മുടെ സഹോദരീസഹോദരന്മാരോട് കാണിക്കുന്ന വിവേചനത്തിന്റെ ഓരോ രൂപവും എപ്പോഴും ദൈവത്തെയും അവിടത്തെ സ്നേഹത്തെയും തള്ളിക്കളയുന്നതിന്റെ ഫലമായിട്ട് ഉണ്ടാകുന്നതാണ്.

പ്രിയ യുവജനമേ, ലോകത്തിന്റെ അതിരുകൾ ഇക്കാലത്ത് തികച്ചും ആപേക്ഷികമാണ്. മിക്കപ്പോഴും എളുപ്പത്തിൽ ''കപ്പൽ സഞ്ചാരം ചെയ്യാവുന്നതുമാണ്. ഡിജിറ്റൽ ലോകം - ഏറെ വ്യാപകവും സുലഭവുമായ സാമൂഹിക നെറ്റുവർക്കുകൾ അതിരുകളെ ഇല്ലാതാക്കുന്നു. അകലം ഇല്ലാതാക്കുന്നു. വ്യത്യാസങ്ങൾ കുറയ്ക്കുന്നു. എല്ലാം കൈയെത്തുന്നിടത്ത് ഉള്ളവയായി ഏറ്റവും അടുപ്പത്തിലുള്ളതായി, നേരിട്ടു കിട്ടുന്നതായി തോന്നുന്നു. എന്നാലും അനേകം ബന്ധപ്പെടലുകൾ നമുക്ക്  ഉണ്ടാകുന്നുണ്ടെങ്കിലും ജീവന്റെ യഥാർഥ കൂട്ടായ്മയിൽ ഒരിക്കലും പങ്കുചേരുന്നില്ലെന്നു വരാം. നമ്മുടെ ജീവിതത്തിന്റെ ആത്മാർഥമായ ദാനമില്ലാത്തതുകൊണ്ടാണത്. ലോകത്തിന്റെ അതിർത്തികൾവരെ മിഷനിൽ പങ്കുചേരുകയെന്നത്, ദൈവം നമുക്കു തന്ന വിളിയിൽ നമ്മെത്തന്നെ ദാനമായി നല്കുകയെന്നത്, ആവശ്യമാണ്. ദൈവമാണല്ലോ നമ്മെ ഈ ഭൂമിയിൽ സ്ഥാപിച്ചത് (cf ലൂക്കാ 9:23-25). യേശുക്രിസ്തുവിനെ അനുഗമിക്കാൻ ആഗ്രഹിക്കുന്ന ഏതു യുവാവിനെയും യുവതിയെയും സംബന്ധിച്ചിടത്തോളം ഏറ്റവും സത്താപരമായിട്ടുള്ളത് സ്വന്തം വിളി അന്വേഷിക്കുകയും കണ്ടെത്തുകയും അതിൽ നിലനില്ക്കുകയും ചെയ്യുകയെന്നതാണ് എന്നു ഞാൻ ഉറപ്പിച്ചു പറയുന്നു.

### സ്നേഹത്തിനു സാക്ഷ്യം വഹിച്ചുകൊണ്ട്

തന്റെ സഭയിൽ വസിക്കുന്ന ഈശോയെ വ്യക്തിപരമായി കണ്ടുമുട്ടുവാൻ നിങ്ങൾക്ക് സാധ്യത നല്കുന്ന സഭാത്മകഗ്രൂപ്പുകളായിട്ടുള്ള ഇടവകകൾ, സംഘടനകൾ, പ്രസ്ഥാനങ്ങൾ സന്ന്യസ്ത സമൂഹങ്ങൾ എന്നിവരോടും മിഷണറിസേവനത്തിന്റെ വിവിധപ്രകാശനങ്ങളോടും എനിക്കു നന്ദിയുണ്ട്. എത്രയോ യുവജനങ്ങൾ പ്രേഷിതത്വ സന്നദ്ധസേവനത്തിൽ നമ്മുടെ സഹോദരീസഹോദരന്മാരിൽ ''ഏറ്റവും എളിയവരെ'' സേവിക്കാനുള്ള മാർഗം കണ്ടെത്തുന്നുണ്ട് (cf മത്താ 25:40). അവർ മനുഷ്യമഹത്വത്തെ വളർത്തുന്നു. സ്നേഹത്തിന്റെ സന്തോഷത്തിനും ക്രിസ്ത്യാനിയായിരിക്കുന്നതിലുള്ള സന്തോഷത്തിനും അവർ സാക്ഷ്യം വഹിക്കുന്നു. സഭാത്മകമായ ഈ അനുഭവങ്ങൾ യുവജനങ്ങളെ പ്രൊഫഷണൽ വിജയത്തിനായി മാത്രമല്ല പിന്നെയോ, മറ്റുള്ളവർക്കു

സേവനം ചെയ്യാൻ ദൈവം നല്കിയ ദാനങ്ങളെ വികസിപ്പിക്കുകയും വളർത്തുകയും ചെയ്യാനും പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നുണ്ട്. താത്കാലിക മിഷണറി സേവനത്തിൽ പ്രശംസനീയമായ ഈ രൂപങ്ങൾ ഫലപൂർണമായ ആരംഭമാണ്. വിളിപരമായ തിരിച്ചറിവിലൂടെ നിങ്ങളെ സഹായിക്കാൻ- മിഷണറിമാരായി ജീവിതം മുഴുവൻ സമർപ്പിക്കാൻ സഹായിക്കുന്നതിന്- അവർക്ക് കഴിയും.

പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ യുവഹൃദയങ്ങളിൽ നിന്നാണു ജനിച്ചത്. ഓരോ ജനതയോടും സുവിശേഷ പ്രസംഗം നടത്താനുള്ള പിന്തുണയുടെ മാർഗമാണത്. സത്യം അറിയാൻ ദാഹിക്കുന്ന എല്ലാവർക്കും മാനുഷികവും സാംസ്കാരികവുമായ വളർച്ചയ്ക്കായി സഹായം ചെയ്യുവാനാണത്. പൊന്തിഫിക്കൽ മിഷൻ സൊസൈറ്റിയിലൂടെ പ്രാർഥനയും ഭൗതികസഹായങ്ങളും ഉദാരതയോടെ നല്കപ്പെടുകയും വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. വ്യക്തിപരമായ കാര്യങ്ങളിൽ സഹായിക്കപ്പെടുന്നവർ അവരുടെ അനുദിന ജീവിത സാഹചര്യങ്ങളിൽ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാൻ കഴിവുള്ളരാകുമെന്ന് പരിശുദ്ധ സിംഹാസനത്തിന് ഉറപ്പുണ്ടാകാൻ ആ സൊസൈറ്റികൾ സഹായിക്കുന്നു. തങ്ങൾക്ക് ഉള്ളത് എന്നതിനെക്കാൾ തങ്ങൾ ആയിരിക്കുന്നതെന്തോ അത് ഒന്നാമതായി നല്കാൻ കഴിയാത്തവിധം ദരിദ്രനായി ആരുമില്ല. ചിലിയിലെ യുവജനത്തോട് ഞാൻ പറഞ്ഞ പ്രോത്സാഹനകരമായ വാക്കുകൾ ആവർത്തിക്കട്ടെ: ‘‘ഒന്നും കൊടുക്കാനില്ലെന്നോ ആർക്കും നിങ്ങളെക്കൊണ്ട് ആവശ്യമില്ലെന്നോ നിങ്ങൾ ഒരിക്കലും വിചാരിക്കരുത്. ഏറെ ആളുകൾക്ക് നിങ്ങളെക്കൊണ്ട് ആവശ്യമുണ്ട്. ഇതിനെപ്പറ്റി ചിന്തിക്കുക! നിങ്ങളിൽ ഓരോ വ്യക്തിയും ഹൃദയത്തിൽ ഇങ്ങനെ ചിന്തിക്കണം: അനേകർക്ക് ആവശ്യമുള്ള ആളാണ് ഞാൻ’’ (യുവജനങ്ങളെ കണ്ടുമുട്ടൽ, മയ്പൂ ഷ്റൈൻ, 17 ജനുവരി 2018).

പ്രിയയുവജനമേ, മിഷനുകളുടെ മാസമായ ഈ ഒക്ടോബർ മാസത്തിൽ നിങ്ങൾക്കായുള്ള സൂനഹദോസു നടത്തും. യേശുവിനും ലോകത്തിന്റെ അതിർത്തികൾ വരെയുള്ള അവിടത്തേ മിഷനും വികാരാവേശത്തോടെ കൂടുതൽ സമർപ്പിതരായ മിഷണറി ശിഷ്യന്മാരാകാൻ ഒരിക്കൽ കൂടി നമ്മെ സഹായിക്കുന്ന ഒരവസരമായിരിക്കും അത്. നമുക്ക് എല്ലാവർക്കും വേണ്ടി മാധ്യസ്ഥ്യം വഹിക്കാനും എപ്പോഴും നമ്മോടൊപ്പം ഉണ്ടായിരിക്കാനും ശ്ലീഹന്മാരുടെ രാജ്ഞിയായ മറിയത്തോടും വിശുദ്ധ ഫ്രാൻസിസ് സേവ്യറിനോടും വിശുദ്ധ കൊച്ചുത്രേസ്യായോടും വാഴ്ത്തപ്പെട്ട പാവുളോ മന്നായോടും ഞാൻ അപേക്ഷിക്കുന്നു.

**ഫ്രാൻസിസ് മാർപാപ്പാ**

വത്തിക്കാനിൽ നിന്ന്, 20 മേയ് 2018
പെന്തെക്കോസ്താ തിരുനാൾ ദിവസം

Prot.No.1733/2018

21 September 2018

**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്**
**കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ**
**മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും**
**സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്നത്.**
**കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.**

# ഇടയലേഖനം

ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ!

രണ്ട് പ്രധാനപ്പെട്ട സമ്മേളനങ്ങളിൽ സംബന്ധിക്കുന്നതിന് സെപ്റ്റംബർ 24 -ാം തിയതി തിങ്കളാഴ്ച ഞാൻ റോമിലേക്ക് പുറപ്പെടുകയാണ്. നവംബർ 3-ാം തിയതി മാത്രമേ തിരിച്ചെത്തുകയുള്ളൂ. ആദ്യത്തെ സമ്മേളനം സെപ്റ്റംബർ 25 മുതൽ 28 വരെയുള്ളത് സഭൈക്യത്തിനു വേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റേതാണ്. ഈ കൗൺസിലിൽ ഞാനൊരു അംഗമാണെന്ന് നിങ്ങളിൽ കുറെപേർക്കെങ്കിലും അറിയാമല്ലൊ. രണ്ടാമത്തെ സമ്മേളനം ഒക്ടോബർ 3 മുതൽ 28 വരെ നടക്കുന്ന സിനഡാണ്. 'യുവജനങ്ങൾ വിശ്വാസവും ദൈവവിളി വിവേചിച്ചറിയലും' എന്നതാണ് സിനഡിന്റെ ചർച്ചാവിഷയം. സിനഡിന് വേണ്ടിയുള്ള നമ്മുടെ സഭയിലെ ഒരുക്കങ്ങളിലെല്ലാം നിങ്ങളും പങ്കാളികളായിരുന്നല്ലൊ. നമ്മുടെ സഭയിൽനിന്ന് അഭിവന്ദ്യ ജോസഫ് പണ്ടാരശ്ശേരിൽ, ജോസഫ് പാംപ്ലാനി എന്നീ പിതാക്കന്മാരും എന്നോടൊപ്പം സിനഡിൽ സംബന്ധിക്കുന്നുണ്ട്. കൂടാതെ, മലങ്കര സഭയിൽനിന്ന് അഭിവന്ദ്യ കർദ്ദിനാൾ ബസേലിയൂസ് ക്ലീമീസ് പിതാവും ലത്തീൻ സഭയിൽ നിന്ന് 5 പിതാക്കന്മാരും പങ്കെടുക്കുന്നുണ്ട്. ഈ രണ്ട് പ്രധാനപ്പെട്ട സമ്മേളനങ്ങളുടെയും, വിശിഷ്യാ സിനഡിന്റെയും വിജയത്തിനുവേണ്ടി നിങ്ങളെല്ലാവരും പ്രാർത്ഥിക്കണമെന്ന് ഞാൻ സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

അടുത്ത കാലങ്ങളിൽ ഇന്ത്യയിലെ സഭയിൽ നടന്ന ചില സംഭവങ്ങൾ സഭാമക്കളായ നിങ്ങൾക്ക് വേദനയും ആശയക്കുഴപ്പവും ഉണ്ടാക്കിയിട്ടുണ്ടെന്ന് എനിക്കറിയാം. നിങ്ങളോടൊപ്പം ഞാനും വേദനിക്കുന്നുണ്ട്. ചില കാര്യങ്ങളിൽ ചിലർ എന്നെ പരാമർശിച്ചും തങ്ങളുടെ ആശങ്കകളും അഭിപ്രായങ്ങളും പ്രകടിപ്പിച്ചിട്ടുണ്ട്. മേജർ ആർച്ചുബിഷപ്പ് എന്ന നിലയിലുള്ള എന്റെ ചുമതലകൾ എന്റെ സഹപ്രവർത്തകരോടും പരിശുദ്ധ സിംഹാസ

നത്തോടും ബന്ധപ്പെട്ട ഉന്നത സഭാശുശ്രൂഷകരോടും ആലോചിച്ചാണ് ചെയ്തുവരുന്നത്. കുറവുകളുണ്ടാകുമ്പോൾ അവ പരിഹരിക്കുവാൻ പരിശ്രമിക്കുന്നുമുണ്ട്.

തെറ്റിദ്ധാരണകളും കുറ്റപ്പെടുത്തലുകളും ഉണ്ടാവുക മനുഷ്യസഹജമാണ്. നമ്മുടെ കർത്താവും രക്ഷകനുമായ ഈശോയാണ് ഏറ്റവും അധികം തെറ്റിദ്ധരിക്കപ്പെട്ടവൻ. ഏറ്റവുമധികം കുറ്റപ്പെടുത്തപ്പെട്ടവനും അവിടുന്നു തന്നെയാണ്. പീലാത്തോസിനോടോ, ഹേറോദോസിനോടോ, തന്റെ ശിഷ്യന്മാരോടു തന്നെയുമോ എല്ലാം വെളിപ്പെടുത്തി തന്റെ ജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ അവിടുന്ന് ഒരുമ്പെട്ടതായി കാണുന്നില്ല. തന്റെ പ്രതിയോഗികളുടെ ഉപജാപങ്ങളും ഗൂഢാലോചനകളും മൂലം നിഷ്ഠൂരമായ പീഡനങ്ങൾക്കും കുരിശുമരണത്തിനും അവിടുന്ന് വിധേയനായി. ആ സഹനവും മരണവും മനുഷ്യരക്ഷയ്ക്ക് കാരണമായി തീർന്നു എന്നതാണ് നമ്മുടെ വിശ്വാസത്തിന്റെ സവിശേഷത.

ചില സമീപകാല സംഭവങ്ങൾ ചിലർക്കൊക്കെ ഉതപ്പിന് കാരണമായെന്നും മനസ്സിലാക്കുന്നു. ഉതപ്പുകളെക്കുറിച്ച് ഈശോ പറയുന്നതിപ്രകാരമാണ്: ''ദുഷ്പ്രേരണകൾ ഉണ്ടാകാതിരിക്കുക അസാദ്ധ്യം. എന്നാൽ, ആരുമൂലം അവ ഉണ്ടാകുന്നുവോ അവനു ദുരിതം'' (ലൂക്കാ 17:1). മനുഷ്യസമൂഹത്തിൽ എല്ലാക്കാലത്തും ഇടർച്ചയുണ്ടാക്കുന്ന സംഭവങ്ങൾ അരങ്ങേറിയിട്ടുണ്ട്. അതീവഗുരുതരങ്ങളായവയും സംഭവിച്ചിട്ടുണ്ട്. അതിന്റെ പേരിൽ ഇടർച്ചയ്ക്ക് കാരണമാകുന്ന സംഭവങ്ങളെ ന്യായീകരിക്കാൻ നമുക്ക് സാധിക്കുകയില്ല. ഇടർച്ചകൾ ഉണ്ടാകാതിരിക്കാൻ നാം ശ്രദ്ധിക്കുകയാണ് വേണ്ടത്.ഇടർച്ചയ്ക്കു കാരണമാകുന്ന സംഭവങ്ങളിൽ എപ്രകാരം പ്രതികരിക്കണമെന്നും പരിഹാരങ്ങൾ കാണണമെന്നും അടുത്തകാലത്തെ സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ എല്ലാവരും ചിന്തിക്കുന്നതും ആരോഗ്യകരമായ സമീപനങ്ങൾ സ്വീകരിക്കുന്നതും നന്നായിരിക്കും. ഇപ്പോൾ നടക്കുന്ന രീതികൾ സഭയുടെ സന്ദേശത്തിനോ സാക്ഷ്യത്തിനോ നിരക്കുന്നവയാണോ എന്നും പരിശോധിക്കേണ്ടിയിരിക്കുന്നു. സമൂഹത്തിലും സഭയിലും വിവാദങ്ങളൊ ഇടർച്ചകളൊ ഒക്കെ ഉണ്ടാകുമ്പോൾ നമ്മുടെ വിശ്വാസം പരീക്ഷിക്കപ്പെടുന്നുണ്ട്. എന്നാൽ, പരീക്ഷണങ്ങളിൽ പരാജയപ്പെടേണ്ടവരല്ല നമ്മൾ. ഈശോയ്ക്കും തന്റെ പരസ്യജീവിതത്തിൽ പരീക്ഷണങ്ങൾ ഉണ്ടായിരുന്നല്ലോ. നഷ്ടധൈര്യനാകാതെ തന്റെ പിതാവായ ദൈവത്തിലാശ്രയിച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പരീക്ഷണങ്ങളെയെല്ലാം വിജയത്തിന്റെ വഴിത്താരയാക്കി അവിടുന്ന് മാറ്റി. സഭയും എല്ലാക്കാലങ്ങളിലും പരീക്ഷണങ്ങളെ നേരിട്ടിട്ടുണ്ട്. ഒരു വ്യക്തിക്കോ ഏതാനും പേർക്കോ ഉണ്ടാകുന്ന വീഴ്ച സഭ മുഴുവന്റെയും വീഴ്ചയോ പരാജയമോ ആയി കാണുന്നത് ശരിയല്ല. ഇക്കാലത്ത് സഭ നേരിടുന്ന പരീക്ഷണങ്ങളെ സധൈര്യം നേരിടുവാൻ നമുക്ക് സഭയോടൊത്തു നിൽക്കാം. ഭഗ്നാശരാകാതെ വിശ്വാസത്തിൽ അടിയുറച്ച് നിന്നുകൊണ്ട് പരിശുദ്ധാത്മാവ് നൽകുന്ന പ്രത്യാശയോടെ നമുക്ക് പരീക്ഷണങ്ങളെ വിജയിക്കാം. ദൈവവ

ചനത്തിലും പ്രാർത്ഥനയിലും നാം ശക്തി സംഭരിക്കണം

ആഗസ്റ്റു മാസത്തിലെ പ്രകൃതി ദുരന്തങ്ങളെ സൃഷ്ടപ്രപഞ്ചത്തിന്റെ പരിമിതിയുടെ വെളിപ്പെടുത്തലുകളായിട്ടാണ് നാം കാണേണ്ടത്. മനുഷ്യർക്ക് രോഗങ്ങളും തെറ്റുകളും കുറ്റങ്ങളും ഒക്കെ ഉള്ളതുപോലെ പ്രപഞ്ചത്തിനും അതിന്റെ പ്രയാണത്തിൽ വ്യതിചലനങ്ങൾ ഉണ്ടാകുന്നു. അത്തരം വ്യതിചലനങ്ങളായിട്ടുവേണം ഭൂകമ്പങ്ങളെയും പ്രളയത്തെയും ഉരുൾപൊട്ടലുകളെയും ചുഴലിക്കാറ്റുകളെയും മറ്റ് സമാന പ്രതിഭാസങ്ങളേയും നാം കാണുവാൻ. മനുഷ്യരുടെ തിന്മകളും രോഗങ്ങളും നാം പരിഹരിക്കുന്നതിന് പരിശ്രമിക്കുന്നതു പോലെതന്നെ പ്രപഞ്ചത്തിനുണ്ടാകുന്ന കെടുതികളേയും ഏറ്റെടുത്ത് പരിഹാരം കണ്ടെത്തുവാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരമുള്ള എല്ലാ പരിശ്രമങ്ങളിലും ദൈവപരിപാലനയിൽ ആശ്രയിച്ച് പ്രത്യാശയോടെ സമൂഹത്തിന്റെ പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തനനിരതരാകേണ്ടവരാണ് നമ്മൾ. ക്രൈസ്തവവിശ്വാസം അതിന് നമുക്ക് ശക്തി പകരണം.

പ്രളയക്കെടുതിയിൽ സഭയുടെ എല്ലാ ഭാഗങ്ങളിലും നിന്നും ഉണ്ടായ ദുരിതാശ്വാസ പ്രവർത്തനങ്ങൾ അഭിനന്ദനീയമാണ്. അവയെക്കുറിച്ച് നിങ്ങൾ ബോധവാന്മാരാണെന്നു ഞാൻ കരുതുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് KCBC നൽകിയ ഒരു കോടി രൂപയിൽ സീറോ മലബാർ സഭയുടെ വിഹിതമായ 50 ലക്ഷം രൂപ നമ്മുടെ സാമൂഹ്യപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സ്പന്ദൻ വഴി ലഭിച്ച സംഭാവനയിൽനിന്നും നൽകിയിട്ടുണ്ട്. ബാക്കിയുള്ള തുക മുഖ്യമന്ത്രിയുടെ ഫണ്ടിലേയ്ക്ക് നൽകുന്നതായിരിക്കും. ഇതിനു പുറമെ ഇപ്പോൾ ലഭ്യമായ കണക്കനുസരിച്ച് നൂറ്റി ഒൻപത് കോടി തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി പതിനായിരത്തി മുന്നൂറ്റി എൺപത്തി നാല് (109,91,10,384) രൂപയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സീറോ മലബാർ സഭയിലെ വിവിധ രൂപതകളും ഇടവകകളും മേജർ സെമിനാരികളും സന്യാസസമൂഹങ്ങളും അത്മായ സഹോദരങ്ങളും നിർവഹിച്ചിട്ടുണ്ട് ഇനിയും ഇരുന്നൂറിൽ പരം കോടി രൂപയുടെ ദുരിതാശ്വാസ പദ്ധതികൾക്ക് വിവിധ രൂപതകളും സമർപ്പിത സമൂഹങ്ങളും പദ്ധതി തയ്യാറാക്കിയിട്ടുമുണ്ട് സഭാമക്കളുടെ കഠിനാധ്വാനവും കാരുണ്യപ്രവർത്തനങ്ങളും തുടർന്നും ഉണ്ടാകണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

എന്റെ യാത്രയും റോമിലെ ശുശ്രൂഷകളും ഫലപ്രദമായി നിർവ്വഹിക്കുന്നതിനും നിങ്ങൾ എല്ലാവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

**+ കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

# സർക്കുലർ

**18 Ch. 206-281**

പ്രിയപ്പെട്ട സഭാമക്കളേ,

നിങ്ങൾ തളരരുത്; വിശ്വാസത്തിൽ ഉറച്ചു നിൽക്കുക; മിശിഹായിൽ പ്രത്യാശയുള്ളവരാകുക; ദൈവം നമ്മോടുകൂടെയുണ്ട്.

1. സ്ലീവായുടെ വിജയം ആഘോഷിക്കുന്ന ഏലിയാ-സ്ലീവാ-മൂശേ ക്കാലം സഭാമക്കളായ നമുക്ക് പ്രതിസന്ധികളുടെ നടുവിലും ആത്മവി ശ്വാസവും പ്രത്യാശയും ശക്തിയും പകരുന്നതാണ്. പ്രതിസന്ധികളെ അതിജീവിച്ചു മുന്നേറിയതിന്റെ ചരിത്രം കൂടിയാണ് സഭയുടേത്. കുരി ശുമരണത്തിനു വിധിക്കപ്പെട്ട്, തന്നെ പരിഹസിക്കുന്നവരുടെയും കൂകി വിളിക്കുന്നവരുടെയും നടുവിലൂടെ, കുറ്റവാളിയായി മുദ്ര കുത്തപ്പെട്ട്, ശിക്ഷോപകരണമായ കുരിശ് തോളിലേറ്റി കാൽവരിമല കയറിയവന്റെ അനുയായികളാണ് നമ്മൾ. കുരിശിൽ തറയ്ക്കപ്പെട്ട് മരണവേദനയിൽ പുളയുമ്പോഴാണ് പരിഹാസത്തിന്റെ രൂക്ഷത ഈശോയ്ക്ക് അനുഭവി ക്കേണ്ടിവന്നത്. തന്റെ ദൈവിക വ്യക്തിത്വത്തോടുള്ള വെല്ലുവിളിയാ യിരുന്നു അത്.

> ''..... നിന്നെത്തന്നെ രക്ഷിക്കുക; നീ ദൈവപുത്രനാണെ ങ്കിൽ കുരിശിൽനിന്നിറങ്ങി വരുക''..... ഇവൻ മറ്റുള്ളവരെ രക്ഷിച്ചു. തന്നെത്തന്നെ രക്ഷിക്കാൻ ഇവനു സാധിക്കു ന്നില്ല. ഇവൻ ഇസ്രായേലിന്റെ രാജാവാണല്ലോ, കുരിശിൽ നിന്നിറങ്ങി വരട്ടെ. ഞങ്ങൾ ഇവനിൽ വിശ്വസിക്കാം. ഇവൻ ദൈവത്തിലാശ്രയിച്ചു. വേണമെങ്കിൽ ദൈവം ഇവനെ രക്ഷിക്കട്ടെ. ഞാൻ ദൈവപുത്രനാണ് എന്നാണല്ലോ ഇവൻ പറഞ്ഞിരുന്നത്'' (മത്തായി 27:40-43).

തന്നെ ക്രൂശിക്കയും പരിഹസിക്കയും ചെയ്തവരെക്കുറിച്ച് ഈശോ പറഞ്ഞത്: ''പിതാവേ അവരോട് ക്ഷമിക്കണമേ, അവർ ചെയ്യുന്നത് എന്തെന്ന് അവർ അറിയുന്നില്ല'' (ലൂക്ക 23:34) എന്നാണ്.

2. ശത്രുക്കളുടെ പരിഹാസാസ്ത്രങ്ങളെ ഇപ്രകാരം ക്ഷമയോടും അക്ഷോഭ്യനായും നേരിടുക മാത്രമല്ല, അവരോടു ക്ഷമിക്കണമേ

എന്നു പറഞ്ഞ് അവർക്കുവേണ്ടി ദൈവപിതാവിന്റെ പക്കൽ മാധ്യസ്ഥ്യം വഹിക്കാൻ ഒരു ദൈവത്തിനോ ദൈവത്തിന്റെ ചൈതന്യം നിറഞ്ഞവർക്കോ മാത്രമേ സാധിക്കയുള്ളു. മനുഷ്യകുലത്തോടുള്ള സ്നേഹത്തിന്റെ നിറവിൽ സ്വയംശൂന്യവത്കരിച്ച് ഈശോ ജന്മം നൽകിയതാണ് തിരുസഭ. ആ സഭയുടെ മക്കൾ തങ്ങൾക്ക് ജന്മംനൽകിയ മിശിഹായുടെ ചൈതന്യം ഉൾക്കൊണ്ട് തിന്മയുടെ കൂരമ്പുകളെ ആത്മസംയമനത്തോടെ നേരിടണം. അവിടെ പരാജയഭീതിക്കോ, നിരാശയ്ക്കോ സ്ഥാനമില്ല. കാരണം, തന്റെ ദൈവത്വവും ശക്തിയും തെളിയിച്ചുകൊണ്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ മിശിഹാ നമ്മോടൊപ്പമുണ്ട്. ''ഞാൻ ലോകവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടി ഉണ്ടായിരിക്കും'' എന്ന ഈശോയുടെ വാക്കുകൾ നമുക്കു പ്രത്യാശയും ആത്മബലവുമാണ്.

3. ക്ഷമിക്കുന്നതും ആത്മസംയമനം പാലിക്കുന്നതും ബലഹീനതയും ഭീരുത്വവുമല്ല. എന്നാൽ പകരത്തിനു പകരം പ്രവർത്തിക്കുന്നത് 'പല്ലിനു പകരം പല്ല്' എന്ന കാടൻ നീതിയാണ്; വന്യസംസ്കാരമാണ്. പ്രതികാരചിന്ത, പരനിന്ദ, ശരിയും തെറ്റും കണ്ടെത്താൻ സത്യസന്ധമായി അന്വേഷിക്കാതെ സ്വന്തം താല്പര്യമനുസരിച്ച് ശരിയെയും തെറ്റിനെയും നിശ്ചയിക്കയും അതിനെ ന്യായീകരിക്കാൻ വാദഗതികൾ നിരത്തുകയും ചെയ്യുന്നത് വികലവും അധാർമ്മികവുമാണ്. അങ്ങനെയൊരു മാധ്യമസംസ്കാരം ഇന്ന് ശക്തി പ്രാപിക്കുകയാണ്. അതിനുവേണ്ടി എന്തു നുണയും പറയാനും ഏതു പിശാചിനെയും കൂട്ടുപിടിക്കാനും മടിയില്ല. നന്മയിലേക്കും സത്യത്തിലേക്കും മാനവസാഹോദര്യത്തിലേക്കും മനുഷ്യമനസ്സുകളെ ഉയർത്താൻ ശ്രമിക്കുന്നതിനു പകരം വിദ്വേഷവും വെറുപ്പും ഭിന്നതയും സംഘർഷവും വളർത്തി സമൂഹത്തിൽ അസ്വസ്ഥതയും അച്ചടക്കരാഹിത്യവും സൃഷ്ടിക്കുന്നത് മനുഷ്യസേവനമല്ല; സാമൂഹ്യദ്രോഹമാണ്. ഇങ്ങനെയൊരു അന്തരീക്ഷത്തിൽ വളർന്നുവരുന്ന ഇളംതലമുറ ഭാവിയിൽ എങ്ങനെയായിരിക്കുമെന്നത് ആശങ്ക ജനിപ്പിക്കുന്നു.

4. സഭാമക്കളായ നമ്മൾ ജാഗ്രതയോടെ തിരിച്ചറിയേണ്ട മറ്റൊരു സത്യം ചില മേഖലകളിലെ പ്രകടമായ സഭാവിരുദ്ധ, പ്രത്യേകിച്ച് കത്തോലിക്കാസഭാവിരുദ്ധ മനോഭാവമാണ്. കത്തോലിക്കാസഭയെയോ സഭാശുശ്രൂഷകരെയോ പ്രതിക്കൂട്ടിലാക്കി കുറ്റവിചാരണ നടത്തി സമൂഹമദ്ധ്യത്തിൽ അപമാനിക്കാൻ ചില മാധ്യമങ്ങളും പ്രസ്ഥാനങ്ങളും വ്യക്തികളും അവസരം പാർത്തിരിക്കയാണെന്നു തോന്നിപ്പോകുന്നു അവരുടെ പ്രതികരണങ്ങൾ കാണുമ്പോൾ. അതിനായി ചില ക്രൈസ്തവനാമധാരികളെത്തന്നെ കൂട്ടുപിടിക്കയും ഉപകരണങ്ങളാ

ക്കുകയും ചെയ്യുന്നതായി കാണുന്നു. അവർ സഭാംഗങ്ങളായി കരുതപ്പെടുന്നെങ്കിലും പലരും സഭയിൽ അസ്വസ്ഥതകൾ സൃഷ്ടിക്കുന്നവരും സഭയുടെ ആത്മീയവും അച്ചടക്കപരവുമായ ജീവിതത്തോടും സംവിധാനങ്ങളോടും സഭാധികാരികളോടും മറുതലിച്ചു നിൽക്കുന്നവരുമാണ്. ചുരുക്കത്തിൽ സഭയോടു വിശ്വസ്തത പുലർത്താത്ത സഭാംഗങ്ങളെ കൂട്ടുപിടിച്ച് സഭയെ വിമർശിക്കുകയും സഭാധികാരികളുടെയും വിശ്വാസികളുടെയും ആത്മവീര്യം കെടുത്തുകയും തമ്മിൽ ഭിന്നത വളർത്തി സഭയെ തളർത്തുകയും ചെയ്യുന്ന തന്ത്രമാണിത്. ശരിതെറ്റുകളും തന്ത്രങ്ങളും അറിയാത്ത സാധാരണ വിശ്വാസികളെ തെറ്റുദ്ധരിപ്പിച്ച് നിസ്സംഗതയിലേക്കും സഭാവിരുദ്ധമനോഭാവത്തിലേക്കും ആനയിക്കാനുള്ള പൈശാചിക കെണിയാണിത്. ഈ കെണികളിൽ വീഴാതിരിക്കാൻ സഭാമക്കൾ ശ്രദ്ധിക്കണം.

5. സഭയിൽ എല്ലാവരും എല്ലാക്കാര്യങ്ങളും പൂർണ്ണമായും ശരിയാണെന്നോ പോരായ്മകളൊന്നുമില്ലെന്നോ അവകാശപ്പെടാനാവില്ല. സഭാമക്കൾ മനുഷ്യരാണ്. മാനുഷികമായ പരിമിതികളുള്ളവരാണ്. ചില വീഴ്ചകളും പരാജയങ്ങളും ചിലരുടെ ഭാഗത്തുനിന്നുണ്ടാകാം. അവയൊക്കെ തിരുത്തപ്പെടേണ്ടതുതന്നെ. എന്നാൽ ഒറ്റപ്പെട്ട ചില സംഭവങ്ങളുടെ പേരിൽ സഭയെ മുഴുവൻ പ്രതിക്കൂട്ടിലാക്കി ആക്രമിക്കുന്നത് ദുരുദ്ദേശപരമാണ്. മാത്രമല്ല, സംഭവങ്ങളുടെ സത്യാവസ്ഥ കണ്ടെത്താതെ ഒരാളെ വിധിക്കുന്നതും ശിക്ഷാവിധിക്കായി സമ്മർദ്ദം ചെലുത്തുന്നതും മുറവിളി കൂട്ടുന്നതും മനുഷ്യത്വരഹിതമാണ്. പൊതുജനവികാരം ഇളക്കിവിട്ട് കോടതിയെപ്പോലും സമ്മർദ്ദത്തിലാക്കി സത്യവിരുദ്ധമായ വിധി പുറപ്പെടുവിക്കാൻ ഇടയാക്കുകയും നിരപരാധികൾ ശിക്ഷിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥ സംജാതമാകുമോ എന്ന് വളരെപ്പേർക്ക് ആശങ്കയുണ്ട്. പോലീസന്വേഷണത്തിൽ നിഷ്പക്ഷത സംശയിക്കുകയും കോടതിയിൽ വിശ്വാസം നഷ്ടപ്പെടുകയും ചെയ്യുന്ന അവസ്ഥ ജനങ്ങളിൽ സുരക്ഷിതത്വബോധം ഇല്ലാതാക്കുകയും നീതി നടപ്പിലാകുമെന്നുള്ള പ്രതീക്ഷ തകർക്കുകയും ചെയ്യും. അത് ജനജീവിതത്തിൽ ഉളവാക്കുന്ന ആഘാതം വലുതായിരിക്കും.

6. എന്നാൽ ഏതു പ്രതിസന്ധികളെയും നേരിടാനും അതിജീവിക്കാനുമുള്ള ശക്തി സഭയ്ക്കുണ്ട്. അത് മാനുഷികമല്ല, ദൈവികമാണ്. ലോകാവസാനംവരെ കൂടെയുണ്ടായിരിക്കുമെന്ന് വാഗ്ദാനം ചെയ്ത കർത്താവിന്റെ സാന്നിദ്ധ്യമാണത്. അപമാനിതമായ മരണശിക്ഷയുടെ ഉപകരണമായിരുന്ന കുരിശിനെ നിത്യജീവന്റെ സന്ദേശം പകരുന്ന മഹത്വത്തിന്റെ ചിഹ്നമായി രൂപാന്തരപ്പെടുത്തിയ, പീഡനോപകരണത്തെ രക്ഷായുധമാക്കിയവന്റെ സാന്നിദ്ധ്യമാണ് നമുക്ക് പ്രത്യാശ പകരുന്നത്.

ഇവിടെ മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ടവൻ നിത്യജീവൻ നൽകുന്ന രക്ഷകനായിരിക്കുന്നു.

7. മിശിഹായുടെ തുടർച്ചയായ സഭയും അതേ അനുഭവങ്ങളിലൂടെ കടന്നുപോകണമെന്നുള്ളതും ദൈവനിയോഗമാണ്. 'ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ സ്വയം ത്യജിച്ച് അനുദിനം തന്റെ കുരിശുമെടുത്തു എന്റെ പിന്നാലെ വരട്ടെ' എന്ന കർത്താവിന്റെ ആഹ്വാനം സഭ ഏറ്റെടുക്കേണ്ട വെല്ലുവിളിയാണ്. ആരംഭം മുതൽ ഇന്നുവരെയും സഭയുടെ ചരിത്രം ഈ വെല്ലുവിളികൾ നിറഞ്ഞതാണ്. മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായരും ഉൾപ്പെടുന്ന പതിനായിരക്കണക്കിനു സഭാമക്കൾക്ക് ജീവൻ ഹോമി ക്കേണ്ടിവന്ന അതിക്രൂരമായ മതപീഡനങ്ങളെ അതിജീവിച്ച ചരിത്ര മാണ് സഭയുടേത്. തിരസ്കരണങ്ങളെയും ദുരാരോപണങ്ങളെയും ദുർവ്യാഖ്യാനങ്ങളെയും കുപ്രചരണങ്ങളെയും സഭയ്ക്കു നേരിടേണ്ടി വന്നിട്ടുണ്ട്. നരഭോജികളായും രാജ്യദ്രോഹികളായും മുദ്രകുത്തപ്പെട്ട് സഭാമക്കൾ പീഡിപ്പിക്കപ്പെട്ടിട്ടുണ്ട്. വഞ്ചനകൾക്കും ഒറ്റിക്കൊടുക്ക ലുകൾക്കും നാടുകടത്തലുകൾക്കും വിശ്വാസികൾ ഇരയായിട്ടുണ്ട്. വിശ്വാസത്തെപ്രതി ജീവനർപ്പിക്കേണ്ടിവന്ന രക്തസാക്ഷികൾ സഭയുടെ മഹത്ത്വവും ശക്തിയുമാണ്. അവർ സ്വർഗ്ഗത്തിൽ മുടിചൂടിനിൽക്കുന്ന സഭയുടെ കിരീടത്തിലെ മുത്തുകളാണ്. വിശ്വാസം സംരക്ഷിക്കാനും സത്യദൈവത്തെ ആരാധിക്കാനും സിമിത്തേരികളിലും ഭൂഗർഭാലയങ്ങ ളിലും മറ്റ് ഒളിസങ്കേതങ്ങളിലും തലമുറകൾ കഴിയേണ്ടിവന്ന പീഡിത സഭയുടെ വീരോചിത സഹനങ്ങളും സഭാചരിത്രത്തിന്റെ ഭാഗമാണ്. ചവിട്ടിത്താഴ്ത്തപ്പെടുന്ന അവസ്ഥയിൽനിന്ന് ഉയിർത്തെഴുന്നേൽക്കാ നുള്ള കരുത്ത് സഭയ്ക്കുണ്ടെന്ന് കഴിഞ്ഞകാലചരിത്രം തെളിയിക്കുന്നു. നാരകീയശക്തികൾക്ക് പ്രബലപ്പെടാനാകാത്തവിധം മിശിഹാ മൂലക്ക ല്ലായി ശ്ലീഹാന്മാരുടെ വിശ്വാസമാകുന്ന പാറയിൽ അടിസ്ഥാനമിട്ട ഭവന മാണ് തിരുസഭ. ലോകാവസാനംവരെ അവൾ നിലനിൽക്കുമെന്നത് ദൈവവചനമാണ്.

8. സഭയിൽത്തന്നെ ഉണ്ടായിട്ടുള്ള ഭിന്നിപ്പുകളും അബദ്ധ പ്രബോധ നങ്ങളും വിശ്വാസത്യാഗങ്ങളും സഭയ്ക്ക് ആഘാതമേല്പിച്ചിട്ടുണ്ട്. വിശ്വാസത്തിന്റെ പേരിൽ ഒരു കുടുംബത്തിൽത്തന്നെ ഭിന്നതകളും ശത്രുതയും ഉടലെടുക്കുമെന്നും, മാതാപിതാക്കളും മക്കളും തമ്മിൽ പോലും പോരുണ്ടാകുമെന്നും ഈശോ മുന്നറിയിപ്പു നൽകിയിട്ടുണ്ട്. ഇപ്രകാരം അകത്തുനിന്നും പുറത്തുനിന്നും സഭ പീഡിപ്പിക്കപ്പെടു മ്പോഴും കർത്താവിന്റെ വാക്കുകൾ നമുക്ക് ശക്തി പകരും.

> ''എന്നെപ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും പീഡിപ്പിക്കുകയും എല്ലാവിധ തിന്മകളും നിങ്ങൾക്കെതിരേ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾ ആനന്ദിച്ചാഹ്ലാദിക്കുവിൻ; സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും. നിങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ ഇപ്രകാരം പീഡിപ്പിച്ചിട്ടുണ്ട്'' (മത്താ. 5:11-12).

ഈശോയ്ക്കെതിരെയും വ്യാജമായ ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഭ്രാന്തനെന്നും പിശാചുബാധിതനെന്നും നിയമലംഘകനെന്നും ദൈവദൂഷകനെന്നും ജനങ്ങളെ വഴിതെറ്റിക്കുന്നവനെന്നുമൊക്കെയുള്ള ആരോപണങ്ങൾ. തന്റെ ദൈവികമായ രക്ഷാകര ദൗത്യത്തിൽനിന്ന് പിന്തിരിപ്പിച്ച് വെറും ലൗകീകനും ലോകകാര്യങ്ങളിൽ മുഴുകുന്നവനുമാകാൻ ഈശോയെ പിശാച് പ്രലോഭിപ്പിക്കുകയുണ്ടായി. ആരോപണങ്ങളും പ്രലോഭനങ്ങളുമുണ്ടാകുന്നതുകൊണ്ട്, തെറ്റുകാരനാകണമെന്നില്ല. ഇപ്രകാരമുള്ള വെല്ലുവിളികളെ നേരിടാൻ വിശ്വാസത്തിന്റെ പരിചയും ദൈവവചനമാകുന്ന വാളുമാണ് നമ്മുടെ ആയുധങ്ങൾ. കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ മലയോട് മാറി കടലിൽ ചെന്നു പതിക്കാൻ പറഞ്ഞാൽ അതു സംഭവിക്കുമെന്നു പറഞ്ഞ ഈശോ വിശ്വാസത്തിന്റെ അമാനുഷിക ശക്തിയെയാണ് അതിലൂടെ സൂചിപ്പിക്കുന്നത്. 'പ്രലോഭനങ്ങളിൽ ഉൾപ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ' എന്നുള്ള ഈശോയുടെ വാക്കുകൾ നമുക്ക് ഹൃദയത്തിൽ ഏറ്റുവാങ്ങാം.

എതിർപ്പുകളെയും പ്രതിസന്ധികളെയും അതിജീവിക്കാനും തിന്മയുടെ ശക്തിയെ ജയിക്കാനും ഈശോ ഉപവസിച്ചും പ്രാർത്ഥിച്ചും ആത്മാവിൽ നിറഞ്ഞ് ശക്തിയാർജ്ജിച്ചു. പ്രാർത്ഥനയും ഉപവാസവും വഴിയല്ലാതെ തിന്മയെ ദൂരെയകറ്റാൻ സാദ്ധ്യമല്ലെന്ന് ഈശോ നമ്മെ ഉദ്ബോധിപ്പിച്ചു. സഭ ഇന്നു നേരിടുന്ന പ്രതിസന്ധികളുടെ പിന്നിൽ തിന്മയുടെ ശക്തമായ പ്രവർത്തനമുണ്ടെന്നുള്ളത് സത്യമാണ്. വ്യക്തികളും സഭാസംവിധാനങ്ങളും സ്ഥാപനങ്ങളും തിന്മയ്ക്കടിമപ്പെടാതിരിക്കാൻ നമുക്ക് തീവ്രമായി പ്രാർത്ഥിക്കയും ഉപവാസത്താൽ നമ്മെത്തന്നെ വിശുദ്ധീകരിക്കുകയും ചെയ്യാം.

9. സഭയുടെ പ്രിയ മക്കളായ സഹോദരങ്ങളേ, വൈദികരേ, സമർപ്പിതരേ, പ്രതിസന്ധികളിൽ തളരേണ്ടവരല്ല നമ്മൾ. മിശിഹായുടെ സഹനത്തിൽ പങ്കുചേരുക എന്നത് സഭയുടെ അവകാശവും ചുമതലയുമാണ്. ഈ സഹനം പരാജയത്തിന്റേതല്ല; പരിഹാരത്തിന്റേതാണ്.

കുരിശിൽ സഹിക്കുന്ന ഈശോയിലാണ് വലത്തുവശത്തെ കള്ളൻ രക്ഷകനെ കണ്ടെത്തിയത്. കുരിശിലെ സഹനബലിയെ തന്റെ മഹത്വീകരണത്തിന്റെ സമയമായിട്ടാണ് ഈശോ കണ്ടത്. സഹനത്തിന്റെ പാരമ്യത്തിൽ ഈശോ ജീവൻ വെടിഞ്ഞപ്പോഴാണ് ''ഈ മനുഷ്യൻ തീർച്ചയായും നീതിമാനായിരുന്നു'' എന്ന് പീഡകരിൽ ഒരുവനായി കുരിശിൻ ചുവട്ടിൽ നിന്നിരുന്ന ശതാധിപൻ ഈശോയെ സാക്ഷ്യപ്പെടുത്തി വിളിച്ചുപറഞ്ഞത്. പൈശാചികശക്തികളെ ബഹിഷ്കരിക്കാൻ എന്തുകൊണ്ട് തങ്ങൾക്കു കഴിഞ്ഞില്ല എന്നുള്ള ശിഷ്യന്മാരുടെ ചോദ്യത്തിന് ഈശോയുടെ മറുപടി 'അല്പവിശ്വാസം' എന്നായിരുന്നു.

ഇന്ന് വിവിധ തലങ്ങളിൽ സഭയ്ക്കെതിരേ ആഞ്ഞടിക്കുന്ന പ്രതികൂലശക്തികളിൽനിന്ന് സഭയെ സംരക്ഷിക്കാനും തിന്മയെ ബഹിഷ്കരിക്കാനും സഭയെ ശക്തിപ്പെടുത്താനും നമ്മൾ വിശ്വാസത്തിൽ ഉറച്ചുനിൽക്കുകയും പ്രാർത്ഥിച്ച് ശക്തരാകുകയും വേണം. പുറത്തുനിന്നെന്നതിനേക്കാൾ സഭയ്ക്കുള്ളിൽനിന്നുള്ള സഭാവിരുദ്ധ പ്രവർത്തനങ്ങളാണ് സഭയ്ക്കു ഭീഷണിയാകുന്നത്. സഭാധികാരത്തെ നിർവീര്യമാക്കി സഭയിൽ ഭിന്നതയും അച്ചടക്കരാഹിത്യവും സൃഷ്ടിക്കുക എന്നതാണ് തല്പരകക്ഷികളുടെ ലക്ഷ്യം. അതിനാൽ കർത്താവിന്റെ കൃപയിൽ ആശ്രയിച്ച് ഏകമനസ്സോടെ സഭയോടും സഭാധികാരത്തോടും ചേർന്ന് നമുക്ക് വിശ്വാസത്തിൽ ഉറച്ചുനിൽക്കാം. സഭാപീഡകർക്കുവേണ്ടി നമുക്ക് ഹൃദയപൂർവ്വം പ്രാർത്ഥിക്കാം: ''പിതാവേ, അവരോട് ക്ഷമിക്കണമേ, അവർ ചെയ്യുന്നത് എന്തെന്ന് അവർ അറിയുന്നില്ല.''

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

*സെപ്റ്റംബർ 30-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാന മദ്ധ്യേ വായിക്കാനായി നല്കപ്പെട്ടത്.*

സർക്കുലർ

18 Ch. 207-282

# പ്രളയക്കെടുതിയിലായ കുട്ടനാടിന്റെ പുനർനിർമ്മിതി സഹകാരികൾക്ക് കൃതജ്ഞതയുടെ കൂപ്പുകൈ

സ്നേഹനിറഞ്ഞ വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളേ, പുനർനിർമ്മിതിയിലെ സഹകാരികളേ,

ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ മൂന്നു പ്രാവശ്യമായി ഉണ്ടായ ജലപ്രളയം കേരളചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളവയിൽ ഏറ്റവും വലുത് എന്നാണ് കരുതപ്പെടുന്നത്. ശക്തമായ മഴയും ഉരുൾപൊട്ടലുകളും വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെ കേരളത്തിലെ അണക്കെട്ടുകളെല്ലാം (33) ഒരുമിച്ചു തുറന്നുവിടേണ്ടിവന്നതുമാണ് ഇത്ര രൂക്ഷമായ വെള്ളപ്പൊക്കത്തിനു കാരണമായതെന്നാണ് പൊതുവേ വിലയിരുത്തപ്പെടുന്നത്. ഏതായാലും ഈ വെള്ളപ്പൊക്കം കേരളത്തെ വളരെ വ്യാപകമായും രൂക്ഷമായും ബാധിക്കുകയും അത്യപൂർവ്വമായ നാശനഷ്ടങ്ങൾക്കിരയാക്കുകയും ചെയ്തു. പ്രളയത്തിന്റെ കാരണങ്ങളെ ചൊല്ലിയുള്ള പഴിചാരലുകൾക്കും ആരോപണപ്രത്യാരോപണങ്ങൾക്കും വേണ്ടി സമയം വൃഥാ കളയാതെ, അനുഭവങ്ങളിൽ നിന്ന് പാഠങ്ങൾ പഠിച്ച്, നാടിന്റെ പുനർനിർമ്മിതിക്കും സുരക്ഷിത ജീവിത സാഹചര്യങ്ങൾ ഒരുക്കുന്നതിനുമായി നമുക്ക് ഒത്തുചേരാം.

ഏറ്റവും രൂക്ഷമായ പ്രളയക്കെടുതിക്ക് ഇരയാകേണ്ടിവന്നത് സമുദ്രനിരപ്പിൽ നിന്ന് രണ്ടുമീറ്റർ വരെ താഴ്ന്നുകിടക്കുന്ന കുട്ടനാടൻ പ്രദേശങ്ങളാണ്. ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ, കുട്ടനാട് താലൂക്കുകളും കോട്ടയം ജില്ലയിലെ ചങ്ങനാശേരി, കോട്ടയം താലൂക്കുകളുടെ പടിഞ്ഞാറൻ പ്രദേശങ്ങളുമാണ് ഇതിൽ പെടുന്നത്. 31 ഗ്രാമപഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന 77 ഗ്രാമങ്ങളാണ് ഇവിടെയുള്ളത്. ഏറ്റവും താഴ്ന്ന പ്രദേശങ്ങളെ ലോവർ കുട്ടനാട് എന്നും അല്പം ഉയർന്നവയെ അപ്പർ കുട്ടനാട് എന്നും വിളിക്കുന്നു. ഈ പ്രദേശങ്ങളെല്ലാം ചങ്ങനാശേരി അതിരൂപതാതിർത്തിയിൽപ്പെട്ടവയാണ്. അതിരൂപതയുടെ മൂന്നി

ലൊന്നുവരുന്ന 80-ലധികം ഇടവകകളാണ് ഈ പ്രദേശങ്ങളിലുള്ളത്. അവയെല്ലാം തന്നെ പ്രളയക്കെടുതിയിൽ നാശനഷ്ടങ്ങൾക്ക് ഇരയായിരിക്കുന്നു. മൂന്നുമാസം വരെ വെള്ളത്തിൽ മുങ്ങിക്കിടന്ന പ്രദേശങ്ങളും വീടുകളും കുട്ടനാട്ടിലുണ്ട്.

കുട്ടനാട്ടിലെ ബഹുഭൂരിപക്ഷം ആൾക്കാരും ചെറുകിട കൃഷിക്കാരോ കർഷകത്തൊഴിലാളികളോ ആണ്. മിക്കവർക്കും നാമമാത്ര ഭൂസ്വത്താണുള്ളത്. എഴുപത് ശതമാനം നെൽപ്പാടങ്ങളാണ്. പാടശേഖരങ്ങളിലൂടെ കടന്നുപോകുന്ന നിരവധി തോടുകളുടെയും ആറുകളുടെയും അതിർവരമ്പുകളിൽ നിർമ്മിക്കുന്ന മൺബണ്ടുകളാണ് ജലവിതാനത്തേക്കാൾ താഴ്ന്ന പാടങ്ങളിൽ വെള്ളം കയറാതിരിക്കാൻ സഹായിക്കുന്നത്. ബണ്ടുകളോടു ചേർത്ത് ഉയർത്തുന്ന അല്പം ഭൂമിയിലായിരിക്കും വീടുകൾ പണിയുന്നതും പച്ചക്കറി കൃഷിത്തോട്ടങ്ങളും മറ്റു ചെറുകൃഷികളും വച്ചുപിടിപ്പിക്കുന്നത്. പാടങ്ങളിലെ വെള്ളം നിരന്തരം പുറത്തേക്ക് പമ്പുചെയ്തും അകത്തേക്ക് വെള്ളം കയറാതെ ബണ്ടുകൾ സംരക്ഷിച്ചുമാണ് വീടുകളും കൃഷികളുമൊക്കെ സംരക്ഷിക്കുന്നത്.

കുട്ടനാട്ടില വിവിധ മതസമുദായങ്ങളിൽപ്പെട്ട ഒരു ലക്ഷത്തിലധികം കുടുംബങ്ങളെ വെള്ളപ്പൊക്കം ബാധിച്ചു. വീടുകളൊന്നും തന്നെ പ്രളയബാധയിൽനിന്ന് ഒഴിവാക്കപ്പെട്ടില്ല. അതുപോലെതന്നെ ദൈവാലയങ്ങൾ, സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങളും. ഈ കുടുംബങ്ങളിലെ ലക്ഷക്കണക്കിനു വരുന്ന ആളുകളെ പ്രളയത്തിൽ നിന്നു രക്ഷിച്ച് സുരക്ഷിതസ്ഥാനങ്ങളിലെത്തിച്ച് താൽക്കാലിക സംരക്ഷണം നൽകാൻ ജനങ്ങളും സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും ഐക്യദാർഢ്യത്തോടെ നടത്തിയ പ്രവർത്തനങ്ങൾ വീരോചിതമായ മനുഷ്യസേവനത്തിന്റെ ഉത്തമസാക്ഷ്യമായി. മത്സ്യത്തൊഴിലാളികളും മറ്റ് വാഹന ഉടമകളും സന്നദ്ധസേവകരും ജലവാഹനങ്ങളും കരവാഹനങ്ങളുമായെത്തി രക്ഷാപ്രവർത്തനങ്ങളിലേർപ്പെട്ടു. നൂറുകണക്കിനു ക്യാമ്പുകളിലും ഭവനങ്ങളിലുമൊക്കെയായി പുനരധിവസിച്ചവർക്ക് ഭക്ഷണം, വസ്ത്രം, മരുന്ന് തുടങ്ങിയവ എത്തിക്കുകയുണ്ടായി.

അതിരൂപതാതിർത്തിയിൽപ്പെട്ട പ്രളയബാധിത പ്രദേശങ്ങളിലെ താഴെപ്പറയുന്ന ഇനങ്ങളിലെ നാശനഷ്ടങ്ങൾ ഏകദേശം ഇപ്രകാരമാണ്:

| | |
|---|---|
| പൂർണ്ണമായി നശിച്ച വീടുകൾ | - 1068 |
| ഭാഗികമായി നശിച്ച വീടുകൾ | - 14494 |
| ടോയ്‌ലറ്റ് നഷ്ടപ്പെട്ടത് | - 15571 എണ്ണം |
| വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടത് | - 19916 കുടുംബങ്ങൾ |

| | |
|---|---|
| നെൽകൃഷി നാശം | - 27810 ഏക്കർ |
| വാഴകൃഷി നഷ്ടം | - 729971 എണ്ണം |
| കിഴങ്ങുവർഗ്ഗങ്ങളുടെ നഷ്ടം | - 13623 കുടുംബങ്ങൾക്ക് |
| പച്ചക്കറി കൃഷി നഷ്ടം | - 16149 കുടുംബങ്ങൾക്ക് |
| പശുക്കൾ നഷ്ടപ്പെട്ടത് | - 7157 |
| ആടുകൾ നഷ്ടപ്പെട്ടത് | - 5138 |
| കോഴി, താറാവ് നഷ്ടം | - 165897 |

ഇവയ്ക്കെല്ലാം കൂടി ഏകദേശം 300 കോടി രൂപയിലധികം നഷ്ടം ഉണ്ടായതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

മേൽപ്പറഞ്ഞ നഷ്ടങ്ങൾക്കുപുറമെയാണ് നിരവധി ദൈവാലയങ്ങൾ, പള്ളിമുറികൾ, സ്കൂളുകൾ, കന്യകാലയങ്ങൾ, ആശ്രമങ്ങൾ മുതലായവയ്ക്കുണ്ടായിരിക്കുന്ന നഷ്ടങ്ങൾ. അവ കൃത്യമായി കണക്കാക്കിയിട്ടില്ലെങ്കിലും ഏതാനും കോടികൾ വരും. കൂടാതെ മീൻകൃഷി തുടങ്ങിയവയുടെ നഷ്ടങ്ങളും കണക്കാക്കേണ്ടതുണ്ട്. വിശദമായ വിവരങ്ങൾ ഇനിയും ശേഖരിച്ചുകൊണ്ടിരിക്കുന്നു.

ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് ഇതുവരെ ചെലവായതിന്റെ പൂർണ്ണവിവരം ലഭിച്ചിട്ടില്ല. ലഭിച്ചവയുടെ ഏകദേശരൂപം താഴെ ചേർക്കുന്നു. താഴെപ്പറയുന്ന ഇനങ്ങളായിട്ടാണ് സഹായങ്ങൾ എത്തിച്ചിട്ടുള്ളത്: അരി, ഗോതമ്പുപൊടി, എണ്ണ, പയർ, മുളക് തുടങ്ങിയ ഭക്ഷണസാധനങ്ങൾ, കുടിവെള്ളം, സോളാർ വിളക്കുകൾ, RO പ്ലാന്റുകൾ, മറ്റ് ജലശുദ്ധീകരണ ഉപകരണങ്ങൾ, ജലസംഭരണികൾ, പാചകോപകരണങ്ങൾ, കിടപ്പ് ഉപകരണങ്ങൾ, മെത്തകൾ, വസ്ത്രങ്ങൾ തുടങ്ങിയവ. ഏകദേശം 25 കോടിയിലധികം വരുന്ന തുകയ്ക്കുള്ള നിത്യോപയോഗസാധനങ്ങൾ എത്തിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലും കേരളത്തിനുപുറത്തുമുള്ള വിവിധ രൂപതകളും രൂപതകളിലെ സാമൂഹ്യസേവനപ്രസ്ഥാനങ്ങളും മറ്റ് സന്നദ്ധസംഘടനകളും (ഉദാ. Goonj) നല്കിയ ഉദാരമായ സഹകരണങ്ങളാണ് ഇതു സാധ്യമാക്കിയത്. ഇടവകകളും സംഘടനകളും നേരിട്ട് ചെയ്ത സഹായങ്ങളുടെ കണക്ക് ശേഖരിച്ചുകൊണ്ടിരിക്കുന്നു. അതിരൂപതാകേന്ദ്രവും ചാസും സംയുക്തമായിട്ടാണ് എല്ലാ കാര്യങ്ങളും ഏകോപിപ്പിച്ചുകൊണ്ട് ദുരിതാശ്വാസ-പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കുന്നത്. മാലിന്യനിർമ്മാർജ്ജനത്തിനും പരിസരശുചീകരണത്തിനും ആയിരക്കണക്കിനു സന്നദ്ധസേവകർ വിവിധ സ്ഥലങ്ങളിൽ നിന്ന് സാധനസാമഗ്രികളുമായെത്തിയത് കുട്ടനാടിന് പുതിയ അനുഭവമായിരുന്നു. ആവശ്യമനുസരിച്ച് താത്ക്കാലിക വീടുകൾ നിർമ്മിക്കുവാനും സഹായിക്കുന്നുണ്ട്.

## പുനർനിർമ്മിതി

കുട്ടനാടിന്റെ പുനർനിർമ്മിതിക്കായി ചങ്ങനാശേരി അതിരൂപത 100 കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്നത്. മൂന്നുവർഷം കൊണ്ട് പൂർത്തിയാകുന്ന ഒരു പദ്ധതിയാണിത്. ആയിരം വീടുകൾ, ആയിരം മഴവെള്ളസംഭരണികൾ, ആയിരം ടോയ്‌ലറ്റുകൾ, മാലിന്യനിർമ്മാർജ്ജന സംവിധാനങ്ങൾ, ആടുവളർത്തൽ, പശുവളർത്തൽ, പച്ചക്കറി കൃഷിക്കുള്ള സഹായങ്ങൾ തുടങ്ങിയവയാണ് പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതി യഥാസമയം പൂർത്തിയാക്കാൻ നല്ല മനസ്സുള്ള എല്ലാവരുടെയും സഹായസഹകരണങ്ങൾ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. **53 പ്രളയബാധിത ഇടവകകളുടെ പുനർനിർമ്മിതിക്ക് സഹായിക്കുന്നതിന് ഇതര ഇടവകകൾ ഇതിനോടകം മുന്നോട്ടുവന്നിട്ടുണ്ടെന്നുള്ള വിവരവും അറിയിക്കുന്നു.**

ലഭിച്ച വിവരങ്ങളുടെ പൂർണ്ണമായ വിവരം സമയപരിമിതിമൂലം ഈ സർക്കുലറിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. സഹായങ്ങളുടെയും സഹായികളുടെയും വിശദമായ വിവരങ്ങൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.


സഹകാരികളോടുള്ള ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു. അവരെയെല്ലാവരേയും അനുസ്മരിച്ച് അതിരൂപതയിലെ എല്ലാ ഇടവകകളും ഒക്ടോബർ 14-ാം തീയതി ഞായറാഴ്ച കൃതജ്ഞതാബലിയർപ്പിച്ച് പ്രാർത്ഥിക്കണമെന്നഭ്യർത്ഥിക്കുന്നു. അതിരൂപതാതലത്തിൽ ഒക്ടോബർ 19-ാം തീയതി രാവിലെ 9:30 ന് ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ കൃതജ്ഞതാബലിയും തുടർന്ന് ശില്പശാലയും ഉച്ചകഴിഞ്ഞ് പൊതുസമ്മേളനവും ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തവർക്ക് അനുമോദനവും സംഘടിപ്പിക്കുന്നതാണ്. കുട്ടനാടിന്റെ നിർമ്മിതിയെക്കുറിച്ചുള്ള അതിരൂപതയുടെ കാഴ്ചപ്പാടും നിർദ്ദേശങ്ങളും അന്ന് ഔദ്യോഗികമായി സർക്കാരിന് സമർപ്പിക്കുന്നതാണ്. എല്ലാവരുടേയും സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

*ഈ സർക്കുലർ ഒക്ടോബർ 7-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*




## I
## വൈദികസമ്മേളനം

ഈ വർഷത്തെ രണ്ടാമത്തെ വൈദികസമ്മേളനം (Presbyterium) നവംബർ മാസം 20 -ാം തീയതി ചൊവ്വാഴ്ച രാവിലെ 9:45 ന് അതിരൂപതാകേന്ദ്രത്തിലെ മാർ ജയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെടുന്നു. ചങ്ങനാശ്ശേരി അതിരൂപതാ വൈദികർ മാത്രം പങ്കെടുക്കേണ്ട സമ്മേളനമാണിത്. ഇടവകയുടെ ചുമതലയുള്ള  സന്യസ്തവൈദികരും മറ്റ് രൂപതകളിൽ നിന്നും  ഈ അതിരൂപതയിൽ സേവനം ചെയ്യുന്ന വൈദികരും ഏപ്രിൽ മാസത്തിൽ നടക്കുന്ന വൈദികസമ്മേളനത്തിൽ പങ്കെടുത്താൽ മതിയാകും.

## II
## കുട്ടനാടിന്റെ നവസൃഷ്ടി: കൃതജ്ഞതാ സമർപ്പണവും വികസന ശില്പശാലയും

ഒക്ടോബർ 19 വെള്ളിയാഴ്ച രാവിലെ 9:30 ന് ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ ക്രമീകരിച്ചിരിക്കുന്ന വി. കുർബാനയിലും തുടർന്നു നടക്കുന്ന ശില്പശാലയിലും അതിരൂപതയിലെ മുഴുവൻ വൈദികരും സന്യാസ സഭയിലെ സുപ്പീരിയർ ജനറൽമാരും, പ്രൊവിൻഷ്യൽമാരും, പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും, ആലപ്പുഴ, എടത്വാ, ചമ്പക്കുളം, പുളിങ്കുന്ന്, കുടമാളൂർ, ചങ്ങനാശേരി, തുരുത്തി ഫൊറോനകളിലെ ഫൊറോന കൗൺസിൽ അംഗങ്ങളും അതിരൂപതാംഗങ്ങളായ ത്രിതലപഞ്ചായത്ത് അംഗങ്ങളും കൈക്കാരന്മാരുടെ പ്രതിനിധികളും പങ്കെടുക്കേണ്ടതാണ്.

ഉച്ചകഴിഞ്ഞ് 1:45 ന് നടക്കുന്ന പൊതുസമ്മേളനത്തിൽ മുകളിൽ പറഞ്ഞവർ കൂടാതെ കുറുമ്പനാടം, തൃക്കൊടിത്താനം, മണിമല, നെടുങ്കുന്നം, അതിരമ്പുഴ ഫൊറോനകളിലെ ഇടവകകളിൽ നിന്നുള്ള 10 പ്രതിനിധികൾ വീതവും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരുടേയും ക്യാമ്പുകൾ സംഘടിപ്പിച്ചവരുടേയും പ്രതിനിധികളും, എല്ലാ സംഘടനകളുടേയും അതിരൂപതാ ഫൊറോനാ ഭാരവാഹികളും പങ്കെടുക്കേണ്ടതാണ്.

## III
## മിഷൻ ഞായർ

ഈ വർഷത്തെ മിഷൻ ഞായർ ഒക്ടോബർ മാസം 21-ാം തീയതിയാണ്. ഈശോയുടെ സുവിശേഷം യുവജനങ്ങൾക്കും അവരിലൂടെ ലോകത്തിനും നൽകുവാനുള്ള ഉത്തരവാദിത്വം വിശ്വാസത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കുവാനും സ്വീകരിക്കുവാനുമുള്ള കർമ്മപദ്ധതികൾ ഇടവകകൾ തോറും ക്രമീകരിക്കുവാൻ പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പ ഉദ്ബോധിപ്പിക്കുന്നു. ആഗോള മിഷൻദിന സന്ദേശത്തിൽ പിതാവ് ആവശ്യപ്പെടുന്നതുപോലെ 'നമുക്ക് യുവജനങ്ങളോടൊപ്പം എല്ലാവർക്കും സുവിശേഷം എത്തിച്ചുകൊടുക്കാം.'

മിഷൻ ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച 2018 ഒക്ടോബർ 31 നു മുമ്പായി അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.

## IV
## ദൈവാലയ ഗായകസംഘസംഗമം

അതിരൂപതയിലെ ഗായകസംഘങ്ങളെ ഒരുമിച്ചുചേർക്കാനും അവർക്കുവേണ്ട പ്രബോധനം, പരിശീലനം എന്നിവ നൽകാനുമുള്ള അഭിവന്ദ്യ പിതാവിന്റെ ആഗ്രഹപ്രകാരം അതിരൂപതാ ലിറ്റർജിക്കൽ അപ്പോസ്തലേറ്റ് - ലിറ്റർജിക്കൽ മ്യൂസിക് ഡിപ്പാർട്ടുമെന്റുകളുടെ നേതൃത്വത്തിൽ ദൈവാലയ ഗായകസംഘങ്ങൾക്കായി പരിശീലനപരിപാടി സംഘടിപ്പിച്ചിരിക്കുന്നു. ഗായകസംഘാംഗങ്ങളെ ഈ പരിപാടിയിൽ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കേണ്ടതാണ്.

**സമയം:** ശനിയാഴ്ചകളിൽ ഉച്ചകഴിഞ്ഞ് 2 മുതൽ വൈകുന്നേരം 6 വരെ
**പങ്കെടുക്കേണ്ടത്:** ഒരു ഇടവകയിൽനിന്നും 6 പേർ (സൺഡേസ്ക്കൂൾ കുട്ടികളുടെ ക്വയറിൽ നേതൃത്വം കൊടുക്കുന്ന ആൾ ഉൾപ്പെടെ).

| **തീയതി** | **ഫൊറോനകൾ** | **സ്ഥലം** |
|---|---|---|
| ഒക്ടോബർ 20 ശനി | ചങ്ങനാശ്ശേരി - തൃക്കൊടിത്താനം | ചങ്ങനാശ്ശേരി |
| ഒക്ടോബർ 27 ശനി | കോട്ടയം-കുടമാളൂർ-അതിരമ്പുഴ | കോട്ടയം |
| നവംബർ 3 ശനി | കുറുമ്പനാടം-തുരുത്തി | കുറുമ്പനാടം |
| നവംബർ 10 ശനി | കൊല്ലം-തിരുവനന്തപുരം-അമ്പൂരി (സമയം: 9:30 a.m. - 1:30 p.m.) | തിരുവനന്തപുരം |
| നവംബർ 17 ശനി | മണിമല-നെടുംകുന്നം | നെടുംകുന്നം |
| നവംബർ 24 ശനി | പുളിങ്കുന്ന്-ആലപ്പുഴ | പുളിങ്കുന്ന് |
| ഡിസംബർ 1 ശനി | ചമ്പക്കുളം-എടത്വാ | എടത്വാ |

1. *നിശ്ചയിക്കപ്പെട്ടിരിക്കുന്ന പരിശീലനപരിപാടിയിൽ പങ്കെടുക്കാൻ സാധിക്കാത്തവരെ മറ്റേതെങ്കിലും ഒന്നിൽ പങ്കെടുപ്പിക്കാൻ ബ. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.*
2. *രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 50 രൂപാ വീതം ഓരോ ഇടവകയുടെയും സാമ്പത്തിക കാര്യാലയത്തിൽനിന്നും ചിലവഴിക്കേണ്ടതാണ്.*
3. *സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നവരും പങ്കെടുക്കണം. പങ്കെടുക്കുന്നവരുടെ എണ്ണം അതാതു ഫൊറോനാ സെക്രട്ടറിമാരെ മുൻകൂട്ടി അറിയിക്കുക.*

# കുട്ടനാടിന്റെ നവസൃഷ്ടി:
## കൃതജ്ഞതാ സമർപ്പണവും വികസന ശില്പശാലയും

പ്രിയമുള്ളവരെ,

2018 ജൂലൈ ആഗസ്റ്റ് മാസങ്ങളിലുണ്ടായ പ്രകൃതിദുരന്തങ്ങളിലും മഹാപ്രളയത്തിലും തകർന്ന കുട്ടനാടിന്റെ പുനർനിർമിതിക്കായി നാമെല്ലാവരും കൂട്ടായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണല്ലോ. ഈ കാലഘട്ടങ്ങളിൽ നമുക്ക് ലഭിച്ച ദൈവകൃപയ്ക്ക് നന്ദി പറയുന്നതിനും രക്ഷാ-പുനരധിവാസ പ്രവർത്തനങ്ങളിൽ പങ്കാളികളായവരെ ആദരിക്കുന്നതിനും കുട്ടനാടിന്റെ ഭാവി വികസനത്തിനുള്ള കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിനും നാം അതിരൂപതാ തലത്തിൽ ഒത്തുചേരുകയാണ്. ഈ സംഗമത്തിൽ പങ്കെടുക്കേണ്ടവരുടെ പേരുവിവരങ്ങൾ ഈ ലക്കത്തിലെ കച്ചേരി കാര്യത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സ്ഥലം: ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി**
**സമയം: ഒക്ടോബർ 19 വെള്ളി രാവിലെ 09.30 മുതൽ 04.00 മണിവരെ**

## കാര്യപരിപാടികൾ

09:30 a.m. : **അഭിവന്ദ്യ പിതാക്കന്മാരും**
**അതിരൂപതയിലെ മുഴുവൻ വൈദികരും**
**പങ്കെടുക്കുന്ന സമൂഹബലി**

11:00 a.m. : **വിദഗ്ധർ നയിക്കുന്ന ശില്പശാല**
വിഷയം: '**പ്രളയാനന്തര കുട്ടനാട് – വികസന കാഴ്ചപ്പാടുകൾ**'

01:00 p.m. : **സ്നേഹവിരുന്ന്**

01:45 p.m. : **പൊതുസമ്മേളനം**
**അഭിവന്ദ്യ പിതാക്കന്മാരും ബഹുമാനപ്പെട്ട മന്ത്രിമാരും**
**ജനപ്രതിനിധികളും പങ്കെടുക്കുന്നു**

- കുട്ടനാടിനുവേണ്ടിയുള്ള 100കോടിരൂപാ പദ്ധതിയുടെ വിശദാംശ പ്രഖ്യാപനം
- മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായനിധി സമർപ്പണം
- കുട്ടനാടിന്റെ പുനർനിർമിതിക്ക് അതിരൂപതയുടെ ശുപാർശകൾ കൈമാറൽ
- സന്നദ്ധപ്രവർത്തകരെ ആദരിക്കൽ തുടങ്ങിയവയും ക്രമീകരിച്ചിട്ടുള്ളതാണ് ഈ സംരംഭത്തോട് പൂർണമനസ്സോടെ സഹകരിച്ച് പരിപാടികൾ വിജയിപ്പിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

**റവ. ഡോ. ഫിലിപ്സ് വടക്കേക്കളം**
ജനറൽ കൺവീനർ

## പാസ്റ്ററൽ കൗൺസിൽ പ്രത്യേകസമ്മേളനം - റിപ്പോർട്ട്

പാസ്റ്ററൽ കൗൺസിലിന്റെ ഒരു പ്രത്യേക സമ്മേളനം 2018 സെപ്റ്റംബർ 15 ശനിയാഴ്ച രാവിലെ 10 മുതൽ 1:30 വരെ ചങ്ങനാശേരി എസ്.ബി. കോളജിലെ അതിരൂപത ജൂബിലി ഹാളിൽ നടന്നു. പ്രളയാനന്തര ദുരിതാശ്വാസ – പുനരധിവാസ പ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും സ്വവർഗ്ഗലൈംഗികതയെ സംബന്ധിച്ച സുപ്രീംകോടതി വിധി പഠിക്കുന്നതിനും മനസിലാക്കുന്നതിനുമാണ് പ്രത്യേകം സമ്മേളനം കൂടിയത്.

റവ. സി. ഫിലോജോസ് എസ്.എച്ച്. നയിച്ച പ്രാർത്ഥനാ ശുശ്രൂഷയോടെ ആരംഭിച്ച യോഗത്തിന് മാർ തോമസ് തറയിൽ സ്വാഗതം ആശംസിച്ചു. പ്രളയാനന്തരകേരളം മുന്നോട്ട് നീങ്ങുന്ന അവസരത്തിൽ പാസ്റ്ററൽ കൗൺസിലംഗങ്ങൾ ഒരുമിച്ച് കൂടിയത് അർത്ഥവത്താണെന്നും പ്രളയകാലത്തെ സഭയുടെ ശുശ്രൂഷകൾ ക്രൈസ്തവസാക്ഷ്യം വെളിവാക്കുന്നതിന് ഇടയായെന്നും പിതാവ് പറഞ്ഞു. കൂടെ സഞ്ചരിച്ചുകൊണ്ട്, ഉള്ളിൽനിന്ന് എല്ലാറ്റിനെയും അസ്ഥിരപ്പെടുത്താൻ ശ്രമിക്കുന്ന ശക്തികളെ തിരിച്ചറിയാനും അവയ്ക്കെതിരെ ജാഗ്രത പുലർത്താനും സഭാംഗങ്ങൾക്ക് കഴിയണമെന്ന് പിതാവ് കൂട്ടിച്ചേർത്തു.

മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. അപ്രതീക്ഷിതമായുണ്ടായ ജലപ്രളയം എല്ലാവർക്കും പങ്കുവയ്ക്കലിന്റെയും കൂട്ടായ്മയുടേയും സഹകരണത്തിന്റെയും മനോഭാവങ്ങളെ പ്രകാശിതമാക്കാൻ ഇടയാക്കിയെന്ന് അഭി. പിതാവ് അഭിപ്രായപ്പെട്ടു. നവകേരള സൃഷ്ടിക്കായി പരിശ്രമിക്കുന്ന ഈയവസരത്തിൽതന്നെ ആത്മീയതയിലെ പ്രകടനാത്മകത വെടിഞ്ഞ് ആത്മീയ പുനഃസൃഷ്ടിക്കായി കൂടി യത്നിക്കുവാൻ പിതാവ് ഏവരേയും ആഹ്വാനം ചെയ്തു.

വെള്ളപ്പൊക്കമുണ്ടായ അവസരത്തിൽ അതിരൂപത നടത്തിയ രക്ഷാപ്രവർത്തനങ്ങളേയും ദുരിതാശ്വാസ പ്രവർത്തനങ്ങളേയും പുനരധിവാസ പ്രവർത്തനങ്ങളേയും കുറിച്ച് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന ചാസ് ഡയറക്ടർ റവ. ഫാ. ജോസഫ് കളരിക്കൽ വിവരിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ അംഗങ്ങൾ സജീവമായി  പങ്കെടുത്ത് നിർദ്ദേശങ്ങൾ അവതരിപ്പിച്ചു. രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസപ്രവർത്തനങ്ങളിലും നേതൃത്വം നൽകുകയും പങ്കുചേരുകയും ചെയ്ത വൈദീകരേയും സന്യസ്തരേയും അൽമായസഹോദരങ്ങളേയും യോഗം അഭിനന്ദിക്കുകയും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

സ്വവർഗ്ഗലൈംഗികതയെ സംബന്ധിച്ചുണ്ടായ സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ സ്വവർഗ്ഗലൈംഗികത കത്തോലിക്കാ-ധാർമ്മിക സമീപനം എന്ന വിഷയത്തിൽ റവ. ഡോ. സ്കറിയ കന്യാക്കോണിൽ (വൈസ് പ്രസിഡന്റ്, പൗരസ്ത്യ വിദ്യാപീഠം, വടവാതൂർ), സ്വവർഗ്ഗലൈംഗികത: നിയമവശങ്ങളും സുപ്രീം കോടതി വിധികളും എന്ന വിഷയത്തിൽ അഡ്വ. ലിറ്റോ പാലത്തിങ്കൽ (എറണാകുളം) എന്നിവർ ക്ലാസ് നയിച്ചു. ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച അംഗങ്ങളുടെ സംശയങ്ങൾക്ക് ഇരുവരും വിശദീകരണങ്ങൾ നൽകി. ചർച്ച ഉപസംഹരിച്ചുകൊണ്ട് വികാരി ജനറാൾ മോൺ ജോസഫ് മുണ്ടകത്തിൽ സംസാരിച്ചു.

അതിരൂപതാ ഉന്നതവിദ്യാഭ്യാസ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഇടവകകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ഓപ്പൺ സ്കിൽ അക്വിസിഷൻ (OSAP) പ്രോഗ്രാം ഡയറക്ടർ ഡോ. പി. സി. അനിയൻകുഞ്ഞ് അവതരിപ്പിച്ചു. തുടർക്രമീകരണങ്ങൾക്കായി ഡോ. ജോച്ചൻ ജോസഫ്, ശ്രീ. ബിനു കണ്ണന്താനം, റവ. സി. മേഴ്സി നെടുമ്പുറം എസ്എബിഎസ്, ഡോ. റജിമോൾ സി. ചെറിയാൻ, ഒരു വൈദികൻ (പിതാവ് നിർദ്ദേശിക്കുന്നപ്രകാരം) എന്നിവരടങ്ങുന്ന സബ്കമ്മറ്റിയെ യോഗം ചുമതലപ്പെടുത്തി.

മികച്ച മുഖപ്രസംഗത്തിനുള്ള കോഴിക്കോട് പ്രസ്ക്ലബിന്റെ തെരുവത്ത് രാമൻ അവാർഡ് നേടിയ ശ്രീ. സെർജി ആന്റണിയെ യോഗം അനുമോദിക്കുകയും അഭി. പെരുന്തോട്ടം പിതാവ് സമ്മാനങ്ങൾ നൽകുകയും ചെയ്തു.

2018 ജൂലൈ 7-ാം തീയതി നടന്ന പാസ്റ്ററൽ കൗൺസിൽ കുടുംബസംഗമത്തിന്റെ റിപ്പോർട്ട് സെക്രട്ടറി ഡോ. സോണി കണ്ടങ്കരി അവതരിപ്പിച്ചു. ശ്രീമതി പ്രിൻസി ആന്റണിയുടെ മാതാവ് സിസിലി ആന്റണി, ശ്രീ. ജയിംസ് കെ. മാളേക്കലിൻെറ പിതാവും മുൻ പാസ്റ്ററൽ കൗൺസിൽ അംഗവുമായിരുന്ന എം. വി. കുര്യാക്കോസ് സാർ, ശ്രീ. സാബു മാത്യുവിന്റെ മാതാവ് കെ. സി. ത്രേസ്യാമ്മ ടീച്ചർ എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചിക്കുകയും ആദരസൂചകമായി മൗനമാചരിക്കുകയും ചെയ്തു. സമ്മേളനത്തിന് സെക്രട്ടറി കൃതഞ്ജത അർപ്പിച്ചു. അതിരൂപത ആന്തത്തോടെ യോഗം സമംഗളം പര്യവസാനിച്ചു.

സ്നേഹപൂർവ്വം,

**ശ്രീ. ജോസ് ആനിത്തോട്ടത്തിൽ**
(അസി. സെക്രട്ടറി)

**ഡോ. സോണി കണ്ടങ്കരി**
(പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി)

## കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിലെ ഒക്ടോബർ മാസത്തിലെ പ്രോഗ്രാം

| | | |
|---|---|---|
| ഒക്ടോബർ | 1–3 | വിവാഹ ഒരുക്ക ധ്യാനം |
| | 5–7 | ആന്തരികസൗഖ്യ ധ്യാനം (വെള്ളി 8 a.m. – ഞായർ 3 p.m.) |
| | 8–10 | വിവാഹ ഒരുക്ക ധ്യാനം |
| | 10 | നിശാരാധന (6 p.m. – 10 p.m.) |
| | 12–14 | യുവജനധ്യാനം (വെള്ളി 5.30 p.m. – ഞായർ 4 p.m. 11, 12 ക്ലാസുകളിലെ കുട്ടികൾക്കായി) |
| | 13 | സോണൽ ഉപദേശകസമിതി മീറ്റിംഗ് (2 p.m. – 5 p.m.) |
| | 17–19 | സൺഡേസ്ക്കൂൾ അദ്ധ്യാപക ധ്യാനം |
| | 18 | അഖണ്ഡ ജപമാല (10 a.m. – 2 p.m.) |
| | 25 | ജാഗരണപ്രാർത്ഥന |
| | 26–30 | വിശ്വാസാനുഭവധ്യാനം (വെള്ളി 5 p.m. – ചൊവ്വ 2 p.m.) |

**ഫാ. മാത്യു താന്നിയത്ത്**, *ഡയറക്ടർ*, 9446903631

## ദൈവദാസൻ മാർ മാത്യു കാവുകാട്ടുപിതാവിന്റെ

# 49-ാം ചരമവാർഷികം

**2018 ഒക്ടോബർ 9 ചൊവ്വ**

**രാവിലെ മുതൽ കത്തീഡ്രൽ ഇടവകയിലെ വിവിധ വാർഡുകളുടെയും കുരിശുപള്ളികളുടെയും നേതൃത്വത്തിൽ കബറിടത്തിലേയ്ക്ക്**

## തീർത്ഥയാത്ര

| | |
|---|---|
| 5:30 a.m. | **വി. കുർബാന, സന്ദേശം**<br>**ആർച്ചുബിഷപ്പ് മാർ ജോർജ് കോച്ചേരി**<br>(വത്തിക്കാൻ സ്ഥാനപതി, ബംഗ്ലാദേശ്)<br>**റവ. ഡോ. ജേക്കബ് കൂരോത്ത്**<br>**വെരി. റവ. ഫാ. കുര്യൻ പുത്തൻപുര**<br>ഗായകസംഘം: കത്തീഡ്രൽ |
| 7.00 a.m. | **വി. കുർബാന**<br>**റവ. ഡോ. ജോസഫ് കൊല്ലാറ**<br>**റവ. ഫാ. തോമസ് പ്ലാപ്പറമ്പിൽ**<br>**റവ. ഡോ. റ്റോം കൈനിക്കര**<br>**റവ. ഫാ. ആന്റണി ആനക്കല്ലുങ്കൽ**<br>ഗായകസംഘം: CMC സിസ്റ്റേഴ്സ് |
| 9.30 a.m. | **വി. കുർബാന**<br>**റവ. ഡോ ജോൺ തടത്തിൽ**<br>**റവ. ഫാ. ആന്റണി പോരൂക്കര**<br>**റവ. ഫാ. ഫിലിപ്പ് വൈക്കത്തുകാരൻ**<br>ഗായകസംഘം: SABS സിസ്റ്റേഴ്സ്<br>സന്ദേശം: **ആർച്ചുബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ** |
| 11.00 a.m. | **വി. കുർബാന**<br>**ബിഷപ്പ് മാർ തോമസ് തറയിൽ**<br>**റവ. ഫാ. ജോർജ് കൊച്ചുപറമ്പിൽ**<br>**റവ. ഡോ. മാത്യു മഠത്തിക്കുന്നേൽ**<br>ഗായകസംഘം–കത്തീഡ്രൽ |
| 12:15 p.m. | നേർച്ച വെഞ്ചരിപ്പ് |
| 1:00 p.m. | വി. കുർബാന: **നവ വൈദികർ**<br>സന്ദേശം: **റവ. ഫാ. ദേവസ്യ പുതുപ്പറമ്പിൽ** (ബർസാർ, മീഡിയാ വില്ലേജ്)<br>ഗായകസംഘം– FCC സിസ്റ്റേഴ്സ് |
| 3:00 p.m. | **വി. കുർബാന, സന്ദേശം**<br>**റവ. ഫാ. സെബാസ്റ്റ്യൻ അട്ടിച്ചിറ** CMI (സുപ്പീരിയർ ചെത്തിപ്പുഴ ആശ്രമം) |
| 4:45 p.m. | **വി. കുർബാന** (സുറിയാനിയിൽ)<br>**റവ. ഫാ. ജോസ് പി. കൊട്ടാരം** |

## സ്വവർഗരതി നിയമവിധേയമാക്കിയതിൽ ആശങ്ക രേഖപ്പെടുത്തി

സ്വവർഗരതിയെ കുറ്റകരമായി കണ്ടിരുന്ന ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 377-ാം വകുപ്പ് ഭാഗീകമായി ഭേദഗതി ചെയ്ത്, ഉഭയ സമ്മതത്തോടെയുള്ള ഇത്തരം പ്രവർത്തികൾ കുറ്റകരമല്ലെന്ന ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ സമീപകാല വിധിയിൽ അതിരൂപതാ പബ്ലിക് റിലേഷൻസ് ജാഗ്രതാസമിതി ആശങ്ക രേഖപ്പെടുത്തി. ഈ വിധി സമൂഹത്തിന്റെ പൊതു ധാർമികതയെ ദോഷകരമായി ബാധിക്കുമെന്നും കുട്ടികളും യുവജനങ്ങളും ഇത്തരം വൈകൃതങ്ങൾ ലാഘവബുദ്ധിയോടെ കാണുവാൻ ഇടയാക്കുമെന്നും നിയമഭേദഗതികളിലെ ഇത്തരം പ്രവണതകളെ അതീവഗൗരവത്തോടെയും ജാഗ്രതയോടെയും കാണേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു. വ്യക്തിയുടെ സ്വാതന്ത്ര്യം മാനിക്കുന്നതിനൊപ്പം സമൂഹത്തിന്റെ പൊതുനന്മയും ധാർമികമൂല്യങ്ങളും നിയമനിർമ്മാണങ്ങളിലും കോടതി വിധികളിലും പ്രതിഫലിക്കണമെന്നും സമിതി നിരീക്ഷിച്ചു.

## ജലന്ധർ വിഷയത്തിലെ വ്യാജ മാധ്യമ പ്രചരണങ്ങൾക്കെതിരെ പ്രതികരിച്ചു

പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് സബ്ജയിലിൽ കഴിയുന്ന ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെ സന്ദർശിച്ചുവെന്ന വ്യാജവാർത്ത പ്രചരിപ്പിച്ച കേരളത്തിലെ മുഖ്യധാരാ ചാനലുകളുടെ നിലപാട് അത്യന്തം അപലപനീയമാണെന്ന് അതിരൂപതാ പബ്ലിക് റിലേഷൻസ് ജാഗ്രതാ സമിതി അഭിപ്രായപ്പെട്ടു. ആധികാരികതയില്ലാത്ത ശ്രോതസ്സിൽനിന്ന് ലഭിച്ച ഈ വ്യാജവാർത്ത പ്രചരിപ്പിക്കുന്നതിന് മാധ്യമങ്ങൾ കാട്ടിയ തിടുക്കവും ഉത്സാഹവും മാധ്യമങ്ങളുടെ കത്തോലിക്കാ സഭാവിരുദ്ധ നിലപാടുകളുടെ വ്യക്തമായ സൂചനയാണെന്നും സമിതി നിരീക്ഷിച്ചു.

സഭാധികാരികൾക്കെതിരെ ഉണ്ടാകുന്ന ഒറ്റപ്പെട്ട ആരോപണങ്ങൾ അവസരമാക്കി സഭയ്ക്കെതിരെ അപവാദങ്ങൾ പ്രചരിപ്പിക്കുന്ന മാധ്യമങ്ങളുടെ രഹസ്യ അജണ്ടകൾ വിശ്വാസി സമൂഹം തിരിച്ചറിയേണ്ടതുണ്ട്. ഇത്തരം പ്രവണതകൾ നിർഭാഗ്യകരമാണെന്നും ചാനൽ-പത്രമാധ്യമങ്ങൾ സത്യസന്ധമായും നിഷ്പക്ഷമായും ഉത്തരവാദിത്വപൂർണ്ണമായ മാധ്യമധർമ്മം നിർവഹിക്കണമെന്നും സഭയ്ക്കെതിരെയുള്ള സത്യവിരുദ്ധമായ പ്രചരണങ്ങൾ അവസാനിപ്പിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഒ.

**ഫാ. ആന്റണി തലച്ചെല്ലൂർ**
കോ-ഓർഡിനേറ്റർ

മിശിഹായിൽ സ്നേഹമുള്ളവരേ,

വിശ്വാസം പ്രതിസന്ധികളെ അഭിമുഖീകരിക്കുന്ന ഈ കാലഘട്ടത്തിൽ, സ്ലീവായാൽ ഈ ഭൂമിയിലെ തിന്മയുടെമേൽ വിജയം വരിച്ച മിശിഹാ നമുക്ക് ജീവിതങ്ങൾക്ക് ബലം നല്കട്ടെ. പ്രതിസന്ധികൾ നമ്മുടെ വിശ്വാസത്തെ തളർത്തുകയല്ല, വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടാനും, പ്രതിബന്ധങ്ങളെ അതിജീവിക്കുന്നതിൽ പ്രാപ്തരാക്കുവാനും നമ്മെ സഹായിക്കണം. ആയതിനാൽ വർദ്ധിച്ച ഉത്സാഹത്തോടെയും തീഷ്ണതയോടെയും കൂടി വിശ്വാസം പരിശീലിക്കുവാനും, പരിശീലിപ്പിക്കുവാനും നമുക്ക് ഒന്നു ചേർന്ന് പരിശ്രമിക്കാം.

ഈശോയിൽ സ്നേഹപൂർവ്വം,

**ജോബിനച്ചൻ & അനീഷച്ചൻ**

## ഒക്ടോബർ

| | | |
|---|---|---|
| 1 തിങ്കൾ | : | വി. കൊച്ചുത്രേസ്യാ |
| 2 ചൊവ്വാ | : | MCC ക്ലാസ്സ് |
| 6 ശനി | : | CLT ക്ലാസ്സ് |
| 11 വ്യാഴം | : | Recollection day for Office Staff (ഓഫീസ് അവധി) |
| 13 ശനി | : | CLT ക്ലാസ്സ്, MCC ക്ലാസ്സ്<br>**വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന സെമിനാർ**<br>(തിരുവനന്തപുരം - 9:30 am to 4:00 pm) |
| 17 ബുധൻ | : | **CLT ധ്യാനം വൈകുന്നേരം 5.00 ന് ആരംഭിച്ച് 19-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 1.00 ന് അവസാനിക്കുന്നു.** (സെഹിയോൻ കുന്നന്താനം ധ്യാനകേന്ദ്രത്തിൽ വച്ച്) |
| 18 വ്യാഴം | : | **വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന സെമിനാർ -** പുളികുന്ന് ഫൊറോന |
| 19 വെള്ളി | : | MCC ക്ലാസ്സ് |
| 20 ശനി | : | **BCT Day Scholar Batch** 2 ഒന്നാം ദിവസം |
| 21 ഞായർ | : | നെടുംകുന്നം, മണിമല, തൃക്കൊടിത്താനം ഫൊറോനകളിലെ XII ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായുള്ള പ്രതിഭാസംഗമം |
| 27 ശനി | : | CLT ക്ലാസ്സ്<br>**വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന സെമിനാർ**<br>(അമ്പൂരി 9:30 am to 4:00 pm) |

## നവംബർ

| | | |
|---|---|---|
| 3 ശനി | : | CLT ക്ലാസ്സ്<br>വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന സെമിനാർ<br>(കൊല്ലം - ആയൂർ 9:30 am to 4:00 pm) |
| 6 ചൊവ്വാ | : | **BCT Day Scholar Batch** 2 രണ്ടാം ദിവസം |
| 10 ശനി | : | CLT ക്ലാസ്സ് , MCC ക്ലാസ്സ് |

**വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന സെമിനാർ**
(ചങ്ങനാശേരി 9:30 am to 4:00 pm)

## ഒന്നാം ടേം പരീക്ഷ നവംബർ 11ന്

ഒക്ടോബർ 7 ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന ഒന്നാം ടേം പരീക്ഷ നവംബർ 11 ലേയ്ക്ക് മാറ്റിയിരിക്കുന്നു. ഒന്നാം ടേമിലെ സിലബസിനെ മാത്രം അടിസ്ഥാനമാക്കിയായിരിക്കും പരീക്ഷ നടത്തുക. പക്ഷെ രണ്ടാം ടേം പരീക്ഷ നിശ്ചയിക്കപ്പെട്ടിരിക്കുന്ന തീയതിയിൽ തന്നെ നടത്തുന്നതാണ്.

## പ്രത്യേക ശ്രദ്ധയ്ക്ക്

ഒക്ടോബർ 14-ാം തീയതി നടത്താനിരുന്ന ചങ്ങനാശേരി, തുരുത്തി, കുറുമ്പനാടം എന്നീ ഫൊറോനകളിലെ SMCC പ്രതിഭാസംഗമം ഒക്ടോബർ 7-ാം തീയതിയിലേയ്ക്ക് മാറ്റിയിരിക്കുന്നു.

## SMCC അതിരൂപതാ സെലക്ഷൻ ക്യാമ്പ്

SMCC അതിരൂപതാ സെലക്ഷൻ ക്യാമ്പ് നവംബർ 16, 17, 18 (വെള്ളി, ശനി ഞായർ) തീയതികളിൽ സന്ദേശനിലയത്തിൽ. ഫൊറോനതല ശില്പശാലയിൽ തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ അതിരൂപതാതല ശില്പശാലയിൽ പങ്കെടുക്കേണ്ടതാണ്.

## ജീവിതദർശൻ

വളരുന്ന തലമുറയുടെ കഴിവുകളും കുറവുകളും ആശകളും ആശയങ്ങളും വീഴ്ചകളും പാളിച്ചകളും അടുത്തറിഞ്ഞ് നല്ല മാതൃകകളെ പരിചയപ്പെടുത്തുവാനും ജീവിതാന്തസ്സുകളെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുകൾ നല്കി നല്ല ദൈവവവിളികളെ കണ്ടെത്താനുള്ള ശ്രമമാണ് 'ജീവിതദർശൻ.' സ്വഭവനങ്ങളിലെയും സ്കൂളുകളിലെയും സമ്മർദ്ദത്തിനും, മാധ്യമങ്ങളുടെയും കൂട്ടുകാരുടെയും അമിത സ്വാധീനത്തിനും ഭീഷണിയ്ക്കും വശംവദരായി, ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും മനസ്സിലാക്കാതെ അനിശ്ചിതമായ ഭാവിയുടെ മുമ്പിൽ പകച്ചു നില്ക്കുന്നവരാണ് പുതുതലമുറയിൽ ഏറിയ ഭാഗവും. അജ്ഞതയും, അവിവേകവും, മൂല്യശോഷണവും മൂലം തെറ്റായ ജീവിതാന്തസ്സിലേയ്ക്ക് പ്രവേശിക്കുന്നവർ തനിക്കും സമൂഹത്തിനും ഭാരമായിത്തീരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നതുപോലെ ''ജീവിതസ്ഥിതി കർത്തവ്യങ്ങൾ, ജീവിത പരിതോവസ്ഥകൾ എന്നിവ ഏതായിരുന്നാലും അവയെല്ലാം സ്വർഗ്ഗീയ പിതാവിന്റെ കൈകളിൽനിന്നും സ്വീകരിക്കുവാനും ദൈവം ലോകത്തിന്റെമേൽ ചൊരിഞ്ഞ സ്നേഹം നമ്മുടെ പ്രവർത്തികളിലൂടെ വെളിപ്പെടുത്തികൊടുക്കാനും'' കുട്ടികളെ നാം ഒരുക്കേണ്ടതുണ്ട്. 5-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സുവരെയുള്ള കുട്ടികളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു ചെറുസമൂഹത്തെ ഇടവകതോറും വളർത്താനുള്ള ഈ പദ്ധതയിൽ നമുക്കു പങ്കുചേരാം. താല്പര്യമുള്ളവരുടെ പേരുവിവരങ്ങൾ (ദൈവവിളിയോട് ആഭിമുഖ്യമുള്ള കുട്ടികളുടെ പേരുകൾ നിർബന്ധമായും ചേർക്കണേ) നല്കപ്പെട്ടിരിക്കുന്ന ഫോമിൽ രേഖപ്പെടുത്തി ഉടനെതന്നെ സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്.

## ഗോൾഡൻ സ്റ്റാർ & സിൽവർ സ്റ്റാർ

പ്രളയബാധിത ഇടവകകളിലെ സൺഡേസ്കൂളുകളുടെ പ്രവർത്തനങ്ങൾ

വിലയിരുത്തി സ്റ്റാർ പദവികൾ നിർണ്ണയിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പലതും വെള്ളംകയറി നഷ്ടപ്പെട്ട സാഹചര്യത്തിൽ 2018–19 വർഷത്തിൽ ഗോൾഡൻ സ്റ്റാർ & സിൽവർസ്റ്റാർ അവാർഡുകൾ പ്രഖ്യാപിക്കുന്നതല്ല.

## CRT Visit 2018

CRT Visit കൾ തീരുമാനിച്ചിരിക്കുന്ന രീതിയിൽ തന്നെ നടത്തേണ്ടതാണ്. സൺഡേസ്കൂളുകളെ മികച്ച നിലവാരത്തിലെത്തിക്കുക എന്ന CRT ലക്ഷ്യത്തോടുകൂടി തന്നെ സന്ദർശനങ്ങൾ പൂർത്തിയാക്കുകയും റിപ്പോർട്ടുകൾ സന്ദേശനിലയത്തിൽ ഏല്പിക്കുകയും ചെയ്യുക. പ്രളയ ബാധിത ഇടവകകളിൽ സന്ദർശനം നടത്തുന്ന CRT അംഗങ്ങൾ പ്രസ്തുത സൺഡേസ്കൂളുകളിലെ ഓഫീസ് സംവിധാനത്തിന്റെ നഷ്ടം പ്രത്യേകം രേഖപ്പെടുത്തി സന്ദേശ നിലയത്തിൽ നല്കേണ്ടതാണ്. ഡിസംബർ 15 ന് മുമ്പായി ആദ്യസന്ദർശനങ്ങൾ പൂർത്തിയാക്കുമല്ലോ?

## Talent Hunt

ഇടവക തലത്തിൽ നടത്തപ്പെടുന്ന കലോത്സവത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന കുട്ടികൾക്ക് കഴിവുകളുടെ അടിസ്ഥാനത്തിൽ വിദഗ്ധപരിശീലനം നല്കുന്ന പരിപാടിയാണിത്. കലോത്സവം ഇല്ലാത്ത സാഹചര്യത്തിലും കഴിവുള്ള കുട്ടികൾ പ്രോത്സാഹിക്കപ്പെടണം, വളരണം. ഉപന്യാസം, സ്ക്രിപ്റ്റ് റൈറ്റിംഗ്, സംഗീതം, അഭിനയം തുടങ്ങിയ ഇനങ്ങളിൽ വിദഗ്ധരുടെ ഒരു ടീം നടത്തുന്ന വർക്ക്ഷോപ്പുകൾ ഡിസംബർ മാസത്തിലെ കലോത്സവദിനങ്ങളിൽ ക്രമീകരിക്കുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കും.

### കലോത്സവ ട്രോഫികൾ

2017–18 വർഷത്തിലെ അതിരൂപതാ എവർറോളിംഗ് ട്രോഫികൾ കരസ്ഥമാക്കിയവർ എത്രയും പെട്ടെന്ന് സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്.

### ആദരാഞ്ജലികൾ

കുറുമ്പനാടം അസംപ്ഷൻ സൺഡേസ്കൂൾ അധ്യാപിക സി. ജെയിൻ മേരി എഫ്.സി.സി.യുടെ മാതാവിന്റെയും വെരൂർ സെന്റ് ജോസഫ്സ് സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. സജി മുക്കാടന്റെ പിതാവിന്റെയും മാന്നാനം കെ.സി.സി.എ. സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. തോമസ് ജോസഫ് കുന്നത്തേട്ടിന്റെ മാതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈശോയിൽ സ്നേഹമുള്ളവരേ,

ഒക്ടോബർമാസം നമ്മൾ പ്രേഷിതമാസമായി ആചരിക്കുകയാണല്ലോ. സംഘടനയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു മാസമാണിത്. നമ്മുടെ സംഘടനയുടെ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ തിരുനാൾ ആചരിക്കുന്നതോടൊപ്പം ദൈവവിളിവാരം, പ്രേഷിതമാസം എന്നിവയെല്ലാം ഒന്നു ചേർന്നുവരുന്ന മാസമാണിത്. ''എന്റെ ദൈവവിളി സ്നേഹമാകുന്നു'' എന്നു പറഞ്ഞ വി. കൊച്ചുത്രേസ്യായുടെ മാധ്യസ്ഥം തേടുകയും ഒക്ടോബർ 1 ദൈവവിളി ദിനമായി നമുക്ക് ആചരിക്കുകയും ചെയ്യാം. അന്നേ ദിവസം അംഗത്വ നവീകരണം നടത്തുവാനും, ഒപ്പം ശാഖാതലത്തിൽ പ്രചോദനാത്മകമായരീതിയിൽ ആ ദിനം കൊണ്ടാടുവാനും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. പൗരോഹിത്യവും സന്യാസവും വെല്ലുവിളികളിലൂടെ കടന്നുപോകുന്ന ഈ സാഹചര്യത്തിൽ ധാരാളം ദൈവവിളികൾ നല്കി സഭയെ കൂടുതൽ സമ്പന്നയാക്കണമേ എന്നു നമുക്ക് പ്രാർത്ഥിക്കാം. ഈ മാസത്തിൽ നാം പ്രത്യേകം ചെയ്യേണ്ട പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖ 26, 27, 28 പേജുകൾ വായിക്കേണ്ടതാണ്.

അതിരൂപതാ കൗൺസിലിൽ പങ്കെടുത്ത് അതിന്റെ വിജയത്തിനായി പ്രവർത്തിച്ച ഏവർക്കും നന്ദി പറഞ്ഞുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,

**ജോബിനച്ചൻ & അനീഷച്ചൻ**

## ഒക്ടോബർ മാസത്തിലെ പരിപാടികൾ

| | | |
|---|---|---|
| 1 തിങ്കൾ | : | വി. കൊച്ചുത്രേസ്യായുടെ തിരുനാൾ<br>അംഗത്വ നവീകരണം നടത്തുക.<br>ദൈവവിളിദിനം, ദൈവവിളിയ്ക്കായി<br>പ്രാർത്ഥിക്കുക. |
| 2 ചൊവ്വ | : | ദൈവദാസൻ മാർ മാത്യു കാവുകാട്ട് തീർത്ഥാടനം |
| 3 ബുധൻ | : | 72-ാം സ്ഥാപകദിനം |
| 4 വ്യാഴം | : | വി. ഫ്രാൻസിസ് അസീസിയുടെ തിരുനാൾ |
| 16 ചൊവ്വ | : | വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ |
| 20 ശനി | : | ദേശീയ മാനേജിംഗ് കമ്മിറ്റി |
| 21 ഞായർ | : | മിഷൻ ഞായർ, പ്രത്യേക സമ്മേളനം<br>ശാഖകളിൽ നടത്തുക.<br>ഭവന സന്ദർശനം ശാഖാതലത്തിൽ നടത്തുക. |
| 27 ശനി | : | അഭിവന്ദ്യ കാളാശേരി പിതാവിന്റെ ചരമദിനം,<br>അതിരൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കുക. |
| 31 ബുധൻ | : | അൽഫോൻസാ കാരുണ്യനിധി സമ്മാനകൂപ്പൺ ശാഖകൾ മേഖലകളിൽ ഏൽപിക്കേണ്ട അവസാന തീയതി. മിഷൻ മാസ സമാപനം |

## ഫാ. ജോസഫ് മാലിപ്പറമ്പിലനുസ്മരണം

നമ്മുടെ സ്ഥാപക ഡയറക്ടർ ബ. ജോസഫ് മാലിപ്പറമ്പിലച്ചന്റെ കബറിടം സ്ഥിതിചെയ്യുന്ന ആർപ്പൂക്കര ചെറുപുഷ്പം പള്ളിയിൽവച്ച് സെപ്റ്റംബർ 8-ാം തീയതി ശനിയാഴ്ച അനുസ്മരണ സമ്മേളനം നടത്തപ്പെട്ടു. ചെറുപുഷ്പം പള്ളി വികാരി റവ. ഫാ. തോമസ് തെക്കേക്കരയുടെ നേതൃത്വത്തിൽ എല്ലാം മനോഹരമായി ക്രമീകരിക്കപ്പെട്ടു. അനുസ്മരണസമ്മേളനത്തിൽ പങ്കെടുത്തവർക്കും അതിന്റെ വിജയത്തിനായി അക്ഷീണം പരിശ്രമിച്ച എല്ലാവർക്കും പ്രത്യേകിച്ച് അവിടെയെത്തിയവരെയെല്ലാം സ്വന്തമെന്നു കരുതി സത്കരിച്ച തെക്കേക്കരയച്ചനും ഹൃദയം നിറഞ്ഞ നന്ദി.

## അതിരൂപതാ കൗൺസിൽ

മിഷൻലീഗ് അതിരൂപതാ കൗൺസിൽ 2018 സെപ്റ്റംബർ 21 ന് ചങ്ങനാശേരി അസംപ്ഷൻ കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് കൗൺസിൽ സന്ദേശം നല്കി. ശ്രീ. ജോൺസൺ കാഞ്ഞിരക്കാട്ട് പതാക ഉയർത്തൽ കർമ്മം നടത്തി. അതിരൂപതാ ഡയറക്ടർ റവ. ഡോ. ജോബിൻ പെരുമ്പളത്തുശേരി ഉദ്ഘാടനവും റവ. ഫാ. അനീഷ് കുടിലിൽ സ്വാഗതവും ആശംസിച്ചു. ഫാ. ജിനോ പുന്നമറ്റത്തിൽ (DFC കോതമംഗലം ഡയറക്ടർ) സഭയെക്കുറിച്ചും സഭാ അവബോധത്തെക്കുറിച്ചും കുട്ടികളെ പ്രബുദ്ധരാക്കി. മിഷൻ വിഷൻ സി. ലിസി കണിയാംപറമ്പിൽ നിർവ്വഹിച്ചു. മിഷൻലീഗ് അതിരൂപതാ ഗായകസംഘം ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. അതിരൂപതാ കൗൺസിലിൽ സഹകരിച്ച എല്ലാവർക്കും നന്ദി.

## ദൈവവിളിക്കായി എന്റെ സംഭാവന

മിഷൻലീഗിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നായ ദൈവവിളിയുടെ പ്രോത്സാഹനാർത്ഥം പ്രാർത്ഥിക്കുന്നതോടൊപ്പം തന്നെ നമ്മുടെ അതിരൂപതയിലെ വൈദികാർത്ഥികളുടെ പരിശീലന ചിലവുകളിലേക്കുതകുന്നതിനായി ഒരു സഹായം നാം നൽകുന്നു. അതിലേയ്ക്കായി ദൈവവിളി ദിനമായ ഒക്ടോബർ 1 ന് മതബോധന ക്ലാസ്സുകളിലെ എല്ലാ കുട്ടികളിൽനിന്നും ഒരു രൂപ വീതം ശേഖരിച്ച് ഒക്ടോബർ 30 ന് മുൻപായി അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ഈ തുക അതിരൂപതാ കുഞ്ഞുമിഷനറിമാരുടെ സംഗമത്തിൽ വച്ച് അഭിവന്ദ്യ പിതാവിനെ ഏല്പിക്കുന്നതാണ്.

## മിഷൻ ഞായർ

ഒക്ടോബർ 21-ആഗോള മിഷൻ ഞായർ. ശാഖകളിൽ പ്രത്യേകസമ്മേളനം നടത്തുക. മിഷൻ ഞായറിനോടനുബന്ധിച്ച് ഭവനസന്ദർശനംനടത്തി സംഭാവന ശേഖരിക്കുക. ഈ വർഷത്തെ സംഭാവന ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അതിരൂപതാ ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

## കെരുബിം 2018

അൾത്താരബാലന്മാർക്കുവേണ്ടിയുള്ള അതിരൂപതാ ക്യാമ്പ് കെരുബിം **2018 നവംബർ 30, ഡിസംബർ 1, 2 തീയതികളിൽ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെടും.** മേഖലാതലത്തിൽ നടന്ന അൾത്താര ബാലന്മാരുടെ സെമിനാറിൽ പങ്കെടുത്ത കുട്ടികളിൽ നിന്നും ഇടവക വികാരിയച്ചൻ നിർദ്ദേശിക്കുന്ന ഒരു അൾത്താര ബാലനാണ് ക്യാമ്പിൽ പങ്കെടുക്കുവാൻ അർഹത നേടുന്നത്. ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ടവരുടെ പേര്, ഫോട്ടോ സഹിതം, വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ അതിരൂപതാ ഓഫീ

സിൽ ഒക്ടോബർ 21 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. അതിരൂപതാ ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് ഈ ക്യാമ്പിൽ വച്ച് ധന്യൻ മാർ. കുര്യാളശ്ശേരി അവാർഡ് നൽകുന്നതാണ്. **ക്യാമ്പ് ഫീസ് 500 രൂപ ആയിരിക്കും. നവംബർ 30-ാം തീയതി വൈകുന്നേരം 5:30 ന് ആരംഭിക്കുന്ന ക്യാമ്പ് ഡിസംബർ 2-ാം തീയതി ഉച്ച കഴിഞ്ഞ് 1:30 സമാപിക്കും. മുൻകൂട്ടി രജിസ്റ്റർ ചെയ്യാത്തവരെ അവാർഡിനായി പരിഗണിക്കുന്നതല്ല.**

### പ്രത്യേക ശ്രദ്ധയ്ക്ക്

സെപ്റ്റംബർ 21-ാം തീയതി അതിരൂപതാ കൗൺസിലിൽ വച്ച് ഒന്നാം ഘട്ട റിപ്പോർട്ടിന്റെ ഫോമുകൾ ലഭിക്കാത്തവർ ഉണ്ടെങ്കിൽ അതിരൂപതാ ചെറുപുഷ്പ മിഷൻലീഗ് ഓഫീസിൽ നിന്നും വാങ്ങാവുന്നതാണ്. മിഷൻ വോയ്സ് പത്രവും റിപ്പോർട്ടും നവംബർ 15 നു മുമ്പായി ഓഫീസിൽ നല്കേണ്ടതാണ്.

## ജീവകാരുണ്യനിധി ട്രസ്റ്റ്

JEEVAKARUNYANIDHI TRUST

കളർ എ ഹോം ഭവന നിർമ്മാണ പദ്ധതിയിൽ 2017 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും സെപ്റ്റംബർ 21-വരെ അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%) - (തുടർച്ച)

| നം. | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 195 | പെരുന്ന | 15,100 | 6,040 |
| 196 | ഇത്തിത്താനം | 1,50,000 | 1,50,000 |

## കത്തോലിക്കാ കോൺഗ്രസ്

AKCC

### കുട്ടനാട് അവകാശ പത്രിക സമർപ്പണവും അവകാശ സംരക്ഷണ ജാഥയും ആലപ്പുഴയിൽ

കുട്ടനാടിന്റെ പുനഃസൃഷ്ടിയിൽ നിർണ്ണായക സ്വാധീനമുറപ്പിക്കുവാൻ അവകാശസംരക്ഷണ ജാഥയും അവകാശപത്രിക സമർപ്പണവും ഒക്ടോബർ 20 ശനി രാവിലെ 11ന് ആലപ്പുഴ മാർ സ്ലീവാ ഫൊറോനാ പള്ളിയിൽ നിന്നും കളക്ട്രേറ്റ് പടിക്കലേക്ക് നടത്തും. എല്ലാ ഫൊറോനകളിലെയും പ്രവർത്തകരുടെയും നേതാക്കളുടെയും പങ്കാളിത്തം അഭ്യർത്ഥിക്കുന്നു.

### ശതാബ്ദി സ്മരണിക

കത്തോലിക്കാ കോൺഗ്രസ് ശതാബ്ദി സ്മരണിക പുറത്തിറക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. എല്ലാ യൂണിറ്റുകളിലെയും പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരുടെ പേരും ഫോട്ടോയും 2018 ഒക്ടോ. 30 നുമുമ്പായി അതിരൂപതാ ഓഫീസിൽ ഏല്പിക്കണം.

സ്നേഹം നിറഞ്ഞ കുടുംബപ്രേഷിതരേ,

കുടുംബപ്രേഷിതത്വത്തിന്റെ ശുശ്രൂഷകൾ വീണ്ടും സജീവമാകുകയാണ്. സഭയുടെ വിശുദ്ധീകരണം കുടുംബങ്ങളിലാണ്. എല്ലാക്കാലങ്ങളിലും അതു തുടർന്നുകൊണ്ടിരിക്കണം. കുടുംബവിശുദ്ധിയെ തകർക്കുന്ന രാഷ്ട്രീയവും സാമൂഹികവുമായ പരിണാമങ്ങളെക്കുറിച്ച് ജാഗ്രതയുള്ളവരാകണം. കഴിഞ്ഞ നാളുകളിൽ കേരളസമൂഹത്തിൽ നടമാടിയ സംഭവ വികാസങ്ങളെല്ലാം കുടുംബത്തെയും ഗൗരവമായി സ്വാധീനിച്ചിട്ടുണ്ട്. സഭാവിരുദ്ധ നിലപാടുകളും സഭാവിരോധികളുടെ ആശയങ്ങളും കുടുംബങ്ങളിൽ പ്രവേശിക്കാതെ ശ്രദ്ധിക്കേണ്ടതുണ്ട്. ദൈവചിന്ത വളർത്തുന്ന പുസ്തകങ്ങളും സത്യവിശ്വാസത്തിന്റെ പ്രബോധനങ്ങളും കുടുംബങ്ങളിൽ എത്തിച്ചേരണം. സഭാപ്രബോധനത്തിന്റെ നല്ലനിലമായി കുടുംബങ്ങൾ മാറട്ടെ. തീക്ഷണതയുള്ള അല്മായ പ്രേഷിതരും വിശുദ്ധരായ പുരോഹിത-സമർപ്പിത ദൈവവിളികളും നമ്മുടെ കുടുംബങ്ങളിൽ നിന്നുണ്ടാകട്ടെ.

സ്നേഹപൂർവ്വം,

**ഫാ ജോൺസൺ ചാലയ്ക്കൽ**
(അസി. ഡയറക്ടർ)

**ഫാ. ജോസ് മുകളേൽ**
(ഡയറക്ടർ)

## ഇലക്ഷൻ വിജ്ഞാപനം

പിതൃവേദി-മാതൃവേദി സംഘടനകളുടെ 2018-2019 കാലഘട്ടത്തിലേക്കുള്ള ഭരണസമിതി തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നു. ഒക്ടോബർ 1 മുതൽ നവംബർ 1 വരെയുള്ള തീയതികളിലൊരു ദിവസം യൂണിറ്റ് ഇലക്ഷൻ നടത്തി ഭാരവാഹികളുടെ പേര്, ഇടവക, ഫോൺ നമ്പർ എന്നിവയുടെ രണ്ട് കോപ്പി ഫൊറോന ഡയറക്ടറെയോ ആനിമേറ്ററെയോ ഏല്പിക്കേണ്ടതാണ്. നവംബർ 3 മുതൽ ഡിസംബർ 2 വരെയുള്ള ദിവസങ്ങളിൽ ആണ് ഫൊറോന ഇലക്ഷൻ നടത്തേണ്ടത്. ഫൊറോന ഇലക്ഷൻ നടത്തുന്ന തീയതികളും സ്ഥലവും അതിരൂപതാ ഓഫീസുമായി ബന്ധപ്പെട്ടുവേണം ക്രമീകരിക്കാൻ. അതിരൂപതാ ഡയറക്ടറുടെയോ അസി. ഡയറക്ടറുടെയോ സാന്നിദ്ധ്യം ഫൊറോന ഇലക്ഷനിൽ ഉറപ്പാക്കണം. ഇടവകതലം മുതൽതന്നെ കാര്യശേഷിയും കർമ്മോത്സുകതയും ജീവിതവിശുദ്ധിയും സഭാസ്നേഹവുമുള്ളവരെ നേതൃസ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. മദ്ധ്യവയസ്കരായ മാതാപിതാക്കന്മാരും ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെടുന്നത് നല്ലതാണ്.

## നസ്രത്ത് മീറ്റ്

'ആനന്ദിക്കുവിൻ ആഹ്ലാദിക്കുവിൻ' എന്ന ഫ്രാൻസിസ് മാർപാപ്പായുടെ പ്രബോധനത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് കുടുംബാംഗങ്ങൾ തമ്മിലുള്ള വ്യക്തിബന്ധങ്ങൾ വളർത്തുന്നതിനും ആത്മീയാനന്ദം അനുഭവിക്കുന്നതിനുമായി 'നസ്രത്ത് മീറ്റ്' എന്ന സായാഹ്ന കൺവെൻഷൻ ഇടവകകളിൽ നടന്നുകൊണ്ടിരിക്കുന്നു. താല്പര്യമുള്ളവർ ഓഫീസിൽ ബുക്ക് ചെയ്യേണ്ടതാണ്.

## ക്വിസ് മത്സരം

പ്രളയദുരിതമനുഭവിക്കുന്നവരുടെ വേദനയിൽ പങ്കുചേർന്ന് കലാമത്സരങ്ങൾ നാം ഒഴിവാക്കിയിരുന്നല്ലോ. എന്നാൽ ഫാമിലി അപ്പോസ്തലേറ്റ് മാതൃവേദി-പിതൃവേദി പ്രവർത്തകർക്കായി ഒരു മെഗാ ക്വിസ് മത്സരം നടത്തുന്നു. പ്രത്യേകിച്ച് പഞ്ചവത്സര അജപാലന പദ്ധതിയുടെ ഭാഗമായി സഭയെക്കുറിച്ചുള്ള ചിന്തകൾ പങ്കുവയ്ക്കുന്ന പുസ്തകമാണ് പഠനവിഷയം. നവംബർ 20-ാം തീയതിയാണ് അതിരൂപതാതല ക്വിസ് മത്സരം. യൂണിറ്റുകളിൽ നവംബർ 4-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ക്വിസ് മത്സരം നടത്തുമല്ലോ. ചോദ്യപേപ്പർ അതിരൂപതാ ഓഫീസിൽ നിന്ന് നൽകുന്നതാണ്. ഓരോ യൂണിറ്റിൽ നിന്നും ഒരു ടീമിന് അതിരൂപതാതല മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. മാതൃവേദിയിലോ പിതൃവേദിയിലോ അംഗങ്ങളായ രണ്ടുപേരാണ് ടീമിൽ ഉണ്ടായിരിക്കേണ്ടത്. യൂണിറ്റ് തലത്തിൽ വ്യക്തിഗതമത്സരമായിരിക്കും. അതിരൂപതാ തലത്തിൽ ഒന്നാം സമ്മാനം 5001 രൂപയും രണ്ടാം സമ്മാനം 3001 രൂപയും മൂന്നാം സമ്മാനം 1001 രൂപയുമായിരിക്കും. അതിരൂപതാ മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും പ്രോത്സാഹനസമ്മാനങ്ങൾ ഉണ്ടായിരിക്കും.

### മത്സരവിഷയം

**യൂണിറ്റുതല മത്സരം (നവംബർ 4, 2:30 p.m.)**

* **സേവനനിരതയായ സഭ** (രണ്ടാം പതിപ്പ്)

  എഡിറ്റർ: റവ. ഫാ. തോമസ് പാടിയത്ത് (അദ്ധ്യായങ്ങൾ 1, 4, 5, 11, 12, 13, 14)

**അതിരൂപതാ മത്സരം (നവംബർ 20, 10:30 a.m.)**

* **സേവനനിരതയായ സഭ** (രണ്ടാം പതിപ്പ്)
  എഡിറ്റർ: റവ. ഫാ. തോമസ് പാടിയത്ത്
  (അദ്ധ്യായങ്ങൾ 1, 4, 5, 11, 12, 13, 14) 40%
* **ഒരു നല്ല അപ്പന്റെ ചാവുരുൾ - ഒരു പശ്ചാത്തല പഠനം**
  റവ. ഫാ. തോമസ് പാറത്തോട്ടാൽ (പേജ് 87 മുതൽ 104 വരെ) 30 %
* **സഭാസംബന്ധമായ പൊതുചോദ്യങ്ങൾ** 30%

റഫറൻസ് പുസ്തകങ്ങൾ ഓഫീസിൽ കുറഞ്ഞ നിരക്കിൽ ലഭ്യമാണ്.

### 'അഗാപ്പേ' കർമ്മപദ്ധതി - അർദ്ധവാർഷിക വിജയികൾ

ഈ വർഷം കർമ്മപദ്ധതിയുടെ റിപ്പോർട്ട് മിക്ക യൂണിറ്റുകളും നൽകി. ഫൊറോനതല റിപ്പോർട്ടുകൾ മിക്ക ഫൊറോന സമിതിയും നൽകിയിട്ടുമില്ല. വാർഷിക റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കൂടുതൽ സഹകരണം പ്രതീക്ഷിക്കുന്നു.

**ഏറ്റവും മികച്ച ഫൊറോനകൾ:**

മണിമല, തിരുവനന്തപുരം, ചമ്പക്കുളം

**ഏറ്റവും മികച്ച യൂണിറ്റുകൾ:**

നാല്പാത്തിമല സെന്റ് തോമസ്, യൂദാപുരം സെന്റ് ജൂഡ്, കേശവദാസപുരം മാർ ഗീവർഗ്ഗീസ് സഹദാ, കുറ്റിക്കോണം ക്രിസ്തുരാജ, ഇത്തിത്താനം സെന്റ് മേരീസ്, നെല്ലിപ്പള്ളി തിരുഹൃദയം, നർബോനപുരം സെന്റ് സെബാസ്റ്റ്യൻസ്, ഇരവുചിറ സെന്റ് മേരീസ്.

വിജയികൾക്ക് അഭിനന്ദനങ്ങൾ.

# കുടുംബക്കൂട്ടായ്മ & ബൈബിൾ അപ്പോസ്തലേറ്റ്

ഈശോയിൽ പ്രിയരേ,

കൂടുംബക്കൂട്ടായ്മകൾ ഏറെ സജീവമാകേണ്ട കാലത്തിലാണ് നാം ജീവിക്കുന്നത്. പരസ്പരം കരുണയുടെ കൈത്താങ്ങാകുവാൻ ഈ കഴിഞ്ഞ ദിവസങ്ങളിലൊക്കെ നാം മത്സരിക്കുകയായിരുന്നല്ലോ. പ്രത്യേകിച്ച് വെള്ളപ്പൊക്കം കൂടുതലായി തളർത്തിയ കുട്ടനാട്ടിലെ ഓരോ ഇടവകയേയും ദത്തെടുത്ത് മറ്റ് ഇടവകകൾ കൂടുതൽ മാതൃകയായി. അതോടൊപ്പം കൂട്ടായ്മാ ലീഡേഴ്സിന്റെയും മറ്റ് സംഘടനകളുടെയും നേതൃത്വത്തിൽ നിരവധി സഹായങ്ങൾ നൽകാൻ സാധിച്ചു. എല്ലാവർക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. നമ്മുടെ കൂട്ടായ്മയും, ഐക്യവും, സ്നേഹവും കൂടുതൽ അഭിവൃദ്ധിപ്പെടട്ടെ. ആദിമസഭയുടെ ചൈതന്യത്തിലേക്ക് കൂടുംബക്കൂട്ടായ്മകൾ കടന്നുവരട്ടെ. മംഗളവാർത്തക്കാലം മുതൽ പള്ളിക്കൂദാശക്കാലം വരെയുള്ള പ്രോഗ്രാമുകൾ ഉൾക്കൊള്ളിച്ച് കൂടുംബക്കൂട്ടായ്മ-ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗങ്ങൾക്കായി ഒരു മാർഗ്ഗരേഖ തയ്യാറാക്കിവരുകയാണ്. കൂടാതെ ലോഗോസ് ക്വിസ്, ബൈബിൾ മാസാചരണം, ലിറ്റർജിക്കൽ ക്വിസ് എന്നിവയുടെ പ്രവർത്തനങ്ങൾ നടക്കുന്നു. കൂട്ടായ്മയുടെ പ്രാർത്ഥനാഗാനം, ആന്തം എന്നിവയുടെ മത്സരവും നടത്തുന്നുണ്ട്. എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊള്ളുന്നു.

സ്നേഹപൂർവ്വം
**ജെന്നിയച്ചൻ**

## വാർത്തകൾ - പ്രവർത്തനങ്ങൾ

**ബസാലേൽ – സെപ്റ്റംബർ മാസം നടത്തിയ ഇടവകകൾ**

സെപ്റ്റംബർ – 2 സെന്റ് മേരീസ്, അതിരമ്പുഴ.
സെപ്റ്റംബർ – 23 മാർ സ്ലീവാ പഴവങ്ങാടി, ആലപ്പുഴ.

ബസാലേൽ കൺവൻഷൻ സംഘടിപ്പിക്കുവാൻ ക്രമീകരണങ്ങൾ ചെയ്തുതന്ന വെരി. റവ. ഫാ. സിറിയക് കോട്ടയിൽ, വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, പ്രസ്തുത ഇടവകകളിലെ ബഹുമാനപ്പെട്ട കൊച്ചച്ചന്മാർ, ആനിമേറ്റേഴ്സ്, ലീഡേഴ്സ് എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

### ലീഡേഴ്സ് മീറ്റ്

2018 സെപ്റ്റംബർ 6-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 3:30 മുതൽ 4:30 പി. എം. വരെ വെരൂർ സെന്റ് ജോസഫ്സ് ഇടവകയിൽ കുടുംബകൂട്ടായ്മ ലീഡേഴ്സിനായി മീറ്റിംഗ് സംഘടിപ്പിച്ചു. അതിരൂപതാ ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശ്ശേരി ക്ലാസ്സ് നയിച്ചു. വികാരി ബഹു. തോമസ് പ്ലാപ്പറമ്പിലച്ചൻ പരിപാടികൾക്ക് നേതൃത്വം നൽകി.

### കൂടുംബക്കുട്ടായ്മാ പ്രവർത്തകസമതി സമ്മേളനം

സെപ്റ്റംബർ 15-ാം തീയതി ശനിയാഴ്ച വൈകുന്നേരം 3:30 മുതൽ 5:00 വരെ കൂടുംബക്കൂട്ടായ്മാ പ്രവർത്തകസമതി സമ്മേളനം മാർതോമ്മാ വിദ്യാനികേതനിൽ വച്ച് നടത്തപ്പെടുകയുണ്ടായി. സമ്മേളനത്തിൽ 22 പേർ പങ്കെടുത്തു. പഞ്ചവത്സര അജപാലന പദ്ധതിയുടെ വെളിച്ചത്തിൽ പ്രവർത്തന മാർഗ്ഗരേഖ

തയ്യാറാക്കുന്നതിനേക്കുറിച്ചും, വെബ്സൈറ്റ് ആരംഭിക്കുന്നതിനെക്കുറിച്ചും, ബൈബിൾ മാസാചരണം, ലോഗോസ് ക്വിസ്-2018, ലിറ്റർജിക്കൽ ക്വിസ്, കൂടുംബക്കൂട്ടായ്മാ പ്രാർത്ഥനാഗാനം- ആന്ത മത്സരം, മറ്റു പ്രസക്ത വിഷയങ്ങൾ എന്നിവ ചർച്ച ചെയ്തു. ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശ്ശേരി ചർച്ചകൾക്കു നേതൃത്വം നൽകി.

## അറിയിപ്പുകൾ

### ലോഗോസ് ക്വിസ്

ലോഗോസ് ക്വിസ് മത്സരം ഒക്ടോബർ 14-ാം തീയതി 2 മുതൽ 3.30 വരെ അതാത് ഇടവകകളിൽവച്ച് നടത്തപ്പെടുന്നു. ചോദ്യപേപ്പറുകൾ ഒക്ടോബർ 12-ാം തീയതി മുതൽ ഫൊറോനാ കേന്ദ്രങ്ങളിൽനിന്നും കൈപ്പറ്റേണ്ടതും, ഉത്തരക്കടലാസുകൾ ഒക്ടോബർ 17-ാം തീയതി വൈകുന്നേരം 5 മണിക്കു മുൻപായി അതിരൂപതാ കേന്ദ്രത്തിലോ, ഫൊറോനാ കേന്ദ്രത്തിലോ എത്തിക്കേണ്ടതുമാണ്.

ലോഗോസ് ക്വിസ് രജിസ്ട്രേഷൻഫീസ് ഇനിയും നൽകാനുള്ള ഇടവകകൾ എത്രയും വേഗം നൽകി സഹായിക്കണമെ.

### ലിറ്റർജിക്കൽ ക്വിസ്

ഈ വർഷത്തെ ലിറ്റർജിക്കൽ ക്വിസ് അതിരൂപതാ മത്സരം 2019 ജനുവരി 12-ാം തീയതി ശനിയാഴ്ച രാവിലെ 9:30ന് നടത്തപ്പെടുന്നു. ഇടവകതല മത്സരത്തിനുള്ള ചോദ്യപ്പേപ്പർ നവംബർ 5 നകം ഇടവകകളിൽ എല്ലാ കുടുംബങ്ങൾക്കുമായി നൽകുന്നതാണ്. എല്ലാവരെയും പങ്കെടുപ്പിക്കുവാനാണ് ഈ ക്രമീകരണം ചെയ്തിരിക്കുന്നത്. പൂരിപ്പിച്ച ഉത്തരക്കടലാസുകൾ നവംബർ 30നകം ബഹു. വികാരിയച്ചനെ ഏൽപ്പിക്കേണ്ടതാണ്. ബഹു.വികാരിയച്ചന്മാർക്ക് നവംബർ അവസാനവാരം ഉത്തരസൂചിക നൽകുന്നതാണ്. മൂല്യനിർണ്ണയം നടത്തി ആദ്യ മൂന്നു സ്ഥാനങ്ങൾ നേടുന്ന കുടുംബങ്ങളുടെ പേരു വിവരങ്ങൾ ഡിസം. 10 നകം അതിരൂപതാ കുടുംബക്കൂട്ടായ്മാ ഓഫീസിൽ നൽകേണ്ടതാണ്. അതിരൂപതാതല മത്സരത്തിന് ഒരു കുടുംബത്തിൽ നിന്ന് പരമാവധി 3 പേർ മാത്രമെ ഒരു ടീമിൽ ഉണ്ടാകുവാൻ പാടുള്ളൂ. 2 പേരിൽ കുറയുകയുമരുത്.

**Whatsapp No. 9447776920 Contact No. 8848492369**

### മത്സര സിലബസ്

1. ആരാധനവത്സര കലണ്ടർ 2018 - 40%
2. സത്യദർശനം 2018 - 40% (ജൂൺ മുതൽ ഒക്ടോബർ വരെയുള്ള ലക്കങ്ങൾ- മാർതോമാ വിദ്യാനികേതനിൽനിന്നും സത്യദർശനം ലഭിക്കുന്നതാണ്).
3. ജീവിതം സഭയോടൊപ്പം - 20% (പഞ്ചവത്സര അജപാലനപദ്ധതി പഠന വിഷയം പുസ്തകം കുടുംബക്കൂട്ടായ്മാ ഓഫീസിൽ ലഭ്യമാണ്. വില-40 രൂപ).

### ജനറൽ കൺവീനേഴ്സ് - സെക്രട്ടറി സംയുക്ത സമ്മേളനം

അതിരൂപതയിലെ എല്ലാ ഇടവകകളിലെയും കൂടുംബക്കൂട്ടായ്മാ ജനറൽ കൺവീനറായും ജനറൽ സെക്രട്ടറിയായും സേവനം ചെയ്യുന്നവരുടെ വിശേഷാൽ സമ്മേളനം **ഒക്ടോബർ 18-ാം** തീയതി വ്യാഴാഴ്ച രാവിലെ 9:30 മുതൽ 12:30 വരെ പാസ്റ്ററൽ സെന്ററിൽവെച്ച് നടത്തപ്പെടുന്നു. എല്ലാവരും നിർബ്ബന്ധമായും പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 50 രൂപ. ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്. പങ്കെടുക്കുന്നവരുടെ എണ്ണം ഫൊറോനാ ഡയ

റക്ടറച്ചനെ **ഒക്ടോബർ 10-ാം** തീയതിക്ക് മുൻപായി അറിയിക്കാൻ ശ്രദ്ധിക്കുമല്ലോ.

## കൂടുംബക്കൂട്ടായ്മാ ആനിമേറ്റേഴ്സ് സമ്മേളനം

എല്ലാ ഇടവകകളിലെയും കൂടുംബക്കൂട്ടായ്മാ ആനിമേറ്റേഴ്സായി സേവനം ചെയ്യുന്ന ബഹു. സിസ്റ്റേഴ്സിന്റെ സംഗമം **ഒക്ടോബർ 18-ാം** തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2:00 മുതൽ 4:30 വരെ പാസ്റ്ററൽ സെന്ററിൽവെച്ച് നടത്തപ്പെടുന്നു. എല്ലാ ആനിമേറ്റേഴ്സും പങ്കെടുക്കണം. വരുമ്പോൾ ഇടവകകളിൽ നൽകിയിട്ടുള്ള വിവരശേഖരണ ഫോറം ഇനിയും പൂരിപ്പിച്ചു നൽകിയിട്ടില്ലാത്തവർ കൊണ്ടുവരണമെന്ന് ഓർമ്മിപ്പിക്കുന്നു. പങ്കെടുക്കുന്നവരുടെ എണ്ണം ഫൊറോനാ ഡയറക്ടറച്ചനെ **ഒക്ടോബർ 10-ാം** തീയതിക്ക് മുൻപായി അറിയിക്കാൻ ശ്രദ്ധിക്കുമല്ലോ.

## ബസാലേൽ കൺവൻഷൻ

ഇടവകകളിൽ കൂട്ടായ്മാ ലീഡേഴ്സിനായി ബസാലേൽ കൺവൻഷൻ നടന്നുവരുന്നു. കൺവൻഷൻ നടത്താൻ ആഗ്രഹിക്കുന്ന ഇടവകകൾ കുടുംബകൂട്ടായ്മ ഓഫീസിൽ അറിയിക്കുമല്ലോ.

## സത്യദർശനം

സഭാപരമായ കാര്യങ്ങൾ, ദൈവാരാധന, സഭാചരിത്രം, ബൈബിൾ, ആനുകാലിക വിഷയങ്ങൾ, കുടുംബക്കൂട്ടായ്മാ പഠനക്കളരി എന്നിവ സത്യദർശനത്തിലൂടെ ലഭ്യമാക്കുമ്പോൾ അത് എല്ലാ കുടുംബങ്ങളിലും വരുത്താനും, വായിക്കാനും പ്രബോധനങ്ങൾ സ്വികരിക്കാനും സാധിക്കണം. പ്രോത്സാഹിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## ബൈബിൾ സ്പോൺസേഴ്സ് ഫോറം

സാധുക്കൾക്ക് ബൈബിൾ സൗജന്യമായി നൽകുന്നതിനായി ആരംഭിച്ച ബൈബിൾ സ്പോൺസേഴ്സ് ഫോറം പദ്ധതിയിൽ സഹായങ്ങൾ നൽകാൻ താൽപ്പര്യമുള്ളവരെ കണ്ടെത്തി ഈ പദ്ധതിയെ പ്രോത്സാഹിപ്പിക്കണമെന്ന് താൽപ്പര്യപ്പെടുന്നു. പ്രളയ ദുരിതത്തിൽ ബൈബിൾ നഷ്ടപ്പെട്ട പല ഇടവകകൾക്കും ഇതിനോടകം ബൈബിൾ സൗജന്യമായി ഈ പദ്ധതിയിലൂടെ നൽകുവാൻ സാധിച്ചു. ഇനിയും ഏറെപ്പേർക്ക് നൽകേണ്ടതായുണ്ട്.

**സഹായങ്ങൾ അയയ്ക്കേണ്ടത്**

**Director, Bible Apostolate, South Indian Bank, A/C No. 0013053000060926, Branch – 0013 Changanacherry, IFSC- SIBL0000013**
**Contact: No. 944 777 6920**

## ഡിഡാക്കേ 2018

കുടുംബക്കൂട്ടായ്മ - ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗങ്ങളുടെ ആഭിമുഖ്യത്തിൽ രണ്ടാം ശനിയാഴ്ചകളിൽ കൂട്ടായ്മാ ലീഡേഴ്സിനായി നടത്തിവന്നിരുന്ന ഡിഡാക്കേ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് **നവംബർ 10-ാം** തീയതി ആരംഭിക്കുന്നു. വിശ്വാസസംബന്ധമായ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യപ്പെടുന്ന വളരെയേറെ വിജ്ഞാനപ്രദമായ ഈ പഠന പരിപാടിയിലേയ്ക്ക് ഓരോ ഇടവകയിൽ നിന്നും 2 പേരെ വീതം അയയ്ക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. പങ്കെടുക്കുന്നവരുടെ പേരു വിവരങ്ങൾ **നവംബർ 5** നു മുൻപായി താഴെപ്പറയുന്ന നമ്പരിൽ അറിയിക്കണമെ. ഫോൺ: 9447776920 , 8848492369

## സംഗീത മത്സരം

നമ്മുടെ കുടുംബക്കൂട്ടായ്മകളിൽ പാടാനായി ക്രമീകരിച്ചിരിക്കുന്ന പ്രാർത്ഥനാ ഗാനം, ആന്തം എന്നിവ ഇടവകകളിലെ എല്ലാ കുടുംബകൂട്ടായ്മ അംഗങ്ങളും പഠിക്കുക എന്ന ലക്ഷ്യത്തോടെ ഇടവക, ഫൊറോന, അതിരൂപതാ തലങ്ങളിൽ കുടുംബക്കൂട്ടായ്മാ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഒരു മത്സരം സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നു.

| | |
|---|---|
| ഇടവകതലം | – 2018 നവംബർ 30 നു മുൻപായി നടത്തുക |
| ഫൊറോനാ തലം | – 2018 ഡിസംബർ 30 നു മുൻപായി നടത്തുക |
| അതിരൂപതാ തലം | – 2019 ജനുവരി 12 രണ്ടാം ശനിയാഴ്ച 2 p.m ന് |

## മത്സര നിബന്ധനകൾ

**ഇടവകതലം** – കൂട്ടായ്മാ അടിസ്ഥാനത്തിലോ വാർഡ് അടിസ്ഥാനത്തിലോ ക്രമീകരിക്കാവുന്നതാണ്. എല്ലാ വിഭാഗത്തിന്റെയും പ്രാധിനിധ്യം (പുരുഷന്മാർ, സ്ത്രീകൾ, യുവജനങ്ങൾ, കുട്ടികൾ) ഉണ്ടായിരിക്കണം.

**ഫൊറോനാ തലം** – ഒരിടവകയിൽനിന്ന് എല്ലാ കൂട്ടായ്മകളും ഉൾക്കൊള്ളുന്ന ഒരു ടീമിനെയാണ് ഫൊറോനതല മത്സരത്തിനായി അയയ്ക്കേണ്ടത്. എല്ലാ വിഭാഗത്തിന്റെയും പ്രാധിനിധ്യം ഉണ്ടായിരിക്കണം. പുരുഷന്മാർ, സ്ത്രീകൾ, യുവജനങ്ങൾ – 2, കുട്ടികൾ – 2 എന്നിവർ ഓരോ ടീമിലും ഉണ്ടായിരിക്കേണ്ടതാണ്. (മിനിമം 12 പേർ, പരമാവധി 15 പേർ).

**അതിരൂപതാ തലം** – ഫൊറോനാ തലത്തിൽ ഒന്നാം സ്ഥാനം നേടുന്ന ടീമിനെ അതിരൂപതാ തല മത്സരത്തിനായി അയയ്ക്കേണ്ടതാണ്.

N:B: *സംഗീത മത്സരത്തിനായി നിർദ്ദേശിച്ചിരിക്കുന്ന പാട്ടിന്റെ സി.ഡി. കുടുംബക്കൂട്ടായ്മാ ഓഫീസിൽ ലഭ്യമാണ്. സി.ഡി. യിൽ ഉള്ളതുപോലെ തന്നെയാണ് ആലാപനം നടത്തേണ്ടതാണ്. വാദ്യോപകരണങ്ങൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല. പാട്ടുകൾ വാട്ട്സാപ്പിൽ ലഭിക്കേണ്ടവർ 9447776920 എന്ന നമ്പറിലേയ്ക്ക് സന്ദേശം അയയ്ക്കുക.*

## കുടുംബകൂട്ടായ്മ - ബൈബിൾ അപ്പോസ്തലേറ്റ് ഫൊറോനാ ഡയറക്ടർമാർ

| Forane | Name | Cont. No |
|---|---|---|
| Alappuzha | Fr. Varghese Kaithara | 8547275550 |
| Amboori | Fr. Jose Thannipara | 9495880317 |
| Athirampuzha | Fr. Jose Varikkappallil | 9446202001 |
| Champakulam | Fr. Joshy Puthenpurackal | 9847534851 |
| Changanacherry | Fr. Francis Meenatheril | 9746207817 |
| Edathua | Fr. George Thycheril | 9497391959 |
| Kollam | Fr. Mathayi Thalikasthanam | 8848126387 |
| Kottayam | Fr. Vivek Karalithara MCBS | 9048654252 |
| Kudamaloor | Fr. George Vallayil | 9497325672 |
| Kurmpanadam | Fr.Thomas Kudilil | 9495020933 |
| Manimala | Fr. Antony Muttathil | 9495165185 |
| Nedumkunnam | Fr. Thomas Vengasserry | 9746615037 |
| Pulinkunnu | Fr. Varkey Manavathu | 9188189480 |
| Thiruvananthapuram | Fr. Georgin Veliyathu | 9400508582 |
| Thrikodithanam | Fr. James Athikalam | 9447296788 |
| Thuruthy | Fr. Mathew Kalathil | 9447833055 |

ഈശോയിൽ സ്നേഹമുള്ള കുടുംബാംഗങ്ങളേ,

പ്രളയാനന്തര കേരളത്തിന്റെ പ്രത്യേകിച്ച് കുട്ടനാടിന്റെ നവീകരണ പ്രക്രിയയിൽ ക്രിയാത്മകമായി സഹകരിക്കുകയും, സഹായിക്കുകയും, അതിലുപരി പ്രാർത്ഥിക്കുകയും ചെയ്ത എല്ലാ പ്രവാസി സഹോദരങ്ങൾക്കും ദൈവാനുഗ്രഹം നേരുന്നു.

## Sawyer One - Water with Blessings

കുട്ടനാട്ടിലെ ഏതാനും ഇടവകകളെ വിദേശത്തുള്ള സംഘടനകൾ ദത്തെടുത്തതിന്റെ ഭാഗമായി 60 അമേരിക്കൻ നിർമ്മിത വാട്ടർ പ്യൂരിഫിക്കേറ്റർ (Sawyer One) കണ്ണാടി, ചേന്നങ്കരി ഇടവകകളിൽ വിതരണം ചെയ്തു. അമേരിക്കയിലെ നാഷ്‌വിൽ സെന്റ് തെരേസാസ് സീറോ മലബാർ കമ്മ്യൂണിറ്റിയും ഇന്ത്യയിലെ കൺവെഞ്ചൽ ഫ്രാൻസിസ്ക്കൻ ഫ്രെയേഴ്സും ചേർന്നാണ് ഇത് നടപ്പിലാക്കിയത്. ചേന്നങ്കരി, കണ്ണാടി പ്രദേശങ്ങളിലെ 600 ഓളം കുടുംബങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കാൻ ഇടയായ Sawyer One ഉപകരണങ്ങളുടെ ആശീർവ്വാദ കർമ്മം അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് 2018 സെപ്റ്റംബർ 14 ന് നിർവ്വഹിച്ചു. കണ്ണാടി സെന്റ് റീത്താസ് ഇടവകയെയും, ചേന്നങ്കരി ലൂർദ്ദ് മാതാ ഇടവകയെയും, ദത്തെടുക്കുവാൻ സന്നദ്ധത കാണിച്ച നാഷ്‌വില്ലിലെ ശ്രീ. സാം ആന്റോ പുത്തൻകളത്തിനും, ശ്രീ. ബബിലൂ ചാക്കോയ്ക്കും, കൂടാതെ ഫാ. ജോൺ OFM കൺവെഞ്ചൽ ഫാ. ടോമി പുളിയനാം പട്ടയിൽ MSFS, ഫാ. നോബിൾ ഡൊമിനിക് MSFS, ബിജു ജോസഫ്, ചിഞ്ചു ജേക്കബ്, സിബി സ്റ്റീഫൻ, മുതലായ എല്ലാ സഹോദരങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു.

## R.O. Plant - (Reverse Osmosis Plant)

കുട്ടനാട്ടിലെ സെന്റ് ജോസഫ് കുട്ടമംഗലം, മാർ സ്ലീവാ പൊങ്ങ, സെന്റ് ജോൺസ് തെക്കേക്കര, മാർ തോമ്മാശ്ലീഹാ നിരണം എന്നീ ഇടവക അതിർത്തിയിലുള്ള നാനാജാതി മതസ്ഥർക്ക് ശുദ്ധജലം ലഭിക്കത്തക്ക രീതിയിൽ (മണിക്കൂറിൽ 2000 ലിറ്റർ) Reverse Osmosis Plant (R.O. Plant with 5 stages of purifications) നിർമിക്കുന്നു.

ചങ്ങനാശ്ശേരി അതിരൂപതയുടെ 100 കോടി പദ്ധതിയോട് ചേർന്ന് നിർമ്മിക്കുന്ന ആർ. ഒ. പ്ലാന്റിന് സാമ്പത്തിക സഹായം നൽകുന്നത്. പ്രവാസി അപ്പോസ്തലേറ്റിന്റെ ചങ്ങനാശ്ശേരി അതിരൂപതയുടെയും, ഷാർജയുടെയും എക്സിക്യൂട്ടീവായ ശ്രീ. സി. പ്രിൻസാണ്. ശ്രീ. പ്രിൻസിനോടും കുടുംബത്തിനോടുമുള്ള ഹൃദയംഗമമായ പ്രാർത്ഥനയും നന്ദിയും അറിയിക്കുന്നു.

a) **പഞ്ചവത്സരപദ്ധതി**

ചങ്ങനാശ്ശേരി അതിരൂപതയുടെ പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 2018 സെപ്റ്റംബർ 16 ഞായറാഴ്ച കുറുമ്പനാടം ഫൊറോന നേതൃത്വസംഗമം മാടപ്പള്ളി ലിറ്റിൽഫ്ളവർ ഇടവകയിൽ വച്ച് നടത്തപ്പെടുന്നു. മാടപ്പള്ളി വികാരി ബഹു. ഫാ. ചാക്കോ പുതിയാപറമ്പിൽ അച്ചൻ ഉദ്ഘാടന കർമ്മം നിർവ്വഹിച്ച പ്രസ്തുത സംഗമത്തിൽ നോർക്ക റിക്രൂട്ട്മെന്റ് അസി. മാനേജർ ശ്രീ. മോഹനൻ ക്ലാസ്സെടുത്തു. മാടപ്പള്ളി ഇടവക കൈക്കാരന്മാരോടൊപ്പം അതിരൂപത പ്രവാസി

എക്സിക്യൂട്ടീവ് അംഗങ്ങളും സംഗമത്തിന് നേതൃത്വം നൽകി. സംഗമത്തിൽ 100-ൽ പരം അംഗങ്ങൾ പങ്കെടുത്തു.

b) ഇടവക പ്രവാസി പ്രതിനിധികളുടെ ശ്രദ്ധയ്ക്ക് ഓരോ ഇടവകയിലും തെരഞ്ഞെടുക്കപ്പെട്ട പ്രവാസി പ്രതിനിധികൾ അതാത് പ്രവാസി കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. പ്രസ്തുത ലിസ്റ്റിന്റെ കോപ്പി അതിരൂപതയിൽ സമർപ്പിക്കുന്നതിനോടൊപ്പം ഇടവക വികാരിയച്ചന്മാരുടെ അനുവാദത്തോടെ പ്രവാസി രജിസ്റ്റർ തയ്യാറാക്കി പ്രവാസികളുടെ പേരു വിവരങ്ങൾ അതാത് ഇടവകയിലെ പ്രവാസി രജിസ്റ്ററിലും സൂക്ഷിക്കേണ്ടതാണ്.

c) സാമൂഹ്യമാധ്യമം - ഓരോ ഇടവകയിലുള്ള പ്രവാസി കുടുംബങ്ങളുമായുള്ള നിരന്തര സമ്പർക്കത്തിനും, വാർത്താവിനിമയത്തിനും, സഹായകമായ സോഷ്യൽ മീഡിയകൾ (ഫെയ്സ്ബുക്ക് ഗ്രൂപ്പ്, വാട്ട്സാപ്പ് ഗ്രൂപ്പ്) ഫോം രൂപീകരിക്കേണ്ടതാണ്.

### ആവേ മരിയ ഹോളിഡെയ്സ് & വെഞ്ച്വർസ് എൽ.എൽ.പി.

ചങ്ങനാശ്ശേരി പ്രവാസി അപ്പോസ്തലേറ്റിന്റെ പുതിയ സംരംഭമായ ആവേ മരിയ ഹോളിഡെയ്സ് & വെഞ്ചർസ് എൽ.എൽ.പി.ക്ക് ഗവൺമെന്റ് അംഗീകാരം 2018 സെപ്റ്റംബർ 3ന് ലഭിക്കുകയുണ്ടായി. 30 പ്രവാസികളുടെ നിക്ഷേപത്താൽ ആരംഭിച്ചിരിക്കുന്ന ഈ പ്രസ്ഥാനം ഇന്ത്യയ്ക്ക് അകത്തും പുറത്തുമുള്ള എല്ലാവിധ വിനോദ, വിദേശ, വിദ്യാഭ്യാസ, തൊഴിൽ കുടുംബ സഞ്ചാരങ്ങൾക്കും ഇതര സേവനങ്ങൾക്കും ലഭ്യമാക്കുന്നതാണ്.

സ്നേഹപൂർവ്വം,

**ഫാ. സണ്ണി പുത്തൻപുരയ്ക്കൽ**
(ഡയറക്ടർ)

## ഫാമിലി മിനിസ്ട്രി കൗൺസിലിംഗ് കോഴ്സ്

ചങ്ങനാശ്ശേരി: തുരുത്തി കാനായിൽ പ്രവർത്തിക്കുന്ന പൊന്തിഫിക്കൽ ജോൺപോൾ രണ്ടാമൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നാലു മാസം നീണ്ടു നിൽക്കുന്ന ഫാമിലിമിനിസ്ട്രി & കൗൺസിലിംഗ് കോഴ്സ് ആരംഭിക്കുന്നു. ഈ പരിശീലന പരിപാടി 2018 ഒക്ടോബർ 01 ന് ആരംഭിച്ച് 2019 ജനുവരി 25ന് അവസാനിക്കുന്നു. കുടുംബ പ്രേഷിതരംഗത്തു പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നവർക്കുള്ള ഈ കുട്ടികളുടെ കൗൺസിലിംഗ്, യുവജന കൗൺസിലിംഗ്, ഹോംമിഷൻ, ഹോസ്പിറ്റൽ കൗൺസിലിംഗ് എന്നിവയിൽ പരിശീലനം നൽകുന്നു. മനഃശാസ്ത്ര സാമൂഹ്യ ശാസ്ത്ര രീതികളും, ആദ്ധ്യാത്മികതയും സഭാംഗമായി യോജിപ്പിച്ചുള്ള പരിശീലന പരിപാടിക്ക് നേതൃത്വം നൽകുന്നത് ദൈവശാസ്ത്ര, മനഃശാസ്ത്രരീതികളും, ആദ്ധ്യാത്മികതയും സമഗ്രമായി യോജിപ്പിച്ചുള്ള പരിശീലനപരിപാടിക്ക് നേതൃത്വം നൽകുന്നത് ദൈവശാസ്ത്ര, മനഃശാസ്ത്ര, സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ പ്രാവീണ്യമുള്ളവരാണ്. പരിശീലനപരിപാടിയിൽ പൂർണ്ണമായും സംബന്ധിക്കുന്നവർക്ക് പൊന്തിഫിക്കൽ ജോൺപോൾ രണ്ടാമൻ ഇൻസ്റ്റിറ്റ്യൂട്ട് നൽകുന്ന ഡിപ്ലോമാ സർട്ടിഫിക്കറ്റ് ലഭിക്കുന്നു. രജിസ്ട്രേഷൻ അവസാന തീയതി 2018 സെപ്റ്റംബർ 27.

*കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും ബന്ധപ്പെടുക.*
*കോൺടാക്ട് നമ്പർ: 8289833641, 0481-2321144*

## നൂറ്റാണ്ടിലെ വലിയ പ്രളയക്കെടുതിയിൽ അകപ്പെട്ടവരെ സഹായിച്ച യുവജനങ്ങളെ ആദരിച്ചു.

ഈ നൂറ്റാണ്ടിലെ വലിയ പ്രളയത്തിൽ അകപ്പെട്ട നാനാജാതിമതസ്ഥരായിട്ടുള്ളവർക്ക് വിവിധ തരത്തിലുള്ള സേവനങ്ങൾ ചെയ്തുകൊടുക്കുകയും, ജീവൻ പണയം വെച്ച് അവരെ രക്ഷിക്കുകയും വിവിധ ശുശ്രൂഷകൾ ചെയ്തു കൊടുക്കുകയും ചെയ്ത യുവജനങ്ങളെ അതിരൂപതാ യുവദീപ്തി എസ്സ്. എം.വൈ.എം. ആദരിച്ചു. സെപ്റ്റംബർ 16-ന് ഞായറാഴ്ച രാവിലെ 11 മണിക്ക് ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ അതിരൂപതാ പ്രസിഡണ്ട് ഷിജോ മാത്യു ഇടയാടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം ചാസ് ജോയിന്റ് ഡയറക്ടർ ഫാ. ജോർജ് മാന്തുരുത്തിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ആമുഖപ്രസംഗം നടത്തി. അതിരൂപതാ മുൻ പ്രസിഡന്റും, വാഴപ്പള്ളി പഞ്ചായത്ത് പ്രസിഡന്റുമായ ശ്രീ. വർഗ്ഗീസ് ആന്റണി യുവജനങ്ങൾക്ക് അനുമോദനങ്ങൾ അർപ്പിച്ചു പ്രസംഗിച്ചു. അതിരൂപതാ ആനിമേറ്റർ സി. സെലിൻ ജോസ് എസ്.ഡി., ലാലിച്ചൻ മറ്റത്തിൽ, ആൻ മരിയ ജോസ്, അഖിൽ ജോർജ് ചാക്കോ, ടോണി മണി മാലപറമ്പിൽ, റോസ് മരിയ സെബാസ്റ്റ്യൻ, അഞ്ജലി പി. തോമസ് എന്നിവർ പ്രസംഗിച്ചു. ഫാ. ജോർജ് മാന്തുരുത്തിൽ, ശ്രീ. വർഗ്ഗീസ് ആന്റണി, ഫാ. ജേക്കബ് ചക്കാത്ര എന്നിവർ ചേർന്നു അനുമോദനസൂചകമായി, ദുരിതാശ്വാസപ്രവർത്തനങ്ങളിൽ ഏറ്റം സ്തുത്യർഹമായ പ്രവർത്തനങ്ങൾ നടത്തിയ യുവജനങ്ങൾക്ക് മെമന്റോകൾ സമ്മാനിച്ചു. സീനാ ചെറിയാൻ ബ്ര. ജോജോ പള്ളിച്ചിറ, ക്രിസ്റ്റി ഡേവീസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## തിരുവനന്തപുരം ഫൊറോനാ പ്രാർത്ഥനാ പഠന പരിശീലനക്യാമ്പ്

തിരുവനന്തപുരം ഫൊറോനായുടെ 2018 പ്രവർത്തന വർഷത്തിലെ പ്രാർത്ഥനാ പഠനപരിശീലനക്യാമ്പ് സെപ്റ്റംബർ 19,20,21 തീയതികളിൽ വെഞ്ഞാറംമൂട് അമലാ പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തി. ഫൊറോനാ പ്രസിഡന്റ് അഗസ്റ്റ്യൻ സൂരജ് കെ. ജെ.യുടെ അദ്ധ്യക്ഷതയിൽ ചെർന്ന സമ്മേളനത്തിൽ വച്ച് അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. ജിബിൻ കേഴപ്ലാക്കൽ ആമുഖ പ്രഭാക്ഷണം നടത്തി. സി. നാൻസി റോസ് സി.എച്ച്.എഫ്., ജോയിസ് വിൻസന്റ്, ആൻ തുഷാര എബ്രാഹം, ജോസഫ് കെ. സജിത് എന്നിവർ പ്രസംഗിച്ചു. അതിരൂപതാ വികാരി ജനറാൾ വെരി. റവ. ഡോ. മാണി പുതിയിടം ക്യാമ്പ് സന്ദർശിച്ച് സന്ദേശം നൽകി. ഫൊറോനാ വികാരി വെരി. റവ. ഫാ. ജോസ് വിരുപ്പേൽ ക്യാമ്പ് അംഗങ്ങളെ സന്ദർശിച്ച് മാർഗ്ഗ നിർദ്ദേശം നൽകി. ഫാ. ജേക്കബ് ചക്കാത്ര, റവ. ഡോ. ജോസഫ് കൊല്ലാറ, അഡ്വ. ജോജി ചിറയിൽ, ജെഫിൻ തോമസ് എന്നിവർ ക്യാമ്പിൽ ക്ലാസ്സുകൾ നയിച്ചു. ബ്രദർ ജോജോ പള്ളിച്ചിറ, നീന ചെറിയാൻ, റ്റോണി മണിമലപറമ്പിൽ, ദിയ, തോമസ് എന്നിവർ ക്യാമ്പ് നയിച്ചു.

## പ്രാർത്ഥനാ പഠന പരിശീലന ക്യാമ്പ്- കൊല്ലം

കൊല്ലം ഫൊറോനയുടെ ഈ വർഷത്തെ പ്രാർത്ഥനാ പഠന പരിശീലനക്യാമ്പ് സെപ്റ്റംബർ 21,22,23 തീയതികളിൽ ആര്യങ്കാവ് സെന്റ് മേരീസ് സ്കൂളിൽ വച്ചു

നടത്തി. ഫൊറോനാ പ്രസിഡന്റ് നിവിൻ സോയിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ വച്ച് ഫൊറോന വികാരി വെരി. റവ. ഫാ. ഏബ്രഹാം കരിഷിങ്ങാംപുറം ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

ഫൊറോനാ ഡയറക്ടർ ഫാ. തോമസ് കാരയ്ക്കാട്ട് ഫാ. തോമസ് പുത്തൻപുരയ്ക്കൽ, അതിരൂപതാ പ്രസിഡണ്ട് ഷിജോ മാത്യൂ ഇടയാടി, ജന. സെക്രട്ടറി അഖിൽ ജോർജ് ചാക്കോ, റ്റോണി മണിമലപറമ്പിൽ, റോസ് മരിയ സെബാസ്റ്റ്യൻ, അഞ്ജലി പി. തോമസ്, സി. സെലിൻ ഡി.എസ്.എ., ബക്സൺ ഡേവിഡ്, ഫെമി മരിയ ഫെലിക്സ് എന്നിവർ പ്രസംഗിച്ചു. ഫാ. ജോൺസൺ ചാലയ്ക്കൽ, ഫാ. ബിന്നി കയ്യാനിൽ, ഫാ. ജേക്കബ് ചക്കാത്ര, അഡ്വ. ജോജി ചിറയിൽ എന്നിവർ ക്യാമ്പിലെ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ബ്രദർ ജോജോ പള്ളിച്ചിറ, അഞ്ജലി പി. തോമസ്, റോസ് മരിയ സെബാസ്റ്റ്യൻ, അജയ് വർഗ്ഗീസ്, ജോബിൻ ജോസഫ് എന്നിവർ ക്യാമ്പ് നയിച്ചു.

### യുവജനമാസാചരണം ചെത്തിപ്പുഴ എസ്.എച്ച്. യൂണിറ്റ്

ചെത്തിപ്പുഴ എസ്.എച്ച്. യൂണിറ്റിൽ യുവജന മാസാചരണത്തിൻെറ ഉദ്ഘാടനം സെപ്റ്റംബർ 1-ന് നടത്തി. യുവദീപ്തി എസ്.എം.വൈ.എം. അതിരൂപതാ ആനിമേറ്റർ സി. സെലിൻ ജോസ് എസ്.ഡി. പതാക ഉയർത്തി സന്ദേശം നൽകി ഉദ്ഘാടനം ചെയ്തു. ചെത്തിപ്പുഴ ആശ്രമം പ്രിയോർ ഫാ. സെബാസ്റ്റ്യൻ അട്ടിച്ചിറ സന്ദേശം നൽകി. സെപ്റ്റംബർ മാസം മുഴുവൻ യുവജനമാസത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

### ഒക്ടോബർ 2 ഉപവാസപ്രാർത്ഥനാദിനം

ഒക്ടോബർ 2 ഉപവാസ പ്രാർത്ഥനാദിനമായി (ലോക അഹിംസാദിന)മായി ആചരിക്കുന്നു. അന്നേദിവസം ഓരോ ഫൊറോനായിലേയും തെരഞ്ഞെടുത്ത യൂണിറ്റുകളിൽ ഫൊറോനായിലെ മുഴുവൻ യുവജനങ്ങളും ഒരുമിച്ചുകൂടി മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഉപവസിച്ചു പ്രാർത്ഥന നടത്തേണ്ടതാണ്. ഇതോടൊപ്പം ക്ലാസ്സുകൾ, ആരാധന, കുമ്പസാരം, വി. കുർബാന എന്നിങ്ങനെ ക്രമീകരിക്കാവുന്നതാണ്.

### ഒക്ടോബർ മാസത്തിലെ പരിപാടികൾ

| | | |
|---|---|---|
| 2 | : | ഉപവാസ പ്രാർത്ഥനാദിനം ഫൊറോനകളിലെ തെരഞ്ഞെടുത്ത യൂണിറ്റുകളിൽ യുവജനങ്ങൾ ഒരുമിച്ചുകൂടി ഉപവസിച്ചു പ്രാർത്ഥിക്കുന്നു. |
| 7 | : | സെനറ്റ് മീറ്റിംഗ് |
| 13-14 | : | ദുരിതാശ്വാസ അനുബന്ധ പ്രവർത്തനങ്ങൾ |
| 19 | : | അതിരൂപതാതല കൃതജ്ഞതാ പ്രകാശനം |
| 21 | : | സന്ദർശന പരിപാടികൾ |
| 28 | : | ഫൊറോനാ സന്ദർശനം |

## വിവാഹ ഒരുക്ക ധ്യാനം

| OCTOBER | NOVEMBER | DECEMBER | JANUARY 2019 |
|---|---|---|---|
| 1, 2, 3 (Zion) | 5, 6, 7 (Chry) | 10, 11, 12 (Zion) | 7, 8, 9 (Chry) |
| 8, 9, 10 (Zion) | 12, 13, 14 (Zion) | 21, 22, 23 (Zion) | 21, 22, 23 (Zion) |
| 22, 23, 24 (Chry) | 19, 20, 21 (Zion) | 28, 29, 30 (Chry) | 28, 29, 30 (Chry) |
| | 26, 27, 28 (Chry) | | |

## ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി കമ്മീസിയത്തിന്റെ 782-ാമതും കൂരിയായുടെ 1022-ാമ തും സമ്മേളനം 09.09.2018 ൽ പ്രസിഡന്റ് ബ്ര. തോമസ് ഫിലിപ്പ് പാലാത്തറയുടെ അദ്ധ്യക്ഷതയിൽ പാറേൽ ലീജിയൻ ഹാളിൽ ഉച്ചകഴിഞ്ഞ് രണ്ടരയ്ക്കു നടക്കുക യുണ്ടായി. പ്രാരംഭപ്രാർത്ഥന, ജപമാല എന്നിവയ്ക്കുശേഷം പ്രസിഡന്റ് നിയമ ഗ്രന്ഥം ചാപ്റ്റർ 19 ന്റെ പത്താംഭാഗം വായിച്ചു. പ്രാർത്ഥനകൾക്കു താമസിച്ചുവരി കയോ നേരത്തെ തിരിച്ചുപോകുകയോ ചെയ്യരുത്. പ്രാരംഭ പ്രാർത്ഥനകൾക്കു വന്നുചേരാത്ത സൈനികർ മുട്ടുകുത്തി ജപമാലയ്ക്കു മുമ്പുള്ള തെസേരാ യിലെ ജപങ്ങളും അതുകഴിഞ്ഞുള്ള സംബോധനാപേക്ഷകളും തനിച്ചുചൊല്ലേ ണ്ടതാണ്. ജപമാലയ്ക്കു ഹാജരാകാതെ വന്നാൽ ആ നഷ്ടം അപരിഹാര്യമാണ്. ഇതായിരുന്നു ജ്ഞാനവായന മുഖ്യസന്ദേശം.

വൈസ് പ്രസിഡന്റിന്റെ അഭാവത്തിൽ ജോയിന്റ് സെക്രട്ടറി ബ്രദർ ഐസക്ക് ആന്റണി കരിങ്കണാമറ്റം, കൂത്രപ്പള്ളി, അതിരമ്പുഴ കൂരിയാകളിൽ നിന്നുവന്ന വർക്കും ചങ്ങനാശ്ശേരി കമ്മീസിയവുമായി നേരിട്ടു ബന്ധമുള്ള 25 പ്രസീദിയ ങ്ങളെ പ്രതിനിധീകരിച്ചു വന്ന എല്ലാ ഭാരവാഹികൾക്കും മരിയൻ സൈനികർക്കും മാതാവിന്റെ നാമത്തിൽ സ്വാഗതം ആശംസിച്ചു. സിസ്റ്റർ എത്സമ്മ കോട്ടപ്പുറം ഹാജർ രേഖപ്പെടുത്തി. ഏകദേശം 40 പേർ സന്നിഹിതരായിരുന്നു. സെക്രട്ടറി ജെമിനി സുരേഷ് കണ്ണമ്പള്ളി കഴിഞ്ഞ മാസത്തെ പ്രവർത്തന റിപ്പോർട്ട് ഉം സിസ്റ്റർ എത്സമ്മ ആഗസ്റ്റ് മാസത്തെ വരവുചിലവു കണക്കുകളും അവതരിപ്പി ക്കുകയും യോഗം പാസ്സാക്കുകയും ചെയ്തു. ചർച്ചകൾ നടത്തി തീരുമാനങ്ങൾ സ്വീകരിച്ചു. തുടർന്ന് സൈനിക ജപശൃംഖല ചൊല്ലി. ശേഷം മുൻ പ്രസിഡന്റ് ബ്രദർ ബേബിച്ചൻ മതിച്ചിപറമ്പൻ പ്രഭാഷണം നടത്തി. മാതാവിന്റെ ഫാത്തിമാ സന്ദേശം ആയിരുന്നു വിഷയം.

കൂത്രപ്പള്ളി കൂരിയ പ്രസിഡന്റ് ബ്രദർ പി.സി. തോമസ് പൂവത്തുംമൂട്ടിലിന്റെ ആത്മശാന്തിയ്ക്കായി പ്രത്യേകം പ്രാർത്ഥന നടത്തി. കമ്മീസിയം ഭാരവാഹികൾ എല്ലാവരും പരേതന്റെ കൂത്രപ്പള്ളിയിലെ ഭവനത്തിൽ പോയി പ്രാർത്ഥനകളിൽ പങ്കുചേരുകയും കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്തു. ചില സാങ്കേതിക കാരണങ്ങളാൽ സെപ്റ്റംബർ ലക്കം മദ്ധ്യസ്ഥനിൽ പ്രസിദ്ധീ കരിച്ചപ്രകാരം ഒക്ടോബർ 14 ന് ജപമാല റാലി നടത്തുവാൻ സാധിക്കുകയില്ല. പകരം ഒക്ടോ. 28 ഞായർ 2 p.m. -ന് അരമന ഗ്രോട്ടോയിൽ നിന്നും പാറേൽപ ള്ളിയിലേക്ക് നടത്തുന്നതായിരിക്കും. ഇതിലേയ്ക്ക് എല്ലാ മരിയൻ ഭക്തരേയും സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

**അടുത്ത മാസം റിപ്പോർട്ട് സമർപ്പിക്കേണ്ട പ്രസീദിയങ്ങൾ :**

1. അമലോത്ഭവനാഥ സെന്റ് സെബാസ്റ്റ്യൻ ചർച്ച് കൊടിനാട്ടുംകുന്ന്
2. വാഗ്ദാനത്തിന്റെ രാജ്ഞി പെരുന്താനം
3. രക്ഷകന്റെ മാതാവ് തൃക്കൊടിത്താനം

ദൈവദാസൻ ഫ്രാങ്ക് ഡഫിനെ വിശുദ്ധനാക്കുന്നതിനുള്ള പ്രാർത്ഥനയും, അവസാന ജപവും ചൊല്ലി ചെറിയൊരു ചായ സൽക്കാരത്തിനുശേഷം പരസ് പരം സ്തുതിയും കൊടുത്ത് സൈനികർ സ്വഭവനങ്ങളിലേയ്ക്കു പോയി.

എന്ന്

**റവ. ഫാ. ജോജോ പുതുവേലിൽ**
ആദ്ധ്യാത്മീക നിയന്താവ്

**സി. ജെമിനി സുരേഷ് ജെ. കണ്ണമ്പള്ളി**
(സെക്രട്ടറി)

പ്രിയ സഹോദരീ സഹോദരന്മാരെ,

''നാഥാ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമെ'' ഫ്രാൻസിസ്ക്കൻ ദർശനത്തിന്റെ മാനിഫെസ്റ്റോയാണ് സമാധാന പ്രാർത്ഥന. അഴിമതിയും, ചൂഷണവും, മൂല്യച്യുതിയും മൂലം കീറിമുറിഞ്ഞ ലോകത്തിന് ജീവന്റെ സന്ദേശം പകരുന്ന ഒരു സങ്കീർത്തനമായി അസ്സീസിയിലെ വി. ഫ്രാൻസീസിന്റെ ജീവിതവും വിശുദ്ധിയും ജനകീയവൽക്കരിക്കപ്പെട്ടിട്ടുണ്ട്. അനവദ്യസുന്ദരമായ ആ കാവ്യശില്പം ഫ്രാൻസിസ്ക്കൻ ചൈതന്യത്തിന്റെ ഗിരിപ്രഭാഷണമത്രെ. അതിന്റെ ഏറ്റവും സുന്ദരമായ ഈ രൂപരേഖ ഫ്രാൻസിസ്ക്കൻ ജീവിതത്തിന്റെ ജീവത്തായ ആവിഷ്ക്കരണമാണ്.

വി. ഫ്രാൻസിസിനെ സ്മരിക്കുകയും പ്രാർത്ഥിക്കുകയും തിരുനാൾ ആചരിക്കുകയും ചെയ്യുന്ന ദിവസങ്ങളാണല്ലോ കടന്നുവരുന്നത്. തിരുനാൾ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നതോടൊപ്പം നൊവേന പ്രാർത്ഥനയുടെ ഒരുക്കത്തിൽ എല്ലാ ഭ്രാതൃത്വങ്ങളിലും തിരുനാൾ വിപുലമായി ആഘോഷിച്ചു എന്നു കരുതുന്നു. ഫ്രാൻസിസ്കൻ മൂന്നാംസഭാംഗങ്ങളെ സംബന്ധിച്ചിടത്തോളം ഒക്ടോബർ, നവംബർ മാസങ്ങൾ വളരെ സുപ്രധാനങ്ങളാണല്ലോ. SFO അതിരൂപതാവാർഷികവും തിരുനാളും SFO ശതോത്തര സുവർണ്ണ ജൂബിലി സമാപനം, ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 110-ാം ചരമവാർഷീകാചരണം എന്നിവയുടെ നടത്തിപ്പിന്റെ തീയതികൾ നിശ്ചയിച്ച് അറിയിക്കുന്നതായിരിക്കും. പ്രളയാനന്തരമുള്ള ആഘോഷങ്ങളായതുകൊണ്ട് ഇവയെല്ലാം വളരെ ലളിതമായും എന്നാൽ പ്രാർത്ഥനാചൈതന്യത്തിലും നടത്തുവാനാണ് തീരുമാനം. അതിനായി നമ്മുടെ എല്ലാ ആഘോഷങ്ങളും പ്രവർത്തനങ്ങളും ഈശോയുടെ കരങ്ങളിൽ സമർപ്പിച്ചുകൊണ്ട് ഫ്രാൻസിസ്ക്കൻ ചൈതന്യത്തിൽ എളിമയിലും, സാഹോദര്യത്തിലും നടത്തുവാൻ നമുക്ക് ഒത്തൊരുമയോടെ പരിശ്രമിക്കാം.

## നിര്യാതരായി

തുരുത്തി മർത്ത്മറിയം ഫൊറോനാ ഭ്രാതൃത്വത്തിലെ സീനിയർ അംഗവും മുൻ ഫോർമേറ്ററുമായ വി.എസ്. ചാക്കോ പുറവടി (ഗ്രേസ് ഹൗസ്) 84, നാലുകോടി സെന്റ് തോമസ് ഭ്രാതൃത്വാംഗം ബാബു ജോസഫ് ഭഗവതിപറമ്പ് 78, വാഴപ്പള്ളി ഗെത്സെമനി ആശ്രമ ഭ്രാതൃത്വാംഗവും, മുൻ പ്രസിഡന്റുമായിരുന്ന ലീലാമ്മ ദേവസ്യ വൈപ്പിശ്ശേരിയുടെ മകൻ ലിജോ സെബാസ്റ്റ്യൻ 45 എന്നിവർ നിര്യാതരായി. SFO നേതൃത്വാംഗങ്ങൾ പരേതരുടെ ഭവനത്തിലെത്തി അനുശോചനം അറിയിക്കുകയും ഒപ്പീസ് പ്രാർത്ഥന ചൊല്ലുകയും മൃതസംസ്കാര കർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. പരേതർക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കുക.

SFO അതിരൂപതാ വാർഷീകവും തിരുനാളും, ശതോത്തര സുവർണ്ണ ജൂബിലിയുടെ സമാപനം, ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 110-ാം ചരമവാർഷികം എന്നീ പരിപാടികൾ ഓർമ്മയിലിരിക്കട്ടെ! ഒരിക്കൽക്കൂടി തിരുനാൾ മംഗളങ്ങൾ ആശംസിച്ചുകൊണ്ട്,

ഒത്തിരി സ്നേഹത്തോടെ,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. തോമസ് വെട്ടിക്കാലായിൽ** OFM. Cap.
SFO അതിരൂപതാ Spiritual Assistant

## വെള്ളപ്പൊക്ക ദുരിതാശ്വാസ കിറ്റുവിതരണം നടത്തി

വെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിച്ച കുട്ടനാട്, അപ്പർകുട്ടനാട് എന്നീ സ്ഥലങ്ങളിലെ ദലിത് കത്തോലിക്കാ കുടുംബങ്ങൾക്ക് അതിരൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ 09.09.2018 വ്യാഴാഴ്ച കിറ്റു വിതരണം നടത്തി.

## DCMS സംസ്ഥാനകമ്മറ്റിയുടെ രൂപതാസന്ദർശനം

DCMS സംസ്ഥാന ഡയറക്ടർ റവ. ഫാ. ഷാജ്കുമാറിന്റെ നേതൃത്വത്തിൽ സംസ്ഥാന പ്രസിഡന്റും മറ്റു കമ്മറ്റിയംഗങ്ങളും ചേർന്നു 09.09.2018 ഞായറാഴ്ച 2 മണിക്കു അതിരൂപതാ പാസ്റ്ററൽ സെന്ററിൽ എത്തിച്ചേർന്നു. അതിരൂപതാ ഡയറക്ടർ ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരിയും DCM, DCYL, DCVS ഭാരവാഹികളും ചേർന്നു സ്വീകരിച്ചു. തുടർന്നു നടന്ന സമ്മേളനത്തിൽ വൈസ് പ്രസിഡന്റ് സിജോ ജേക്കബ് സ്വാഗതം പറഞ്ഞു. യോഗത്തിൽ വിവിധ വിഷയങ്ങളിൽ ചർച്ച നടന്നു. സഭയുടെയും, CMI സഭയുടെയും സ്ഥാപനങ്ങളിൽ ദലിത് ക്രൈസ്തവർക്കു അർഹമായ പ്രാതിനിധ്യം ലഭിക്കുന്നില്ലായെന്ന പരാതി ഉയർന്നു. സംസ്ഥാന ഡയറക്ടർ ചർച്ചകൾക്കു മറുപടിയും സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിച്ചു. തുടർന്നു ജെസ്സി ജോൺ അതിരൂപതാ റിപ്പോർട്ടു അവതരിപ്പിച്ചു. പി.ഡി. ജോസഫ് യോഗത്തിനു നന്ദി പറഞ്ഞു. 4 മണിയോടെ യോഗം സമാപിച്ചു.

## മെമ്പർഷിപ്പു വിതരണവും യുവജനസംഗമവും

DCYL നേതൃത്വത്തിൽ നടത്തിയ യുവജനസർവ്വേയുടെ അടിസ്ഥാനത്തിൽ യൂണിറ്റുകളിൽനിന്നുള്ള അംഗങ്ങൾക്കു മെമ്പർഷിപ്പു വിതരണവും, യുവജന സംഗമവും 21.09.2018 വെള്ളിയാഴ്ച 10 മണിമുതൽ എസ്.ബി. ഹയർ സെക്കണ്ടറി സ്കൂളിൽ നടന്നു. അതിരൂപതാ DCMS പ്രസിഡന്റ് ജയിംസ് ഇലവുങ്കൽ പരിപാടി ഉദ്ഘാടനം ചെയ്തു.

## DCVS ന്റെ നേതൃത്വത്തിൽ സെമിനാർ

അതിരൂപതാ വനിതാസംഘത്തിന്റെ നേതൃത്വത്തിൽ 09.09.2018 ഞായർ 10 മണിമുതൽ സംഘത്തിന്റെ കൗൺസിലും അർദ്ധദിനസെമിനാറും പാസ്റ്ററൽ സെന്ററിൽ നടന്നു. ചാസ് കോ-ഓർഡിനേറ്റർ ബിനു **'ക്യാൻസറും പ്രതിരോധ മാർഗ്ഗങ്ങളെയും'**ക്കുറിച്ചും ക്ലാസ്സെടുത്തു. 30 വനിതകൾ പങ്കെടുത്തു.

## സംസ്ഥാനപ്രതിനിധി സമ്മേളനവും, നീതിഞായർ സമ്മേളനവും

DCMS സംസ്ഥാനപ്രതിനിധി സമ്മേളനവും, നീതി ഞായർ സമാപന സമ്മേളനവും 2018 സെപ്റ്റംബർ 22-ാം തീയതി രാവിലെ 10 മുതൽ ജൂബിലി ആനിമേഷൻ സെന്റർ വെള്ളയമ്പലം തിരുവനന്തപുരത്തുവച്ചു നടക്കും. അഭിവന്ദ്യ പിതാവു മാർ ജേക്കബ് മുരിയ്ക്കൻ, റൈറ്റ് റവ. ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ, ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ, ഡയറക്ടർ ഫാ. ഷാജ്കുമാർ തുടങ്ങിയവരും സംസ്ഥാന ഭാരവാഹികളും വിവിധ രൂപതകളിൽനിന്നുള്ള പ്രവർത്തകരും സമ്മേളനത്തിൽ പങ്കെടുക്കും.

വിശ്വസ്തതാപൂർവ്വം,

**ഫാ. മാത്യൂ ജോസഫ്**
*(ജ:സെക്രട്ടറി)*

**ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി**
*(ഡയറക്ടർ)*

ബഹു. അച്ചാ/സുഹൃത്തേ,
**ചാസിൽ നിന്നും ആശംസകൾ!!!**

വിനാശകരമായ ഒരു ജലപ്രളയത്തെ അതിജീവിച്ച് നാം സാധാരണജീവിതത്തിലേയ്ക്ക് മടങ്ങി എത്തിയിരിക്കുകയാണല്ലോ. ദുരിതാശ്വാസ സഹായങ്ങൾ സ്വീകരിച്ചും നൽകിയും നാമെല്ലാവരും ഈ പ്രളയത്തിന്റെ ഭാഗമായിത്തീർന്നിരുന്നു. നമ്മുടെ അവകാശങ്ങൾക്കായി നിലകൊള്ളുമ്പോൾ തന്നെ നമ്മുടെ കർത്തവ്യങ്ങൾ പാലിക്കുക എന്നതും ഉത്തരവാദിത്വ ജീവിതത്തിന്റെ ഭാഗമാണെന്ന് നാം തിരിച്ചറിയുന്നു. സർക്കാർ സംവിധാനങ്ങളുടെ ആനുകൂല്യങ്ങൾ ചോദിച്ചു വാങ്ങുകയും അതോടൊപ്പം ഉത്തരവാദിത്വബോധത്തോടെ പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുകയും നടപ്പാക്കുകയും ചെയ്യണം. സഹായം എല്ലാവർക്കും ലഭ്യമാവുക എന്നുള്ളതല്ല, അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുക എന്നുള്ളതാണ് പ്രധാനം. നമ്മുടെ സ്വാശ്രയസംഘങ്ങളേയും ക്രെഡിറ്റ് യൂണിയനുകളേയും ശക്തമാക്കി സ്വയം തൊഴിൽ പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു. ഇനിയും സർക്കാർ സഹായങ്ങൾ പ്രത്യേകിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായവും, നാശനഷ്ടങ്ങളുടെ സഹായവും സർക്കാരിൽനിന്നും ലഭിക്കുന്നതിന് നമ്മൾ സ്വയം പരിശ്രമിക്കുകയും, ഹെൽപ്പ് ഡെസ്ക്കിന്റെ സഹായം തേടുകയും ചെയ്യണം.

നമ്മുടെ ആത്മവിശ്വാസം വീണ്ടെടുത്ത് കഠിനാധ്വാനത്തിലൂടെ പുതിയ സംരംഭങ്ങൾക്ക് തുടക്കംകുറിച്ച് ജീവിതമാർഗ്ഗം ഉറപ്പാക്കി കുട്ടനാടിന്റെ പുനർനിർമ്മാണത്തിൽ നമുക്ക് പങ്കാളികളാകാം. വെള്ളപ്പൊക്കത്തിൽ ഒലിച്ചുപോയ മാലിന്യക്കൂമ്പാരത്തെ വീണ്ടും സൃഷ്ടിക്കാതെ മാലിന്യസംസ്ക്കരണത്തിലൂടെയും ജൈവകൃഷിയിലൂടെയും മാലിന്യവിമുക്ത പ്രദേശമായി കുട്ടനാടിനെ നിലനിറുത്താം. മനുഷ്യ മനസുകളിൽ കടന്നുവന്ന സ്നേഹവും നന്മയും വളർത്തിയെടുത്ത് നാടിന്റെ പുരോഗതിക്കായി നമുക്ക് കൂട്ടായി സഹകരിക്കാം. കുടിവെള്ളക്ഷാമം അതിരൂക്ഷമായികൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ വെള്ളത്തിന്റെ അമിതോപയോഗം നിരുത്സാഹപ്പെടുത്തുകയും, ജലസംരക്ഷണവും മഴവെള്ളസംഭരണികളുടെ നിർമ്മാണവും പുന:രുദ്ധാരണവും അടിയന്തിര പ്രാധാന്യത്തോടെ പൂർത്തിയാക്കാം. പരസ്പര സഹകരണത്തിലൂടെയും കൂട്ടായ പ്രവർത്തനത്തിലൂടെയും നാടിന്റെ സുസ്ഥിതിക്കായി നമുക്ക് കൈകോർക്കാം.

വിശ്വസ്തതാപൂർവ്വം,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
(ഡയറക്ടർ)

## അറിയിപ്പുകൾ

**2018 ഒക്ടോബർ മാസത്തെ പ്രധാന പരിപാടികൾ**

| തീയതി | മേഖല | യൂണിറ്റ് | പരിപാടികൾ |
|---|---|---|---|
| 01.10.2018 | കോട്ടയം | പങ്ങട | SAFP FAT Meeting |
| 02.10.2018 | കുടമാളൂർ | മുടിയൂർക്കര | ഗാന്ധിജയന്തി ആഘോഷം |
| 04.10.2018 | മണിമല | വള്ളംചിറ | കാർഷികസെമിനാർ |
| | | | സ്വാശ്രയസംഘസംഗമം |

| | | | |
|---|---|---|---|
| 06.10.2018 | കോട്ടയം | അയർക്കുന്നം | SAFP FAT Meeting, സ്വാശ്രയസംഘസംഗമം, EAP |
| 06.10.2018 | കുടമാളൂർ | കുടമാളൂർ | സ്വാശ്രയസംഘസംഗമം |
| 06.10.2018 | ചങ്ങനാശ്ശേരി | കിടങ്ങറ | SAFP കേന്ദ്രതല മീറ്റിംഗ് |
| 08.10.2018 | എടത്വാ | കൊടുപ്പുന്ന | SAFP കേന്ദ്രതല മീറ്റിംഗ് |
| 09.10.2018 | എടത്വാ | മുട്ടാർ ഓൾഡ് | SAFP കേന്ദ്രതല മീറ്റിംഗ് |
| 11.10.2018 | അതിരമ്പുഴ | ഏറ്റുമാനൂർ | SAFP കേന്ദ്രതല മീറ്റിംഗ് |
| 11.10.2018 | എടത്വാ | പച്ച-ചെക്കിടിക്കാട് | AFP കേന്ദ്രതല മീറ്റിംഗ് |
| 12.10.2018 | എടത്വാ | തകഴി | SAFP കേന്ദ്രതല മീറ്റിംഗ് |
| 12.10.2018 | മണിമല | പെരുങ്കാവ് | സ്വയംതൊഴിൽ പരിശീലനം |
| 15.10.2018 | അതിരമ്പുഴ | അതിരമ്പുഴ | SAFP കേന്ദ്രതല മീറ്റിംഗ് |
| 15.10.2018 | എടത്വാ | എടത്വാ | SAFP കേന്ദ്രതല മീറ്റിംഗ് |
| 16.10.2018 | ആലപ്പുഴ | കൈതവന | SAFP കേന്ദ്രതല മീറ്റിംഗ് |
| 16.10.2018 | അതിരമ്പുഴ | മുടിയൂർക്കര | SAFP കേന്ദ്രതല മീറ്റിംഗ് |
| 16.10.2018 | എടത്വാ | പഴവങ്ങാടി | SAFP കേന്ദ്രതല മീറ്റിംഗ് |
| 18.10.2018 | കോട്ടയം | വടവാതൂർ | യൂണിറ്റുവാർഷികം |
| 18.10.2018 | അതിരമ്പുഴ | വെട്ടിമുകൾ | SAFP കേന്ദ്രതല മീറ്റിംഗ് |
| 19.10.2018 | ആലപ്പുഴ | പുന്നമട | SAFP കേന്ദ്രതല മീറ്റിംഗ് |
| 20.10.2018 | കുടമാളൂർ | മുടിയൂർക്കര | സ്വാശ്രയസംഘസംഗമം |
| 20.10.2018 | കുടമാളൂർ | ആർപ്പൂക്കര | ടഅഎജ കേന്ദ്രതല മീറ്റിംഗ് |
| 20.10.2018 | കോട്ടയം | ചേപ്പുംപാറ | പുരുഷസ്വാശ്രയസംഘം മേഖലതല ലീഡേഴ്സ് മീറ്റ് |
| 22.10.2018 | ആലപ്പുഴ | മണ്ണഞ്ചേരി | SAFP കേന്ദ്രതല മീറ്റിംഗ് |
| 23.10.2018 | മണിമല | മണിമല ഓൾഡ് | പുരുഷസ്വാശ്രയസംഘം മീറ്റ് |
| 23.10.2018 | കുട്ടനാട് | പുളിങ്കുന്ന് | SAFP കേന്ദ്രതല മീറ്റിംഗ് |
| 23.10.2018 | ചങ്ങനാശ്ശേരി | ഈര | SAFP കേന്ദ്രതല മീറ്റിംഗ് |
| 23.10.2018 | മണിമല | മണിമല ഓൾഡ് | പുരുഷസ്വാശ്രയസംഘം മീറ്റ് |
| 27.10.2018 | കുടമാളൂർ | ചീപ്പുങ്കൽ | സ്വാശ്രയസംഘസംഗമം |

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി **2018 സെപ്റ്റംബർ മാസം** ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**(1) SHG മരണാനന്തര സഹായം**

| **പേര്** | **സംഘം** | **യൂണിറ്റ്** | **മേഖല** |
|---|---|---|---|
| 375. ഷാജി ഫിലിപ്പ് | ഒരുമ | കുറിച്ചി | ചങ്ങനാശ്ശേരി |
| 376. ട്രീസാ ലിജു | ചെറുപുഷ്പം | കുറുമ്പനാടം | കുറുമ്പനാടം |
| 377. റ്റി. എ ചാക്കോ | സീയോൻ | പുത്തനങ്ങാടി | ആലപ്പുഴ |
| 378. ചാക്കോ വർഗ്ഗീസ് | പുലരി | കൊടുപ്പുന്ന | എടത്വാ |
| 379. കുഞ്ഞമ്മ കുട്ടപ്പൻ | ഓലിക്കൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 380. പി.സി. തോമസ് | സന്ധ്യാദീപം | കൈനകരി | കുട്ടനാട് |
| 381. കുര്യൻ വഞ്ചിക്കൽ | ഒരുമ | കിടങ്ങറ | ചങ്ങനാശ്ശേരി |
| 382. ലില്ലിക്കുട്ടി ജോസഫ് | ദൃശ്യ | പൂന്തോപ്പ് | ആലപ്പുഴ |
| 383. പെണ്ണമ്മ തോമസ് | വികാസ് | തെള്ളകം | അതിരമ്പുഴ |
| 384. സരസ്വതിയമ്മാൾ | എയ്ഞ്ചൽ | തത്തംപള്ളി | ആലപ്പുഴ |

**(2) മ്യൂച്വൽ ബെനിഫിറ്റ് സ്കീം**

**• മരണാനന്തരസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 179. ഷാജി ഫിലിപ്പ് മമ്പലം | കുറിച്ചി | ചങ്ങനാശ്ശേരി |
| 180. ലീലാമ്മ സാമുവേൽ, പയ്യംപള്ളി | ളായിക്കാട് | ചങ്ങനാശ്ശേരി |
| 181. റജീനാ എസ് പുത്തൻപുരയ്ക്കൽ | പാറേൽ | ചങ്ങനാശ്ശേരി |
| 182. ട്രീസാ ലിഗു, ആറുപറയിൽ | കുറുമ്പനാടം | കുറുമ്പനാടം |
| 183. കമലം തൈത്തോട്ടം | രാജഗിരി | അമ്പൂരി |
| 184. ഏലമ്മ പയറ്റുതറ | പുതുക്കരി | എടത്വാ |
| 185. ജോൺ അറയ്ക്കൽ | വള്ളംചിറ | മണിമല |
| 186. ചാക്കോ വർഗ്ഗീസ് പുത്തൻപറമ്പിൽ | കൊടുപ്പുന്ന | എടത്വ |
| 187. ഔസേഫ് തേവർമലയിൽ | ചേപ്പുംപാറ | കോട്ടയം |

**• ചികിത്സാസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 86. ഷാജി മഠത്തിപ്പറമ്പിൽ | കോട്ടയ്ക്കപ്പുറം | അതിരമ്പുഴ |
| 87. ജോർജ്ജ് ഏഴോലിൽ | വള്ളംചിറ | മണിമല |
| 88. ഡെയ്സി ഏറത്തേടത്ത് | വള്ളംചിറ | മണിമല |
| 89. വൽസമ്മ സെബാസ്റ്റ്യൻ | പച്ച-ചെക്കിടിക്കാട് | എടത്വാ |

**(3) ജീവകാരുണ്യനിധി**

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2018 സെപ്റ്റംബർ മാസം 29 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 54 അപേക്ഷകർക്ക് 67,000/- രൂപ നൽകി.

**(4) സേവ് എ ഫാമിലി പ്ലാൻ (SAFP)**

2018 സെപ്റ്റംബർ മാസം 8 ഗുണഭോക്താക്കൾക്ക് 1,41,000/- രൂപ സഹായധനം അനുവദിച്ചു.

**(5) ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2018 സെപ്റ്റംബർ മാസം 2 കുടുംബത്തിന് ചികിത്സാചെലവായി 14,410/- രൂപ അനുവദിച്ചു.

| പേര് | യൂണിറ്റ് | തുക |
|---|---|---|
| 1. ജോസഫ് ലോബോ, തുണ്ടിപറമ്പിൽ | തൃക്കൊടിത്താനം | 9450 |
| 2. ബിന്ദു ജോസഫ്, ചിറയിൽ | മുണ്ടുപാലം | 4960 |

## കേന്ദ്രവാർത്തകൾ

**സോളാർ ലാമ്പ് വിതരണം: SAFP കുടുംബങ്ങൾക്ക് സോളാർ ലാമ്പ് വിതരണം**

കുട്ടനാട് വെള്ളപ്പൊക്കത്തോടനുബന്ധിച്ച് ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്ക് പാലക്കാട് People's Development Society യുടെ സഹകരണത്തോടെ ചാസ് നടപ്പിലാക്കുന്ന സോളാർ ലാമ്പ് വിതരണ പദ്ധതിയുടെ രൂപതാതല ഉദ്ഘാടനം സെപ്റ്റംബർ 15 ന് പാസ്റ്ററൽ സെന്ററിൽ ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്താ മാർ ജോസഫ് പെരുന്തോട്ടം നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി എന്നിവർ പ്രസംഗിച്ചു. കുട്ടനാട്, കോട്ടയം, ചങ്ങനാശ്ശേരി മേഖലകളിൽ നിന്നും 124

കുടുംബങ്ങൾക്ക് സോളാർ ലാംമ്പ് വിതരണം ചെയ്തു.

**കിടങ്ങറ യൂണിറ്റിൽ** വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി പാലക്കാട് പീപ്പിൾസ് ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ സഹകരണത്തോടെ ചാസിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 30 ന് അഞ്ച് SAFP കുടുംബങ്ങൾക്ക് സോളാർ ലാമ്പ് വിതരണം ചെയ്തു. People's Development Society പാലക്കാട് ഡയറക്ടർ റവ. ഫാ. ജോസ് കണ്ണമ്പുഴ ഉദ്ഘാടനം ചെയ്തു. അസി. ഡയറക്ടർ റവ. ഫാ. സെബിൻ ഉറുകുഴിയിൽ, ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് കുത്തുകല്ലുങ്കൽ എന്നിവർ സന്നിഹിതരായിരുന്നു.

## മാതൃശിശു സംരക്ഷണവും ശുചിത്വ ബോധവത്ക്കരണവും

CHASS-UNICEF ന്റെ സഹകരണത്തോടെ കുട്ടനാട്ടിലെ 8 പഞ്ചായത്തുകളിൽ 'മാതൃശിശു സംരക്ഷണവും ശുചിത്വ ബോധവത്ക്കരണവും' എന്ന പദ്ധതിയോടനുബന്ധിച്ച് തെരഞ്ഞെടുക്കപ്പെട്ട 120 വോളണ്ടിയേഴ്സിന് ആഗസ്റ്റ് 31, സെപ്റ്റംബർ 1,3,4 തീയതികളിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. ഡോ. രാജേഷ് കെ.ആർ സിംഗ്, സാക്ഷി ഗുപ്ത, കാഷിഷ് വോറ, വസുന്ധര ബചാലോ (Kalawati Saran Children's Hospital New Delhi) ചാസ് പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി, പ്രോഗ്രാം കോ-ഓർഡിനേറ്റർ സി. സെൽമ എസ്.അർ.എ., എന്നിവർ ക്ലാസ് നയിച്ചു.

## IEC-Training- ശുചിത്വ ആരോഗ്യസംരക്ഷണം

കുട്ടനാട്ടിലെ പ്രവർത്തനങ്ങൾക്കുവേണ്ടി UNICEF ചാസുമായി സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിക്കുവേണ്ടി തെരഞ്ഞെടുത്ത 50 കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാർക്ക് ജലശുചീകരണ പ്രവർത്തനം, മാലിന്യനിർമ്മാർജ്ജനം, വ്യക്തിശുചിത്വം, ശിശുസംരക്ഷണം, കൗൺസിലിംഗ്, പ്രതിരോധ നടപടികൾ എന്നിവയെക്കുറിച്ച് സെപ്റ്റംബർ 12, 13 തീയതികളിൽ സന്ദേശനിലയം ആഡിറ്റോറിയത്തിൽ പരിശീലനം നൽകി. UNICEF പ്രതിനിധികളായ ശ്രീമതി ഇന്ദുമതി, ശ്രീമതി മായ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

## Review-meeting

ചാസ് UNICEF മായി സഹകരിച്ച് കുട്ടനാട്ടിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ അവലോകനം സെപ്റ്റംബർ 21 ന് സന്ദേശനിലയം ആഡിറ്റോറിയത്തിൽ UNICEF പ്രതിനിധി ശ്രീ. സുബ്രമഹ്ണ്യം, ശ്രീ. ടോണി എന്നിവരുടെ നേതൃത്വത്തിൽ നടത്തി. ചാസ് പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി, പ്രോഗ്രാം കോ-ഓർഡിനേറ്റർ സി. സെൽമ എസ്.അർ.എ., എന്നിവരുടെ നേതൃത്വത്തിൽ ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കി.

# മേഖലാ വാർത്തകൾ

## പുരുഷസ്വാശ്രയസംഘസംഗമം

അമ്പൂരി മേഖലയിലെ പുരുഷസ്വാശ്രസംഘാംഗങ്ങളുടെ സംഗമം സെപ്റ്റംബർ 9 ന് വാവോട് യൂണിറ്റിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോൺ മഠത്തിപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തി വേണ്ടമാർഗ്ഗനിർദ്ദേശങ്ങൾ നൽകി. സംഘങ്ങളുടെ 2017-18 വർഷത്തെ വരവ് ചെലവ് കണക്കുകളും റിപ്പോർട്ടും അവതരിപ്പിച്ചു. 35 അംഗങ്ങൾ പങ്കെടുത്തു.

## ആഭരണനിർമ്മാണ പരിശീലനം

നാൽപ്പാത്തിമല യൂണിറ്റിന്റെയും 'ഒരുമ' മഹിളാസമാജത്തിന്റെയും നേതൃത്വത്തിൽ ആഗസ്റ്റ് 28 ന് ആഭരണ നിർമ്മാണത്തിൽ ശ്രീമതി സുനിതാ ജോസഫ് പരിശീലനം നൽകി. 20 അംഗങ്ങൾ പങ്കെടുത്തു.

## വെള്ളപ്പൊക്കദുരിതാശ്വാസം

ഏറ്റുമാനൂർ 'ഐശ്വര്യ' സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ വെള്ളപ്പൊക്കദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 20,000/- രൂപയുടെ ഭക്ഷണസാധനങ്ങളും, വസ്ത്രങ്ങളും വിതരണം ചെയ്തു.

**കരിമ്പനക്കുളം** യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രളയബാധിത പ്രദേശങ്ങളായ പാണ്ടനാട്, ചെങ്ങന്നൂർ, കിളിമല, ആലപ്പുഴ എന്നിവിടങ്ങളിൽ ഭക്ഷണസാധനങ്ങളും ഭക്ഷണവും വിതരണം ചെയ്തു.

## കാൻസർ ബോധവത്ക്കരണം

ആശാകിരണം കാൻസർ സുരക്ഷാപദ്ധതിയുടെ ഭാഗമായി 2-ാം ഘട്ട കാൻസർ ബോധവത്ക്കരണക്ലാസ് പെരുങ്കാവ് യൂണിറ്റിൽ സംഘടിപ്പിച്ചു. 36 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് പൂവത്തുശ്ശേരി അദ്ധ്യക്ഷതവഹിച്ചു. മേഖലാ കോ-ഓർഡിനേറ്റർമാരായ ശ്രീമതി സജി ഷാജി, അൽഫോൻസ് വർഗീസ് എന്നിവർ ക്ലാസ് നയിച്ചു.

## തയ്യൽ പരിശീലനം

പെരുങ്കാവ് യൂണിറ്റിൽ ആഗസ്റ്റ് 5 ന് 24 വനിതകൾക്കായി തയ്യൽ പരിശീലന ക്ലാസ് ആരംഭിച്ചു.

## സ്വാശ്രയ സംഘരൂപീകരണം

| തീയതി | സംഘം | യൂണിറ്റ് | അംഗങ്ങൾ |
|---|---|---|---|
| 10.08.2018 | കായലോരം | കായൽപ്പുറം | 10 |
| 04.09.2018 | തെരേസ | പുന്നമട | 13 |
| 04.09.2018 | ക്രിസ്തുരാജ് | തത്തംപള്ളി | 24 |
| 18.09.2018 | ആൽഫ | പനയമ്പാല | 14 |
| 21.09.2018 | തിരുക്കുടുംബം | പായിപ്പാട് | 16 |
| 25.09.2018 | ത്രീ സ്റ്റാർ | കായൽപ്പുറം | 10 |

## RRTC ലഹരിവിരുദ്ധ സെമിനാർ

**കുറിച്ചി:** മദ്യം മയക്കുമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കളുടെ ഉപയോഗം മൂലം കുടുംബവും സമൂഹവും നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് സെപ്റ്റംബർ 20 ന് RRTC കോ-ഓർഡിനേറ്റർ ഫാ. തോമസ് കുളത്തുങ്കൽ, ശ്രീ. റ്റി. എ. മാത്യു തച്ചിലേട്ട് എന്നിവർ ക്ലാസ് നയിച്ചു. 56 അംഗങ്ങൾ പങ്കെടുത്തു.

**പായിപ്പാട്** യൂണിറ്റിൽ സെപ്റ്റംബർ 26 ന് ചാസ് പ്രോജക്ട് കോ-ഓർഡിനേറ്റർ സി. സെൽമ എസ്.ആർ.എ. ലഹരി ഉപയോഗത്തെക്കുറിച്ച് ക്ലാസ് നയിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തിങ്കൽ, യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയിംസ് അത്തിക്കളം, പഞ്ചായത്ത് മെമ്പർ സ്വപ്ന എന്നിവർ പ്രസംഗിച്ചു. 59 അംഗങ്ങൾ പങ്കെടുത്തു.

## വെള്ളപ്പൊക്കത്തിൽ നിന്നും അനേകരെ രക്ഷിച്ചു

2018 ആഗസ്റ്റ് 16, 17, 18 തീയതികളിൽ മനയ്ക്കച്ചിറ മുതൽ പള്ളിക്കൂട്ടുമ്മ വരെയുള്ള റോഡിന്റെ ഇരുവശങ്ങളിലും, കുട്ടനാട്ടിലെ വിവിധ പ്രദേശങ്ങളിൽ നിന്നും പാലങ്ങളിൽ തടിച്ചുകൂടിയ 65,000-ത്തിൽപ്പരം ആളുകളെ ടോറസ്സുകളുടെ സഹായത്തോടെ രക്ഷപെടുത്തുവാൻ ചാരിറ്റി വേൾഡും, റേഡിയോ മീഡിയ വില്ലേജും, ജിമ്മി പടനിലം സെന്ററും നേതൃത്വം കൊടുത്തു. ഇത് സാധ്യമായത് പാലാത്ര കുടുംബാംഗങ്ങളായ ഷാജിയും മനോജും ജിമ്മി പടനിലം വെൽഫെയർ ട്രസ്റ്റിലെ അംഗങ്ങളായതുകൊണ്ടും ഒപ്പം പാലാത്ര കുടുംബാംഗങ്ങളുമായുള്ള വ്യക്തിബന്ധവുംകൊണ്ടാണ്. അവരുടെ 35 ഓളം ടോറസ്സുകളാണ് 3 ദിവസം രാപകൽ ഓടി ആളുകളെ രക്ഷിച്ചത്. പാലാത്രകുടുംബത്തിന് പ്രത്യേക നന്ദി.

## ഇതുവരെ 6.5 കോടിയിൽപരം രൂപയുടെ സഹായം

### 1. ഹബിറ്റാറ്റിന്റെ 2.5 കോടിയുടെ കിറ്റുകൾ

ആഗോള സംഘടനയായ ഹബിറ്റാറ്റ് 8000 രൂപ വിലമതിക്കുന്ന 3000 കിറ്റുകളാണ് ചാരിറ്റി വേൾഡ്വഴി ദുരിതബാധിതർക്കു കൊടുക്കുന്നത്. വീടുകൾ പൂർണ്ണമായി തകർന്നവർക്കും, 50 ശതമാനത്തിനു മേലെ തകർന്നവർക്കുമാണ് കിറ്റുകൾ കൊടുക്കുക.

### 2. 1 കോടിയുടെ ഭക്ഷണ, വസ്ത്രകിറ്റുകൾ വിതരണം ചെയ്തു.

2000 രൂപ വിലമതിക്കുന്ന ഭക്ഷണസാധനങ്ങളും, വസ്ത്രവും അടങ്ങുന്ന കിറ്റുകൾ 5000 കുടുംബങ്ങൾക്ക് കൊടുത്തു. ചാരിറ്റിവേൾഡിലും, റേഡിയോയിലും വന്ന സാധനങ്ങൾ ചീരഞ്ചിറ ഇടവകയിലെ ആൾക്കാരുടെയും പ്രത്യാശപ്രവർത്തകരുടെയും നേതൃത്വത്തിലാണ് കിറ്റുകളാക്കിയത്. ചീരഞ്ചിറ ഇടവകയിലെ വികാരി ഫാ. ജോസ് നിലവന്തറയ്ക്കും ഇടവകജനങ്ങൾക്കും നന്ദി.

### 3. വിതരണം ചെയ്യപ്പെട്ട മറ്റു സാധനങ്ങൾ

8,55,000 രൂപയുടെ സ്റ്റൗവ്വും കുക്കറും, 11,56,000 രൂപയുടെ കുപ്പിവെള്ളവും ടാങ്കർ വെള്ളവും, 1,20,000 രൂപയുടെ ബിസ്ക്കറ്റ്, റസ്ക്ക്, 25 ലക്ഷത്തിന്റെ ദോഹയിൽ നിന്നുമുള്ള 1000 കിലോയുടെ സാധനങ്ങൾ, 9 ലക്ഷത്തിന്റെ അച്ചാർ, ഷാംപു, ലസ്സി, ലെയ്സ്, 3.5 ലക്ഷത്തിന്റെ ബ്രഡ്, 2 ലക്ഷത്തിന്റെ തേൻ, 2 ലക്ഷത്തിന്റെ പാല്, 1 ലക്ഷത്തിന്റെ തലയണ, 5 ലക്ഷത്തിന്റെ മരുന്ന്, 2 ലക്ഷത്തിന്റെ അടുക്കള സാധനങ്ങൾ, 15 ലക്ഷത്തിന്റെ പാത്രങ്ങൾ മുതലായവ.

## വൈദികരുടെ വാട്സപ്പ് ഗ്രൂപ്പ്

ചാരിറ്റി വേൾഡിലും, റേഡിയോയിലും വന്ന സാധനങ്ങളുടെ വിതരണം നടത്തിയത് കുട്ടനാട്ടിലെ 80 ഓളം വരുന്ന ഇടവകയിലെ വൈദികരുടെ വാട്സപ്പ് ഗ്രൂപ്പുണ്ടാക്കിയാണ്.

## ഫസിലിറ്റേറ്റേഴ്സിന്റെ പരിശീലനം

ചാരിറ്റി വേൾഡിന്റെ പ്രവർത്തനം സുതാര്യവും സുഗമവുമാക്കുവാൻ കുട്ടനാട്ടിലെ ഇടവകകളിൽ നിന്നും വൈദികർ നിർദ്ദേശിച്ച അല്മായ പ്രതിനിധികളുടെ സമ്മേളനം 21-ാം തീയതി വെള്ളിയാഴ്ച ചീരഞ്ചിറ ജിമ്മി പടനിലം സെന്ററിൽ കൂടി. ഹബിറ്റാറ്റിന്റെ കിറ്റുകൾ ഇവർ വഴിയായിരിക്കും വിതരണം ചെയ്യുക. 60-ൽ പരം പ്രവർത്തകർ പരിശീലനത്തിൽ പങ്കെടുത്തു.

**ഫാ. സെബാസ്റ്റ്യൻ പുന്നശേരി**

പ്രിയ കെ.സി.എസ്.എൽ കുടുംബാംഗങ്ങളെ,

പ്രളയവും പേമാരിയും കേരളത്തിന് വരുത്തിവച്ച വിനാശങ്ങളെ അതിജീവിക്കുവാൻ ഓരോരുത്തരും കാണിച്ച കൂട്ടായ്മയുടെ സൗന്ദര്യത്തിന് അഭിനന്ദനങ്ങൾ. ആവേശവും അത്യധ്വാനവും ഈ പുനർനിർമ്മിതിക്ക് ആവശ്യമാണെന്ന് നമുക്കേവർക്കുമറിയാം. നമ്മുടെ വിദ്യാലയത്തിന്റെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും പുനഃസൃഷ്ടിയിൽ നമുക്ക് ആത്മാർത്ഥമായി പങ്കെടുക്കാം.

നമ്മുടെ അദ്ധ്യയന ദിനങ്ങൾ വെള്ളപ്പൊക്കത്തിൽ നഷ്ടമായപ്പോൾ സംഘടനയുടെ പല പരിപാടികളും പുനഃക്രമീകരിക്കേണ്ടതായി വന്നിട്ടുണ്ട്. അതുപോലെതന്നെ 'എന്റെ കൂട്ടുകാരന് ഒരു ബൈബിൾ' എന്ന പദ്ധതി കെ.സി.എസ്.എൽ. ഈ വർഷം നടപ്പാക്കുകയാണ്. ഓരോ വിദ്യാലയവും അവിടെ സമ്പൂർണ്ണ ബൈബിൾ ആവശ്യമായ വിദ്യാർത്ഥികളുടെ എണ്ണവും വിശുദ്ധഗ്രന്ഥം സ്പോൺസർ ചെയ്യാൻ തയ്യാറായ കുട്ടികളുടെ എണ്ണവും ഒക്ടോബർ 15നു മുൻപ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

അതിരൂപത സാഹിത്യ മത്സരങ്ങൾ ഡിസംബർ ഒന്നിനും ധന്യൻ മാർ കുര്യാളശ്ശേരി ക്വിസ് നവംബർ 27നും നടത്തപ്പെടുന്നു. ജീസസ് കിഡ്സ് മത്സരങ്ങൾ 2019 ജനുവരി 25 ന് മാലാഖകൂട്ടം 2018 നവംബർ 23നും നടത്തപ്പെടുകയാണ്.

ക്യാമ്പുകൾ എല്ലാം നടത്തപ്പെടുന്നത് ചങ്ങനാശ്ശേരി S.B.H.S.S -ൽ ആയിരിക്കും. നമ്മുടെ ഈ മാസത്തെ പ്രാർത്ഥനാനിയോഗങ്ങൾ 'ജീവന്റെ സംരക്ഷണത്തിനായ്' സമർപ്പിക്കണം.

### ഒക്ടോബർ മാസത്തെ പരിപാടികൾ

ഒക്ടോബർ 5 – ജീസസ് കിഡ്സ് സോണൽ കൺവൻഷൻ, നെടുംകുന്നം.
ഒക്ടോ. 12,13,14 – നെടുംകുന്നം, മാമ്മൂട്, മണിമല, കുറുമ്പനാടം, ക്യാമ്പ്.
ഒക്ടോ. 17,18,19 – എച്ച്.എസ്.എസ്. ക്യാമ്പ്
ഒക്ടോബർ 25 – ജീസസ് കിഡ്സ് ചങ്ങനാശ്ശേരി കൺവൻഷൻ
ഒക്ടോബർ 26 – ജീസസ് കിഡ്സ് മണിമല

### ധന്യൻ മാർ കുര്യാളശ്ശേരി ക്വിസ് (വിഷയങ്ങൾ)

1. ദിവ്യകാരുണ്യ പ്രേഷിതൻ
2. കെ.സി.എസ്.എൽ. ചരിത്രം
3. കടലോളങ്ങളിൽ കടലാസുതോണികൾ
4. ജീവിതം സഭയോടൊപ്പം (പേജ് 58-72)

ഏവർക്കും അനുഗ്രഹപ്രദമായ ദിനങ്ങൾ ആശംസിച്ചുകൊണ്ട് നിർത്തുന്നു.

**ഫാ. ലൈജു കണിച്ചേരിൽ**
(അസി. ഡയറക്ടർ)

**ഫാ. മാത്യു വാരുവേലിൽ**
(ഡയറക്ടർ)

## സൗജന്യരോഗപ്രതിരോധ ഹോമിയോ മരുന്ന്

ആത്മതാകേന്ദ്രത്തിൽ നിന്നും വേൾഡ് മലയാളി കൗൺസിലും ചങ്ങനാശ്ശേരി ഹോമിയോ മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റലുമായി സഹകരിച്ച് സൗജന്യമായി ഹോമിയോ രോഗപ്രതിരോധ മരുന്ന് വിതരണം ചെയ്യുന്നു. ഓഫീസുമായി ബന്ധപ്പെടുക.

## മദ്യമയക്കുമരുന്ന് ആസക്തിക്ക് സൗജന്യനിരക്കിൽ ഹോമിയോ ചികിത്സ

സ്നേഹ ബഹു. അച്ചാ/സിസ്റ്റർ/സഹോദരരെ

നമ്മുടെ സമൂഹത്തിൽ ലഹരി വസ്തുക്കൾക്ക് അടിമകൾ ആകുന്നരീതി വർദ്ധിച്ച് വരികയാണല്ലോ, ഈ അവസരത്തിൽ ലഹരി വസ്തുക്കൾക്ക് എതിരായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. കൂട്ടായ ശ്രമത്തിലൂടെ നമുക്ക് ലഹരിക്കെതിരെ പ്രവർത്തിക്കാൻ കഴിയണം. ആത്മതാകേന്ദ്രം കഴിഞ്ഞ 10 വർഷത്തിൽ അധികമായി വളരെ മാതൃകാപരവും പാർശ്വഫലങ്ങൾ ഇല്ലാത്തതുമായ ലഹരിക്കെതിരായഹോമിയോ ചികിത്സ നടത്തിവരുന്ന കാര്യം അറിവുള്ളതാണല്ലോ. അച്ചൻ/സിസറ്റർ പ്രത്യേക ശ്രദ്ധയെടുത്ത് അതിരമ്പുഴ സെന്റ് മേരീസ് പള്ളി, ഇരവുചിറ ഇമ്മാനുവേൽ പ്രാർത്ഥനാലയം, ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ എന്നീ സ്ഥലങ്ങളിൽ വച്ച് വിദഗ്ധരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ നടത്തുന്ന ചികിത്സയിൽ നിന്ന് ഫലംഎടുക്കാൻ ആളുകൾക്ക് ബോധനം നല്കി സഹായിക്കണമെ. മദ്യമയക്കുമരുന്ന് ആസക്തിക്കും മറ്റ് ഇതര രോഗങ്ങൾക്കും ടി കേന്ദ്രങ്ങളിൽ സൗജന്യനിരക്കിലാണ് മരുന്ന് ലഭിക്കുന്നത് എന്ന വിവരവും പാർശ്വഫലങ്ങൾ ഇല്ലാ എന്നകാര്യവും ഇടവക ജനത്തെ ബോധിപ്പിച്ച് ചികിത്സയിലൂടെ ഫലം എടുക്കാൻ വേണ്ടതു ചെയ്യണമെ.

## സപ്പോർട്ട് എ ചൈൽഡ് പദ്ധതി

2004-ൽ ആരംഭിച്ച ആത്മതാകേന്ദ്രം നിത്യരോഗികളുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനും സഹായിക്കുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയിൽ എച്ച്.ഐ.വി. അണുബാധിതരായ കുട്ടികൾ/അണുബാധിതരായവരുടെ മക്കൾ/മാനസിക വൈകല്യമുള്ളവരുടെ കുട്ടികൾ /ക്യാൻസർ ബാധിത കുട്ടികൾ/ക്യാൻസർ ബാധിതരുടെ കുട്ടികൾ എന്നിവർക്ക് ദിവസങ്ങൾ കഴിയുന്തോറും കൂടുതൽ സഹായം ആവശ്യമായി വരുന്നു. സഹായത്തിനായി നിരവധി ആളുകൾ ആത്മതാകേന്ദ്രം ഓഫിസിൽ വന്ന് അപേക്ഷിച്ചുകൊണ്ടിരിക്കുകയുമാണ്. ഇപ്പോൾ ചങ്ങനാശ്ശേരി, പത്തനംതിട്ട എന്നിവിടങ്ങളിലെ സപ്പോർട്ട് എ ചൈൽഡ് പദ്ധതി സമ്മേളനത്തിലൂടെ പ്രതിമാസം 80,000/-ൽ അധികം രൂപാ സഹായമായി നല്കി വരുന്നു സഹായിക്കുന്നു. എന്നാൽ പുതിയ ധാരാളം അപേക്ഷകരെ സഹായിക്കാൻ നമുക്ക് സാധിക്കുന്നില്ല ആയതിനാൽ സുമനസ്സുകളുടെ സഹായം അപേക്ഷിക്കുന്നു. ആത്മതാകേന്ദ്രത്തിൽ നല്കുന്ന സംഭാവനയ്ക്ക് 80 G (vi) പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്. സാമ്പത്തികമായി സഹായിക്കാൻ കഴിവുള്ളവർ സഹായിക്കാൻ ശ്രദ്ധിക്കണമെ. കഴിഞ്ഞമാസം പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, കൊല്ലം ജില്ലകളിൽ നിന്നായി 60 പേർക്ക് 63900/- രൂപയുടെ സഹായവും, ന്യൂട്രീഷ്യൻ കിറ്റും വിതരണം ചെയ്തു.


## ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ കുന്ന ന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ ഫാ. തോമസ് കൊച്ചെള്ളേച്ചംകളത്തിന്റെ നേതൃത്വത്തിൽ എല്ലാ മാസവും ലഹരിവിമുക്ത കുടുംബ വിശുദ്ധീകരണ ധ്യാനം നടത്തുന്നു. സൗജന്യമായി നടത്തുന്ന ഈ ധ്യാനത്തിൽ ശാസ്ത്രവേദി ചെയർമാൻ ഡോ. പരമേശ്വരക്കുറുപ്പ്, മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ഹോസ്പിറ്റൽ എം.ഡി. ഡോ. എസ് ജി. ബിജു എന്നിവർ സൗജന്യമായി ഹോമിയോ മരുന്നു നല്കി വരുന്നു. അടുത്ത 2018 ഒക്ടോബർ 25 മുതൽ ഒക്ടോബർ 28 വരെ ദിവസങ്ങളിൽ, കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ വച്ച് നടത്തുന്നു. വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു. മേൽവിലാസവും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.

പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല,
ഫോൺ നമ്പർ : 0469 2693413, 2690414, 9495193406

**ഫാ. ജോസ് പുത്തൻചിറ**
*ഡയറക്ടർ*

NB. ഇടവക തലത്തിലും, വാർഡുതലത്തിലും സംഘടനാ തലത്തിലും, ലഹരി ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്നതിന് ആത്മതാകേന്ദ്രവുമായി ബന്ധപ്പെടുക.
**ഫോൺ നമ്പർ : 0481 2411819 / 949732568**


'കുടുംബവിജ്ഞാനീയം'
(നാലാം പതിപ്പ്)
റവ. ഡോ. ജോസ് ആലഞ്ചേരി

'തിരുസന്നിധിയിൽ'
റവ. ഡോ. ജോസ് ആലഞ്ചേരി




*Now available @*
ST. JOSEPH™
Since 1924
ORPHANAGE PRESS & BOOK STALL
Aramanapady, Changanacherry Tel: 0481-2410101

സ്നേഹം നിറഞ്ഞവരേ,

സെപ്റ്റംബർ മാസം പരിശുദ്ധ അമ്മയുടെ ജനനതിരുനാൾ ഏറെ ഭക്തിയോടെ നാം ആഘോഷിച്ചു. പരിശുദ്ധ അമ്മ വഴി ലഭ്യമായ അനുഗ്രഹത്തിന് ദൈവത്തിന് നന്ദി അർപ്പിക്കാം ഏലീയാ സ്ലീവാ മൂശക്കാലത്തിലൂടെ നാം കടന്നുപോകുന്നു. ഈ കാലഘട്ടത്തിൽ മിശിഹായുടെ രണ്ടാമത്തെ വരവിനൊരുക്കമായി നമുക്ക് വളരാം അതിജീവനത്തിന്റെ ഈ കാലഘട്ടത്തിൽ രക്ഷയുടെ അടയാളമായ സ്ലീവായിൽ പ്രത്യാശ അർപ്പിച്ച് മുന്നേറാം.

**ഫാ. ജോസ് പുത്തൻചിറ** (ഡയറക്ടർ)

## ലീഡേഴ്സ് മീറ്റ്

ചങ്ങനാശ്ശേരി അതിരൂപതാ കേരള ലേബർ മൂവ്മെന്റിൽ മണിമല, നെടുങ്കുന്നം ഫൊറോനകളിലെ സംഘങ്ങളുടെ ഭാരവാഹികളുടെ സംഗമം നെടുങ്കുന്നം ഫൊറോനാ ദേവാലയത്തിൽ വച്ച് 09.08.2018 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2:30 ന് നടത്തി. 60 പേർ പങ്കെടുത്തു.

16.08.2018 ഞായർ രാവിലെ 11 മണിക്ക് ചങ്ങനാശ്ശേരി, തൃക്കൊടിത്താനം, കുറുമ്പനാടം, എടത്വാ, പുളിങ്കുന്ന്, ആലപ്പുഴ എന്നീ ഫൊറോനാകളുടെ നേതൃസംഗമം നടത്തി 210 പേർ പങ്കെടുത്തു.

16.08.2018 ഞായർ ഉച്ചകഴിഞ്ഞ് 2:30ന് കുടമാളൂർ ഫൊറോനാ ദേവാലയത്തിൽ വച്ച് കുടമാളൂർ, കോട്ടയം, അതിരമ്പുഴ ഫൊറോനായുടെ നേതൃസംഗമം നടത്തി 110 പേർ പങ്കെടുത്തു.

എല്ലാ സംഗമങ്ങളിലും അതിരൂപതാ ഡയറക്ടർ പുത്തൻചിറ ജോസച്ചൻ നിർദ്ദേശങ്ങൾ നല്കുകയും ഭാരവാഹികൾ അഭിപ്രായങ്ങൾ അറിയിക്കുകയും സംഘടനയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ കൂടുതൽ കരുത്തുനൽകുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു.

## ആദരാഞ്ജലികൾ

സെന്റ് മേരീസ് വള്ളംചിറ ഇടവകയിലെ സെന്റ് ജോസഫ് സംഘത്തിലെ അംഗമായ ശ്രീ. ജോൺ തോമസ് അറയ്ക്കൽ 31.08.2018 നിര്യാതനായി. നവനസ്രത്ത് ഇടവക സെന്റ് ജോർജ്ജ് സംഘത്തിലെ അംഗമായ വി.റ്റി. തോമസ് വല്യാറ 18.09.2018 നിര്യാതനായി. ഇവരുടെ കുടുംബത്തോടുള്ള അനുശോചനവും പ്രാർത്ഥനയും നേരുന്നു.

CFCA

# കെയർ ഹോംസ് ഫെല്ലോഷിപ്പ് (CFCA), മാർ കാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയർ

ചങ്ങനാശേരി അതിരൂപതാതിർത്തിയിൽ അതിരൂപതയുടെ നേരിട്ടും, സന്ന്യസ്ത-അൽമായ നേതൃത്വങ്ങളിലും പ്രവർത്തിക്കുന്ന കെയർ ഹോമുകളുടെ അതിരൂപതാതല കൂട്ടായ്മയായ കെയർ ഹോം ഫെല്ലോഷിപ്പ് (CFCA) ന്റെയും മാർ തോമസ് തറയിൽ പിതാവിന്റെ മെത്രാഭിഷേക സ്മാരകമായി തുടക്കം കുറിച്ച മാർ കാവുകാട്ട് മെമ്മോറിയൽ പാലിയേറ്റീവ് & ഹെൽത്ത് കെയറിന്റെയും 2018 സെപ്റ്റംബർ മാസത്തെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടും വരും മാസങ്ങളിലെ പ്രധാന പരിപാടികളും.

## പ്രളയദുരിതത്തിൽ കുട്ടനാടിനൊരു കൈത്താങ്ങായി അതിരൂപതയോടൊപ്പം

ചങ്ങനാശ്ശേരി അതിരൂപത കുട്ടനാടിന്റെ പുനഃസൃഷ്ടിക്കായി പ്രഖ്യാപിച്ച പദ്ധതികളോട് സഹകരിച്ച് മാർ കാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയറിനും കെയർ ഹോം കൂട്ടായ്മയായ (CFCA) നിരവധി കാര്യങ്ങളിൽ പങ്കാളികളാവാൻ സാധിച്ചു. പ്രളയദുരിതത്തിന്റെ ആദ്യഘട്ടം മുതൽ ഭക്ഷണം, വെള്ളം, വസ്ത്രം തുടങ്ങിയവ സമാഹരിച്ച് 28നകം ഇടവകകളിൽ എത്തിക്കാൻ സാധിച്ചു. കുട്ടനാടിന്റെ ഉൾപ്രദേശങ്ങളിൽ ബഹു. ഡയറക്ടറച്ചന്റെയും സന്നദ്ധ പ്രവർത്തകരുടെയും നേതൃത്വത്തിൽ സഹായഹസ്തമെത്തിച്ചു.

## മെഡിക്കൽ ക്യാമ്പുകൾ

വെള്ളപ്പൊക്കത്തിന്റെ ആദ്യഘട്ടത്തിൽ മുതൽ കോട്ടയം എസ്എച്ച്, മരിയൻ ഹോസ്പിറ്റൽ പാലാ, റോട്ടറി ക്ലബ് തുടങ്ങിയവയുടെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പുകളും മരുന്നു വിതരണവും വാലുവൻചിറ, തോട്ടുവാത്തല, തുടങ്ങി വിവിധ പ്രദേശങ്ങളിൽ സംഘടിപ്പിച്ചു. കുട്ടികൾക്കായുള്ള ഭക്ഷണ പദാർത്ഥങ്ങൾ, പ്രായമായവർക്കുള്ള ഡയപ്പറുകൾ തുടങ്ങിയവ വിവിധ ക്യാമ്പുകളിലും ഇടവകകൾവഴിയും വിതരണം ചെയ്തു.

## മഴക്കാല രോഗ ബോധവൽക്കരണം

എസ്.ബി. കോളജ്, എസ്.എച്ച്. സേവാനികേതൻ തുടങ്ങിയവരുടെ സഹകരണത്തോടെ കുട്ടനാടിന്റെയും ചങ്ങനാശ്ശേരിയുടെയും വിവിധ സ്ഥലങ്ങളിൽ മഴക്കാലരോഗ ബോധവത്ക്കരണം സംഘടിപ്പിച്ചു. എസ്.ബി. കോളജ് എം.എസ്.ഡബ്ള്യൂ. ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ലഘുലേഖ പരമാവധി സ്ഥലങ്ങളിൽ വിതരണം ചെയ്തു.

## കുടിവെള്ളവിതരണം

പ്രളയത്തിനുശേഷം കുട്ടനാടിനെ കഷ്ടത്തിലാക്കിയ കുടിവെള്ളപ്രശ്നത്തിനു പരിഹാരമായി വിവിധ ഇടവകകളിൽ കുടിവെള്ള വിതരണം നടന്നു. കുപ്പിവെള്ളം, ബോട്ടിലും, ട്രക്കിലുമായുള്ള ശുദ്ധീകരണപ്ലാന്റുകൾ തുടങ്ങി വിവിധ ഉപാധികൾവഴി കുട്ടനാടിന് ഏറെ സഹായകമായി.

## വസ്ത്രങ്ങൾ, പഠനകിറ്റുകൾ

കേരളത്തിനകത്തും പുറത്തുമുള്ള വിവിധ സംഘടനകളുടെയും വ്യക്തികളുടെയും സഹായത്തോടെ പുതിയ വസ്ത്രങ്ങൾ, കുട്ടികൾക്കായുള്ള പഠന കിറ്റുകൾ തുടങ്ങിയവ അർഹതപ്പെട്ടവരിലേയ്ക്ക് എത്തിക്കാൻ സാധിച്ചു.

### വാട്ടർ പ്യൂരിഫയർ, മെഡിക്കൽ കിറ്റുകൾ

അതിരൂപതാ നിർദ്ദേശപ്രകാരം കുടുംബങ്ങൾക്കുള്ള ശുദ്ധജല ഉപാധിയായ ചെറിയ വാട്ടർ പ്യൂരിഫയറുകൾ, കുടുംബങ്ങൾക്കും സ്ഥാപനങ്ങൾക്കുമുള്ള മെഡിക്കൽ കിറ്റുകൾ എന്നിവ വിവിധ പ്രദേശങ്ങളിൽ വിതരണം ചെയയ്തു.

### കിടപ്പുരോഗി സന്ദർശനവും, പാലിയേറ്റീവ് പരിചരണവും

കുട്ടനാട്ടിലെ പ്രദേശങ്ങളിൽ വിവിധ പാലിയേറ്റീവ് സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ ഭവനസന്ദർശനവും സാന്ത്വനപരിചരണ ശുശ്രൂഷകളും സംഘടിപ്പിച്ചു. വീൽചെയർ, ഇതര സഹായക്രമീകരണങ്ങൾ തുടങ്ങിയവ നഷ്ടപ്പെട്ടവർക്കുപകരം നൽകാനുള്ള പരിശ്രമത്തിലാണ് സന്നദ്ധപ്രവർത്തകർ. വിവിധ പ്രവർത്തനങ്ങൾക്ക് അതിരൂപത പാലിയേറ്റീവ് ശുശ്രൂഷകളോട് ചേർന്ന് പ്രവർത്തിക്കുകയും, എല്ലാവിധ സഹായങ്ങളും ചെയ്തുതന്ന നാൽപാത്തിമല സെന്റ് തോമസ് ഇടവകയ്ക്ക് എല്ലാവിധ നന്ദിയും കടപ്പാടും അറിയിക്കുന്നു. കുട്ടനാടിന്റെ സമഗ്ര ആരോഗ്യ കർമ്മപദ്ധതിയ്ക്കായുള്ള ചർച്ചകളും പദ്ധതിരേഖയും തയ്യാറാക്കുന്ന പ്രവർത്തനങ്ങളിലാണ് അതിരൂപത പാലിയേറ്റീവ് ഹെൽത്ത്കെയർ പ്രവർത്തകരും, അതിരൂപതാ നിർവാഹകസമിതിയും.

## ഒക്ടോബർമാസ പ്രധാന പരിപാടികൾ

### കെയർ ഹോം ഫെല്ലോഷിപ്പ് - ശില്പശാല

അതിരൂപതാതിർത്തിയിൽപ്പെട്ട മുഴുവൻ കെയർ ഹോമുകളുടെയും ഡയറക്ടറുമാരുടെയും സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നവരുടെയും അർദ്ധദിന ശില്പശാല, 2018 ഒക്ടോബർ 6-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 1 മണിവരെ ചങ്ങനാശ്ശേരി എസ്.ബി. കോളജ് പടിയറ ഹാളിൽവച്ച് നടക്കും. സാമ്പത്തിക കണക്കുകൾ, ഓഡിറ്റിംഗ്, ഇൻകംടാക്സ്, 12 (എ), 80 (ജി), എഫ്.സി.ആർ.എ. രജിസ്ട്രേഷൻ തുടങ്ങിയവയുമായി ബന്ധപ്പെട്ട് വിവിധ വിദഗ്ദർ ക്ലാസ്സുകളും സംശയനിവാരണവും നടത്തും പരമാവധി ആൾക്കാർ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ? രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും മൊബൈൽ: 9446329242, 9946000599.

### പാലിയേറ്റീവ് ദിനാചരണം - ഒക്ടോബർ 13

പാലിയേറ്റീവ് ദിനാചരണത്തിന്റെ ഭാഗമായി 2018 ഒക്ടോബർ 13-ാം തീയതി ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിന്റെ സഹകരണത്തോടെ പാലിയേറ്റീവ് ദിനാചരണം, സന്നദ്ധപ്രവർത്തകരെ ആദരിക്കൽ, സാന്ത്വനപരിചരണ യൂണിറ്റുകൾക്കുള്ള സഹായസാമഗ്രികളുടെ വിതരണം, ശില്പശാല തുടങ്ങിയവ സംഘടിപ്പിക്കുന്നു. രാവിലെ 10 മുതൽ 2 വരെ ചെത്തിപ്പുഴ ഹോസ്പിറ്റൽ ഓഡിറ്റോറിയത്തിൽ വച്ചാണ് പരിപാടികൾ സംഘടിപ്പിക്കുക. കൂടുതൽ വിവരങ്ങൾക്കും, രജിസ്ട്രേഷനും : 9446329242, 9946000599

### ഭിന്നശേഷി കുടുംബങ്ങൾക്ക് പ്രത്യേക പരിചരണം

ഭിന്നശേഷിക്കാരായ കുട്ടികളുള്ള കുടുംബങ്ങൾക്കായി പ്രത്യേകിച്ച് കുട്ടനാട് പ്രദേശങ്ങളിലുള്ളവർക്കായി പ്രത്യേക സഹായ പദ്ധതികൾ ഒക്ടോബർ മാസത്തിൽ നടപ്പിലാക്കാൻ ആഗ്രഹിക്കുന്നു. വിവിധ വ്യക്തികൾ സന്നദ്ധ സംഘടനകൾ തുടങ്ങിയവരുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ വിശദാംശങ്ങൾ ഇടവകതലത്തിൽ അറിയിക്കുന്നതാണ്.

സ്നേഹത്തോടെ,

**റവ. ഡോ. സോണി മുണ്ടുനടയ്ക്കൽ** (ഡയറക്ടർ)

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

''ഒരു അവയവം വേദന അനുഭവിയ്ക്കുമ്പോൾ, എല്ലാ അവയവങ്ങളും വേദന അനുഭവിക്കുന്നു.'' (1 കൊറി. 12:26).

''സ്നേഹം, ദീർഘക്ഷമയും ദയയുമുള്ളതാണ്. സ്നേഹം അസൂയപ്പെടുന്നില്ല, ആത്മപ്രശംസ ചെയ്യുന്നില്ല, അഹങ്കരിക്കുന്നില്ല. സ്നേഹം അനുചിതമായി പെരുമാറുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, വിദ്വേഷം പുലർത്തുന്നില്ല'' (1 കൊറി. 13:4-5). എന്നോടു സഹകരിച്ചു അദ്ധ്വാനിക്കുന്ന എല്ലാവരെയും നിങ്ങൾ അനുസരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു (1 കൊറി. 16:16).

കഴിഞ്ഞ രണ്ടു മാസങ്ങളിലായി നമ്മുടെ സഹോദരങ്ങൾ പ്രകൃതി ക്ഷോഭത്തിനിരയായപ്പോൾ, നമ്മുടെ സ്ഥാപകനേതാവിന്റെ വീക്ഷണത്തിനനുസരിച്ച്, വിൻസെൻഷ്യൻ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുവാൻ കഴിഞ്ഞുവെന്നുള്ളത് ചാരിതാർത്ഥ്യജനകമാണ്. പ്രാർത്ഥനയിലൂടെ നാം ഒരു സമൂഹമായി; ഉള്ളവനെന്നോ, ഇല്ലാത്തവനെന്നോയുള്ള വേർതിരിവില്ലാതെ സഹായിക്കുവാൻ കഴിഞ്ഞുവെന്നുള്ളതു ദൈവകൃപയായി കാണുന്നു. ദൈവാനുഗ്രഹം നിറഞ്ഞ ഒരു നേതൃനിരയെ ലഭിച്ചതിന് ദൈവത്തോടു നമുക്ക് നന്ദി പറയാം. സ്വാർത്ഥത എന്ന പദം നമ്മുടെ മനസ്സിൽപോലും വരുത്താതെ നിസ്വാർത്ഥമായി, സമയത്തെയോ, ശരീര ദൗർബല്യത്തെയോ മറികടന്ന്, ഈ അവസരത്തിൽ പ്രവർത്തിക്കുവാൻ കഴിഞ്ഞത് ''സ്നേഹത്തിലൂടെയുള്ള സേവനം'' എന്ന മഹത് ചിന്ത മുന്നിൽ കണ്ടുകൊണ്ടാണ്.''

''നിങ്ങൾക്കു കൈവന്നിരിക്കുന്ന ദൈവകൃപ വ്യർത്ഥമാക്കരുത്. സ്വീകാര്യമായ സമയത്ത് ഞാൻ നിന്റെ പ്രാർത്ഥന കേട്ടു; രക്ഷയുടെ ദിവസത്തിൽ ഞാൻ നിന്നെ സഹായിക്കുകയും ചെയ്തു. ഇതാ ഇപ്പോൾ സ്വീകാര്യമായ സമയം. ഞങ്ങളുടെ ശുശ്രൂഷകളിൽ ആരും കുറ്റം കാണാതിരിക്കേണ്ടതിന്, ഞങ്ങൾ ആർക്കും ഒന്നിനും പ്രതിബന്ധം ഉണ്ടാക്കുന്നില്ല. മറിച്ച് എല്ലാ വിധത്തിലും ദൈവത്തിന്റെ ദാസന്മാരാണെന്നു ഞങ്ങൾ അഭിമാനിക്കുന്നു. വലിയ സഹനത്തിൽ, പീഡകളിൽ, ഞെരുക്കങ്ങളിൽ, അത്യാഹിതങ്ങളിൽ, മർദ്ദനങ്ങളിൽ, കാരാഗൃഹങ്ങളിൽ, ലഹളകളിൽ, അദ്ധ്വാനങ്ങളിൽ, ജാഗരണത്തിൽ, വിശപ്പിൽ, ശുദ്ധതയിൽ, ക്ഷമയിൽ, ദയയിൽ, പരിശുദ്ധാത്മാവിൽ നിഷ്കളങ്ക സ്നേഹത്തിൽ, സത്യസന്ധമായ വാക്കുകളിൽ ദൈവത്തിന്റെ ശക്തിയാൽ'' (2 കൊറി. 6:1-7) പ്രവർത്തിക്കുന്നതിൽ സാധിക്കുന്നു.

ഇവിടെ നാഷണൽ പ്രോജക്ട് ഓഫീസർ എഴുതിയ ഒരു കത്തിലെ ഉള്ളടക്കംകൂടി പ്രതിപാദിച്ചുകൊള്ളട്ടെ.

2018 ജൂലൈ 14 നുശേഷമുണ്ടായ പ്രളയത്തിൽ കേരളത്തിലെ 483 ലേറെപ്പേരുടെ ജീവഹാനിക്കും, ലക്ഷക്കണക്കിനാളുകൾക്ക് തീരാത്ത ദുരന്തം ഉണ്ടായല്ലോ. കേരളത്തിലെ മലയോര മേഖലയും, താഴ്ന്ന പ്രദേശവും ഏകദേശം പൂർണ്ണമായിത്തന്നെ ഇതിന്റെ ദുരന്തം അനുഭവിച്ചപ്പോൾ, മറുഭാഗങ്ങളിലെയും സ്ഥിതി ഭിന്നമല്ലാതെതന്നെയാണു കടന്നുപോയത്. നികത്താനാവാത്ത ഈ ദുരന്തത്തിന്റെ പരിണതഫലങ്ങൾ ഏകദേശം അടുത്ത രണ്ടു വർഷത്തേക്കുകൂടി ബാധിക്കുമെന്നത് തീർച്ചയാണ്.

പ്രളയത്തിന്റെ തുടക്കം മുതലേക്കു നമുക്കു രക്ഷാ പ്രവർത്തനം നടത്തുവാൻ സാധിച്ചുവെന്നത് ഏറെ ചാരിതാർത്ഥ്യജനകമാണ്. വെള്ളപ്പൊക്കത്തിനുശേഷവും വീടുകൾ ശുചിയാക്കുന്നതിലും മറ്റും നമ്മുടെ പ്രവർത്തകർ കൂടുതൽ ശുഷ്ക്കാന്തി കാണിച്ചു. നമ്മുടെ ഭാഗത്തുനിന്ന് ഭക്ഷണങ്ങൾ, ഭക്ഷണസാധനങ്ങൾ, വസ്ത്രങ്ങൾ, മരുന്നുകൾ എന്നിവ ദുരിതബാധിതർക്ക് നൽകുവാൻ സാധിച്ചുവെന്നതു ഏറെ സന്തോഷകരമാണ്.

ഈ അവസരത്തിൽ ലോകത്തിന്റെ നാനാ ഭാഗത്തുനിന്നുമുള്ള വിൻസെൻഷ്യൻ പ്രവർത്തകർ സഹായഹസ്തവുമായി മുമ്പോട്ടു വന്നിട്ടുണ്ട്. ഇതിലൂടെ നാഷണൽ കൗൺസിൽ ആവശ്യത്തിലിരിക്കുന്ന ദുരിതബാധിതരെ സഹായിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനു സഹായകമായി എറണാകുളത്തു ഒരു ''റിലീഫ് മോണിട്ടറിംഗ് ഓഫീസ്'' തുറന്നിട്ടുണ്ട്.

ദുരിതബാധിതപ്രദേശത്തെ കോൺഫ്രൻസ് അംഗങ്ങൾ മുതൽ, എ.സി, സി.സി, സ്റ്റേറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾവരെ ഇതിന്റെ നടത്തിപ്പിന് ബദ്ധശ്രദ്ധരായിരിക്കുകയാണ്. ഇതിനുവേണ്ടി പലപ്രാവശ്യം എറണാകുളത്ത് ക്യാമ്പ് ചെയ്തു പരിപാടികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുകയുമായിരുന്നു. ഈ മാസം വേളാങ്കണ്ണിയിൽ കൂടുന്ന ദേശീയ വാർഷികത്തിനുശേഷമേ (AGM) അന്തർദേശീയതലത്തിൽനിന്നും, ദേശീയ തലത്തിൽനിന്നും ലഭിച്ചേക്കാവുന്ന ഫണ്ടുകളുടെ ഏകദേശരൂപം വ്യക്തമാകുകയുള്ളു. അതിനുശേഷമേ പാവങ്ങളിൽ പാവങ്ങളായ ദുരിതബാധിതർക്കു പ്രയോജനം ലഭിക്കുന്ന. ഒരു പ്രോജക്ട് തയ്യാറാക്കുവാൻ സാധിക്കുകയുള്ളു.

## അടുത്ത സി.സി. മീറ്റിംഗ്

2018 ഒക്ടോബർ 13ന് (രണ്ടാം ശനിയാഴ്ച) നമ്മുടെ സി.സി. യോഗം കൂടുന്നതാണ്. എല്ലാ അംഗങ്ങളും നിർബന്ധമായും അതിൽ സംബന്ധിക്കണം. പതിവുപോലെ സി.സി. ഓഫീസിൽ 9.30 നു തന്നെ യോഗം ആരംഭിക്കുന്നതാണ്.

ഒക്ടോബർ മാസം പരിശുദ്ധ അമ്മയോടുള്ള പ്രാർത്ഥനയ്ക്കു നാം കൂടുതൽ തീക്ഷ്ണത കൊടുക്കാറുണ്ടല്ലോ. എല്ലാ ദിവസവും ജപമാല ചൊല്ലി നമുക്ക് അമ്മയുടെ മാദ്ധ്യസ്ഥം അപേക്ഷിക്കാം. അതുവഴി പരമ കാരുണ്യവാനായ ദൈവത്തിന്റെ കൃപ നമുക്കോരോരുത്തർക്കും ലഭിക്കുമാറാകട്ടെ.

## നിര്യാതരായി

പാറേൽ ഇമ്മാക്കുലേറ്റ് കൺവൻഷൻ കോൺഫറൻസിന്റെ മുൻ പ്രസിഡന്റ് എം.ജെ. ജോസഫ് മതിച്ചിപ്പറമ്പിൽ നിര്യാതനായി. വാഴപ്പള്ളി എ.സി.യുടെ മുൻ പ്രസിഡന്റായിരുന്ന കെ.ജെ. ജോസഫ് കല്ലുമാടിക്കൽ 29.03.2018-ൽ നിര്യാതനായി. പരേതരുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കണമേ.

ഈശോയിൽ സ്നേഹത്തോടെ,

**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**
സി.സി. പ്രസിഡന്റ്

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



134

# പുരോഹിതനും മാനസാന്തരാനുഭവവും

(തിരുവചനഭാഗം: ശ്ലീഹ 9:1-30)

സാവൂളിനെ പൗലോസാക്കി മാറ്റിയ മാനസാന്തരാനുഭവമാണ് ഈ വചന ഭാഗത്തെ പ്രതിപാദ്യവിഷയം. 'സാവൂൾ', 'പൗലോസ്' എന്നീ രണ്ടു പേരുകളും ആരംഭം മുതലേ ശ്ലീഹായ്ക്കുണ്ടായിരുന്നിരിക്കണം: 'സാവൂൾ' എന്നത് ഹെബ്രായപേരും, റോമൻ പൗരനായിരുന്നതുകൊണ്ട് 'പൗലോസ്' എന്ന പേരും. നടപടി പുസ്തകത്തിൽ 13-ാം അദ്ധ്യായം 9-ാം വാക്യം മുതലും മറ്റു പുതിയനിയമഗ്രന്ഥങ്ങളിലും പൗലോസ് എന്ന പേരിൽ മാത്രമാണ് ശ്ലീഹാ അറിയപ്പെടുന്നത്. മാനസാന്തരാനുഭവം അത്ര നിർണ്ണായകമായിരുന്നു എന്നതിന്റെ ഒരു സൂചനയായി ഇതിനെ പരിഗണിക്കാം.

പൗലോസ്ശ്ലീഹായാണ് തന്റെ ശ്ലൈഹികശുശ്രൂഷയെ 'പുരോഹിതശുശ്രൂഷ' എന്നു വിശേഷിപ്പിക്കുന്നത്: ''വിജാതീയരാകുന്ന ബലിവസ്തു സ്വീകാര്യവും പരിശുദ്ധാത്മാവിനാൽ പവിത്രീകൃതവും ആകാൻവേണ്ടി ഞാൻ ദൈവത്തിന്റെ സുവിശേഷത്തിനു പുരോഹിതശുശ്രൂഷ ചെയ്യുന്നു'' (റോമാ 15:16). അതുകൊണ്ട് സാവൂളിനെ പൗലോസാക്കി മാറ്റിയ മാനസാന്തരാനുഭവം പുരോഹിതശുശ്രൂഷ നിർവഹിക്കുന്ന എല്ലാവരിലും ഉളവാകേണ്ട ഒരനുഭവമായി കരുതാവുന്നതാണ്. മാനസാന്തരാനുഭവത്തിന്റെ സ്വഭാവവും പ്രത്യേകതകളും മനസ്സിലാക്കുവാൻ ഈ വചനഭാഗം സഹായകരമാവും. അഞ്ചു ഭാഗങ്ങളായി ഈ വചനഭാഗത്തെ തിരിക്കാം:

1. 9:1-2 മതപീഡകനായ സാവൂൾ
2. 9:3-9 ദമാസ്ക്കസ് യാത്രയിലുണ്ടായ ദർശനം
3. 9:10-19 സാവൂളിന്റെ മാമ്മോദീസാ
4. 9:20-25 സുവിശേഷപ്രഘോഷണത്തിനു തുടക്കം
5. 9:26-30 സാവൂൾ ജറുസലേമിൽ

## 1. ജീവിതാനുഭവങ്ങളും മാനസാന്തരാനുഭവവും

*''സാവൂൾ അപ്പോഴും കർത്താവിന്റെ ശിഷ്യരുടെനേരേ വധഭീഷണി ഉയർത്തിക്കൊണ്ടിരുന്നു. അവൻ പ്രധാനപുരോഹിതനെ സമീപിച്ച്, ക്രിസ്തുമാർഗം സ്വീകരിച്ച സ്ത്രീപുരുഷന്മാരിൽ ആരെക്കണ്ടാലും അവരെ ബന്ധനസ്ഥരാക്കി ജറുസലേമിലേക്കു കൊണ്ടുവരാൻ ദമാസ്ക്കസിലെ സിനഗോഗുകളിലേക്കുള്ള അധികാരപത്രങ്ങൾ ആവശ്യപ്പെട്ടു'' (9:1-2).*

ജറുസലേമിൽനിന്നും ദമാസ്ക്കസിലേക്കുള്ള വഴിയിൽ യാത്ര ചെയ്യുന്ന സാവൂൾ. ക്രിസ്തുമാർഗം സ്വീകരിച്ച സ്ത്രീപുരുഷന്മാരിൽ ആരെക്കണ്ടാലും

അവരെ ബന്ധനസ്ഥരാക്കി ജറുസലേമിലേക്കു കൊണ്ടുവരുവാൻ ദൃഢനിശ്ചയം ചെയ്ത സാവൂൾ. ഒരു മിന്നലൊളി അയാളുടെമേൽ പതിക്കുന്നു. ഒരു സ്വരം കേൾക്കുന്നു. അയാൾ നിലംപതിക്കുന്നു. യാത്ര നിർത്തി ഒരു പുതിയ ജീവിതത്തിനു തുടക്കംകുറിക്കുന്നു. സഭാപീഢകനായ സാവൂൾ സഭാസ്നേഹിയും സഭാസമൂഹനിർമ്മാതാവുമായ പൗലോസായി മാറുന്നു. ഈ മാറ്റം എപ്രകാരമാണ് സംഭവിച്ചത്? സാവൂളിന്റെമേൽ പതിച്ച മിന്നലൊളി ഉത്ഥിതനായ മിശിഹായുടെ പ്രത്യക്ഷീകരണമായിരുന്നു. പിന്നീടുള്ള പൗലോസിന്റെ വിവരണങ്ങളിൽ ഇതു വ്യക്തമാകുന്നുണ്ട് (22:6-16; 26:12-18). ശ്ലൈഹികശുശ്രൂഷ ആധികാരികമായി നിർവഹിക്കാൻ ഒരാൾക്കു കഴിവു ലഭിക്കുന്നത് ''ഉത്ഥിതനായ മിശിഹായെ കണ്ടു'' എന്ന അനുഭവത്തിലൂടെയാണ്. തന്റെ ശ്ലൈഹികാധികാരികതയെക്കുറിച്ച് പിന്നീട് ശ്ലീഹാ വ്യക്തമായി പറയുന്നു: ''ഏറ്റവും ഒടുവിൽ അകാലജാതന് എന്നതുപോലെ എനിക്കും അവിടുന്ന് പ്രത്യക്ഷനായി'' (1 കൊറി. 15:8). അതുകൊണ്ട് ഈ ഉത്ഥാനാനുഭവമാണ് സാവൂളിനെ പൗലോസാക്കി മാറ്റിയത് എന്നതിനു സംശയമില്ല.

എന്നാൽ ഈ മാറ്റം ദമാസ്ക്കസിലേക്കുള്ള യാത്രയിൽ ഉത്ഥിതനായ മിശിഹായെ കണ്ടു എന്നതിൽമാത്രം ഒതുങ്ങിനില്ക്കുന്നതല്ല. അതിനു പിന്നിലുള്ള തന്റെ ജീവിതാനുഭവങ്ങളിലും ഈശോയെ കണ്ടുമുട്ടുവാൻ സാവൂളിനു കഴിഞ്ഞിരുന്നിരിക്കണം. നടപടിഗ്രന്ഥത്തിൽ സഭാസമൂഹത്തെ വിശേഷിപ്പിക്കുന്നത് *'മിശിഹാമാർഗ്ഗം സ്വീകരിച്ച സ്ത്രീപുരുഷന്മാർ'* എന്നാണ് (9:2). വഴിയും സത്യവും ജീവനുമായ മിശിഹാ (യോഹ. 14:6) സഭയിൽ ജീവിക്കുന്നു എന്ന സത്യമാണ് ഈ വിശേഷണം വ്യക്തമാക്കുന്നത്. അതുകൊണ്ട് സഭാംഗങ്ങളെ കാണുന്നവർ സഭയിൽ ജീവിക്കുന്ന മിശിഹായെയാണ് കാണുന്നത്. സാവൂളിനും തന്റെ ഇതുവരെയുള്ള മതപീഡനസന്ദർഭങ്ങളിൽ സഭയിൽ ജീവിക്കുന്ന മിശിഹായെ കാണുവാൻ അവസരം ലഭിച്ചുകാണും. സ്തേഫാനോസിന്റെ രക്തസാക്ഷിത്വത്തിന് സാവൂൾ സാക്ഷിയായിരുന്നു. കല്ലേറുകൊണ്ടു മരിക്കുമ്പോൾ, ''കർത്താവേ, ഈ പാപം അവരുടെമേൽ ആരോപിക്കരുത്'' എന്ന് അയാൾ പ്രാർത്ഥിക്കുന്നത് സാവൂൾ തീർച്ചയായും കണ്ടിട്ടുണ്ടാവും. അതുപോലെതന്നെ, താൻ അറസ്റ്റു ചെയ്തു തടവിലാക്കിയ ക്രിസ്ത്യാനികളുടെ ജീവിതമാതൃകയും അയാൾ ശ്രദ്ധിച്ചിട്ടുണ്ടാവും. അതുകൊണ്ട് പുരോഹിതന്റെ ജീവിതാനുഭവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തി അവയെ മിശിഹാനുഭവങ്ങളാക്കി പകർത്തുവാൻ പുരോഹിതനു കഴിയണം. ഇപ്രകാരമുള്ള പ്രാർത്ഥനാനുഭവത്തിലൂടെ മാനസാന്തരാനുഭവത്തിൽ വളരാൻ പുരോഹിതനു സാധിക്കണം.

## 2. മിശിഹാനുഭവവും മാനസാന്തരാനുഭവവും

*''അവൻ നിലംപതിച്ചു; ഒരു സ്വരം തന്നോട് ഇങ്ങനെ ചോദിക്കുന്നതും കേട്ടു: സാവൂൾ, സാവൂൾ, നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു? അവൻ ചോദിച്ചു: കർത്താവേ, അങ്ങ് ആരാണ്? അപ്പോൾ ഇങ്ങനെ മറുപടിയുണ്ടായി: നീ പീഡിപ്പിക്കുന്ന ഈശോയാണു ഞാൻ. എഴുന്നേറ്റു നഗരത്തിലേക്കു പോവുക. നീ എന്താണു ചെയ്യേണ്ടതെന്ന് അവിടെവച്ച് നിന്നെ അറിയിക്കും'' (9:4-6).*

ഡമാസ്ക്കസിലുള്ള ക്രിസ്ത്യാനികളെ ബന്ധനസ്ഥരാക്കി ജറുസലേമിലേക്കു കൊണ്ടുവരുവാനുള്ള അധികാരപത്രവുമായി പോയ സാവൂൾ ഡമാസ്ക്കസിനടുത്തുവച്ച് പ്രകാശപൂർണ്ണമായ ഒരു ദർശനത്തിന്റെ ഫലമായി കുതിരപ്പുറത്തുനിന്ന് താഴെ വീഴുകയും അന്ധനായിത്തീരുകയും ചെയ്തു. അതേസമയം മുകളിൽനിന്ന് ഒരശരീരി സ്വരം കേട്ടു: ''സാവൂൾ, സാവൂൾ, നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു?'' സാവൂൾ ചോദിച്ചു: ''നീ ആരാണ്?'' അതിനുത്തരമായി ''നീ

പീഡിപ്പിക്കുന്ന മിശിഹായാണു ഞാൻ'' എന്നു മറുപടി കിട്ടി (9:4-6). ഈശോ അദ്ദേഹത്തോട് എഴുന്നേറ്റ് നഗരത്തിലേക്കു പോകാനും അവിടെവച്ച് എന്തു ചെയ്യണമെന്ന് അറിയിക്കപ്പെടുമെന്നും പറഞ്ഞു (9:6). അതനുസരിച്ച് കൂടെയുണ്ടായിരുന്നവർ സാവൂളിനെ കൈയ്ക്കു പിടിച്ച് നഗരത്തിലേക്കു കൊണ്ടുപോയി. യൂദാസ് എന്നു പറയപ്പെടുന്ന ഒരാളുടെ വീട്ടിലെത്തി. അവിടെ മൂന്നു ദിവസം ഭക്ഷണംപോലും കഴിക്കാതെ പ്രാർത്ഥനയിൽ കഴിച്ചുകൂട്ടി (9:11). തനിക്കുണ്ടായ അനുഭവത്തിന്റെ പൊരുളെന്താണെന്ന് ധ്യാനിക്കുവാനും പ്രാർത്ഥിക്കുവാനും, വിശ്വാസത്തിന്റെ വെളിച്ചത്തിൽ തന്റെ ദൈവവിളി സ്വീകരിക്കുവാനും ഈ പ്രാർത്ഥനാപൂർവമുള്ള കാത്തിരിപ്പ് ആവശ്യമായിരുന്നു.

ദൈവം തന്റെ വിളി സാവൂളിനു വെളിപ്പെടുത്തിക്കൊടുത്ത സന്ദർഭമാണിത്. ഈശോ ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലാണല്ലോ. ഈശോയിലൂടെ ദൈവം സാവൂളിന്റെ വിളിയും ദൗത്യവും അയാൾക്കു വെളിപ്പെടുത്തിക്കൊടുത്ത സന്ദർഭമാണിത്. തന്റെ ദൈവവിളിയുടെ വെളിപ്പെടുത്തലാണ് ഇവിടെ നടന്നതെന്ന് പൗലോസ്ശ്ലീഹാതന്നെ വ്യക്തമായി പറയുന്നുണ്ട്: ''ഞാൻ മാതാവിന്റെ ഉദരത്തിലായിരിക്കുമ്പോൾത്തന്നെ ദൈവം എന്നെ പ്രത്യേകം തിരഞ്ഞെടുത്തു; തന്റെ കൃപയാൽ അവിടുന്ന് എന്നെ വിളിച്ചു. അത് അവിടുത്തെ പുത്രനെപ്പറ്റി വിജാതീയരുടെയിടയിൽ പ്രസംഗിക്കാൻ അവനെ എനിക്കു വെളിപ്പെടുത്തിത്തരേണ്ടതിനായിരുന്നു'' (ഗലാ. 1:15-16). മിശിഹാ ജീവിക്കുന്നതും സ്വയം വെളിപ്പെടുത്തുന്നതും സഭയിലൂടെയായതുകൊണ്ട് മിശിഹാനുഭവം അവശ്യം സഭാത്മകമാണെന്നും ഇവിടെ വ്യക്തമാണ്. ഈ മിശിഹാനുഭവത്തിലൂടെയുള്ള മാനസാന്തരാനുഭവം പൂർത്തിയാകുന്നത് പിന്നീട് അനനിയാസ് നല്കിയ മാമ്മോദീസായിലൂടെയും കൈവയ്പ്പിലൂടെയുമാണെന്ന് അടുത്തുവരുന്ന ഭാഗം വ്യക്തമാക്കുന്നുണ്ട് (9:10-19). മിശിഹാനുഭവവും മാനസാന്തരാനുഭവവും പൂർണമാകുന്നത് സഭയുടെ കൂദാശാജീവിതത്തിലൂടെയാണെന്ന് ഇത് ഓർമ്മിപ്പിക്കുന്നു. അതേസമയം, സഭാത്മകമായ ഈ അനുഭവം വ്യക്തിപരമായ പ്രാർത്ഥനയിലൂടെ സ്വാംശീകരിക്കണമെന്നും ഈ ഭാഗം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്.

## 3. സഭാത്മകജീവിതവും മാനസാന്തരാനുഭവവും

*''അനനിയാസ് ചെന്ന് ആ ഭവനത്തിൽ പ്രവേശിച്ച് അവന്റെ മേൽ കൈകൾ വച്ചുകൊണ്ടു പറഞ്ഞു: സഹോദരനായ സാവൂൾ, മാർഗമദ്ധ്യേ നിനക്കു പ്രത്യക്ഷപ്പെട്ട കർത്താവായ ഈശോ, നിനക്കു വീണ്ടും കാഴ്ച ലഭിക്കുന്നതിനും നീ പരിശുദ്ധാത്മാവിനാൽ നിറയുന്നതിനുംവേണ്ടി എന്നെ അയച്ചിരിക്കുന്നു. ഉടൻതന്നെ ചെതുമ്പലുപോലെ എന്തോ ഒന്ന് അവന്റെ കണ്ണുകളിൽ നിന്ന് അടർന്നുവീഴുകയും അവനു കാഴ്ച തിരിച്ചുകിട്ടുകയും ചെയ്തു. അവൻ എഴുന്നേറ്റു ജ്ഞാനസ്നാനം സ്വീകരിച്ചു'' (9:17-18).*

അനനിയാസിന്റെ കൈവയ്പ്പുശുശ്രൂഷയിലൂടെയും ജ്ഞാനസ്നാനശുശ്രൂഷയിലൂടെയുമാണ് സാവൂളിന്റെ മാനസാന്തരാനുഭവം പൂർത്തിയാകുന്നത്. അനനിയാസ് 'ശിഷ്യൻ' എന്നാണ് വിശേഷിപ്പിക്കപ്പെടുന്നത്. അയാൾ ദമാസ്ക്കസിൽ ഉണ്ടായിരുന്ന യഹൂദക്രൈസ്തവസമൂഹാംഗമായിരുന്നിരിക്കണം. മാനസാന്തരാനുഭവം കേവലം വ്യക്തിഗതമല്ലെന്നും അത് സഭാത്മകജീവിതത്തിലൂടെയാണ് പൂർണമാകേണ്ടതെന്നും ഇതു വ്യക്തമാക്കുന്നു. സഭാംഗങ്ങളെ വിശുദ്ധരെന്ന് ഇവിടെ വിശേഷിപ്പിക്കുന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ് (9:13). അനനിയാസ് സാവൂളിനെക്കുറിച്ചുള്ള തന്റെ സംശയങ്ങൾ പ്രകടിപ്പിച്ചെങ്കിലും, ദൈവത്തിന്റെ പദ്ധതിയിൽ സാവൂൾ ശ്ലൈഹികശുശ്രൂഷയ്ക്കായി ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട

പാത്രമാണെന്ന് ഉറപ്പു ലഭിച്ചപ്പോൾ ചെന്ന് ദൈവകല്പനപ്രകാരം കൈവയ്പ്പു ശുശ്രൂഷയും മാമ്മോദീസായും നല്കി സാവൂളിനെ സഭാംഗമാക്കിത്തീർക്കുന്നു. കൈവയ്പ്പിലൂടെ കാഴ്ച ലഭിക്കുന്നത് വെറുമൊരു രോഗശാന്തിയത്ഭുതമല്ലായിരുന്നു. സാവൂൾ മാനസാന്തരാനുഭവത്തിലൂടെ ശരിയായ, സഭാത്മകമായ, വിശ്വാസാനുഭവത്തിലേക്കു വരികയും സുവിശേഷപ്രഘോഷകനായിത്തീരുകയും ചെയ്യുന്നുവെന്ന് ഈ സംഭവം വ്യക്തമാക്കുന്നു. മാനസാന്തരവും വിശ്വാസവും തമ്മിലുള്ള ബന്ധം പ്രത്യേകം ശ്രദ്ധിക്കപ്പെടണം. ''മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുവിൻ'' (മർക്കോ 1:15) എന്നാണ് ഈശോ ആഹ്വാനം ചെയ്തത്. മാനസാന്തരാനുഭവമില്ലാത്ത വിശ്വാസം വെറും താത്വികവും ബൗദ്ധികവുമായി നിലകൊള്ളും. ദൈവത്തിന്റെ സ്നേഹത്തിലേക്കും ദൈവത്തോടുള്ള പ്രതിബദ്ധതയിലേക്കും നിർണായകമായി തിരിയുന്നതാണ് മാനസാന്തരം. അപ്രകാരം ദൈവസ്നേഹാഭിമുഖ്യത്തിൽ മുന്നേറുന്നതാണ് വിശ്വാസം. വിശ്വാസം അവശ്യം സഭാത്മകവുമാണ്.

കർത്താവ് അനനിയാസിനോടു പറഞ്ഞ വാക്കുകൾ പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടവയാണ്: ''നീ പോവുക; വിജാതീയരുടെയും രാജാക്കന്മാരുടെയും ഇസ്രായേൽമക്കളുടെയും മുമ്പിൽ എന്റെ നാമം വഹിക്കാൻ തെരഞ്ഞെടുക്കപ്പെട്ട പാത്രമാണ് അവൻ. എന്റെ നാമത്തെ പ്രതി അവൻ എത്രമാത്രം സഹിക്കേണ്ടി വരുമെന്ന് അവനു ഞാൻ കാണിച്ചുകൊടുക്കും'' (9:15–16). സുവിശേഷപ്രഘോഷണത്തിന്റെ ശ്ലൈഹികശുശ്രൂഷയ്ക്ക് മറ്റു ശ്ലീഹന്മാരെപ്പോലെതന്നെ ദൈവം നേരിട്ട് പൗലോസിനെ തെരഞ്ഞെടുത്തിരിക്കുകയാണെന്നും അത് സഹനം നേരിടേണ്ടി വരുന്ന ശുശ്രൂഷയാണെന്നും ഈ വാക്കുകൾ വ്യക്തമാക്കുന്നു. 'പാത്രം' എന്നത് ശ്ലൈഹികശുശ്രൂഷയുടെ പിന്നിൽ പ്രവർത്തിക്കുന്ന ദൈവത്തിന്റെ ശക്തിയെയും (റോമാ 9:21–22) ശുശ്രൂഷ ചെയ്യുന്ന മനുഷ്യന്റെ ബലഹീനതയെയും (2 കൊറി. 4:7) സൂചിപ്പിക്കുന്നു. പുരോഹിതശുശ്രൂഷയിൽ പ്രവർത്തനനിരതമാകുന്നത് ദൈവത്തിന്റെ ശക്തിയാണ്. അതേസമയം ദൈവികപ്രവർത്തനം നിർവഹിക്കുന്ന പുരോഹിതൻ മാനുഷികബലഹീനതകളുള്ളവനുമാണ്. അതുകൊണ്ട് എപ്പോഴും ദൈവവുമായുള്ള ഐക്യത്തിൽ ജീവിച്ചുകൊണ്ടുവേണം പുരോഹിതശുശ്രൂഷ നിർവഹിക്കുവാൻ. അതുപോലെതന്നെ ഈശോയുടെ ജീവിതത്തിലെന്നപോലെ, പുരോഹിതശുശ്രൂഷാജീവിതത്തിലും സഹനമുണ്ടാകുമെന്നും, എന്നാൽ ആ സഹനത്തെ ദൈവികമഹത്ത്വത്തിന്റെ മുന്നോടിയായി കണ്ടുകൊണ്ട്, ഈശോയോടുചേർന്നു നിന്നുകൊണ്ടു ക്ഷമാപൂർവം നേരിടണമെന്നും ഇതു സൂചിപ്പിക്കുന്നു.

## 4. മാനസാന്തരാനുഭവവും വിശ്വാസപ്രഘോഷണവും

*''അധികം താമസിയാതെ, ഈശോ ദൈവപുത്രനാണെന്ന് അവൻ സിനഗോഗുകളിൽ പ്രഘോഷിക്കാൻ തുടങ്ങി. അതു കേട്ടവരെല്ലാം വിസ്മയഭരിതരായി പറഞ്ഞു: ജറുസലേമിൽ ഈ നാമം വിളിച്ചപേക്ഷിക്കുന്നവരെ പീഡിപ്പിച്ചിരുന്നത് ഇവനല്ലേ? ഇവിടെയും അങ്ങനെയുള്ളവരെ ബന്ധനസ്ഥരാക്കി പുരോഹിതപ്രമുഖന്മാരുടെ മുന്നിൽ കൊണ്ടുപോകാൻ വേണ്ടിയല്ലേ ഇവൻ വന്നിരിക്കുന്നത്? സാവൂളാകട്ടെ കൂടുതൽ ശക്തി ആർജ്ജിച്ച് ഈശോതന്നെയാണ് മിശിഹാ എന്നു തെളിയിച്ചുകൊണ്ട് ദമാസ്ക്കസിൽ താമസിച്ചിരുന്ന യഹൂദന്മാരെ ഉത്തരം മുട്ടിച്ചിരുന്നു'' (9:20–22).*

മാനസാന്തരത്തിലൂടെ വിശ്വാസത്തിലേക്കു കടന്നുവന്ന സാവൂൾ ദമാസ്ക്കസിലെ സിനഗോഗുകളിൽ പ്രസംഗിക്കാൻ തുടങ്ങി. മാനസാന്തരാനുഭവം തീക്ഷ്ണമായ വിശ്വാസാനുഭവം ഒരു വ്യക്തിയിൽ ഉളവാക്കുമെന്നും, ആ വിശ്വാ

സാനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ ആ വ്യക്തിയെ പ്രേരിപ്പിക്കുമെന്നും ഇതു വ്യക്തമാക്കുന്നു. ഈശോ ദൈവപുത്രനാണെന്നാണ് സാവൂൾ പ്രഘോഷിക്കാൻ തുടങ്ങിയത് (9:20). അദ്ദേഹത്തിന്റെ മാനസാന്തരാനുഭവംതന്നെയാണ് പ്രസംഗവിഷയമായിത്തീർന്നത്. ദമാസ്ക്കസ് യാത്രയിൽ താൻ കണ്ടുമുട്ടിയ ഈശോ മരിച്ചു മൺമറഞ്ഞു പോയിരുന്നു എന്നാണ് സാവൂൾ കരുതിയിരുന്നത്. എന്നാൽ ഈശോ മനുഷ്യനെന്ന നിലയിൽ ശാരീരികമായി മരിച്ചുവെങ്കിലും ദൈവപുത്രനെന്ന നിലയിൽ സഭയിലും സഭയിലൂടെയും ജീവിച്ചിരിക്കുന്നു എന്ന അനുഭവമാണ് സാവൂളിനുണ്ടായത്. ഈ അനുഭവമാണ് ശക്തമായ ഭാഷയിൽ ആ സത്യം പ്രഘോഷിക്കുവാൻ സാവൂളിനെ പ്രേരിപ്പിച്ചത്. സഭയെ പീഡിപ്പിച്ചിരുന്ന സാവൂളിനോട് ''നീ എന്നെ പീഡിപ്പിക്കുന്നതെന്തിന്?'' എന്നാണ് ഈശോ ചോദിച്ചത്. അതുകൊണ്ട് സഭയെ തന്റെ ശരീരമാക്കിക്കൊണ്ട് ഇന്നും ജീവിക്കുന്ന ദൈവപുത്രനാണ് ഈശോ എന്ന് പ്രഘോഷിക്കാൻ സാവൂൾ നിർബന്ധിതനായി.

അതോടൊപ്പം ഈശോ 'മിശിഹാ'യാണെന്നും സാവൂൾ തെളിയിക്കുകയും ചെയ്തു (9:22). യഹൂദരെ സംബന്ധിച്ചിടത്തോളം ഇതു തികച്ചും പ്രസക്തവും പ്രാധാന്യമർഹിക്കുന്നതുമാണ്. കാരണം അവർ മിശിഹായെ പ്രതീക്ഷിച്ചിരുന്നവരാണ്. 'നീ മിശിഹാതന്നെയാണോ' എന്ന് അവർ ഈശോയോടു ചോദിച്ചിട്ടുള്ളതാണ് (യോഹ 10:22-25). ''പിതാവ് അഭിഷേകം ചെയ്ത് ലോകത്തിലേയ്ക്കയച്ച ദൈവപുത്രനായ മിശിഹായാണ്'' താനെന്ന് ഈശോ പറഞ്ഞപ്പോൾ അവിടുത്തെ ബന്ധിക്കാൻ ഒരുങ്ങിയവരുമാണ് (യോഹ.10:36-39). ''നിങ്ങൾ കുരിശിൽ തറച്ച ഈശോയെ ദൈവം കർത്താവും മിശിഹായുമായി ഉയർത്തി എന്ന് ഇസ്രായേൽജനം മുഴുവനും വ്യക്തമായി അറിയട്ടെ'' (ശ്ലീഹ. 2:36) എന്ന് പന്തക്കുസ്താദിനത്തിൽ പത്രോസ് പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തു. വിശുദ്ധ ലിഖിത വായനയിലും പഠനത്തിലും പ്രാവീണ്യം നേടിയിരുന്ന സാവൂൾ ഈശോ മിശിഹായാണെന്നു തെളിയിച്ചുകൊണ്ട് ദമാസ്ക്കസിലെ യഹൂദന്മാരെ ഉത്തരംമുട്ടിച്ചിരുന്നു (9:22). സഭയിൽ ജീവിക്കുന്ന മിശിഹായെ അനുഭവിച്ചുകൊണ്ടും വചനപഠനത്തിന്റെ പിൻബലത്തോടുകൂടിയും വിശ്വാസപ്രഘോഷണത്തിലേർപ്പെടുവാൻ പുരോഹിതർക്കു കഴിയണം.

## 5. മാനസാന്തരാനുഭവവും സഭാകൂട്ടായ്മയും

*''ജറുസലേമിലെത്തിയപ്പോൾ ശിഷ്യരുടെ സംഘത്തിൽ ചേരാൻ അവൻ പരിശ്രമിച്ചു. എന്നാൽ, അവർക്കെല്ലാം അവനെ ഭയമായിരുന്നു. കാരണം, അവൻ ഒരു ശിഷ്യനാണെന്ന് അവർ വിശ്വസിച്ചില്ല. ബാർണബാസ് അവനെ ശ്ലീഹന്മാരുടെ അടുക്കൽ കൂട്ടിക്കൊണ്ടു വന്നു. സാവൂൾ വഴിയിൽവച്ച് കർത്താവിനെ ദർശിച്ചതും അവിടുന്ന് അവനോടു സംസാരിച്ചതും ദമാസ്ക്കസിൽവച്ച് ഈശോയുടെ നാമത്തിൽ അവൻ ധൈര്യപൂർവം പ്രസംഗിച്ചതും ബാർണബാസ് അവരെ വിവരിച്ചുകേൾപ്പിച്ചു'' (9:26-27).*

ദമാസ്ക്കസിലെ സുവിശേഷപ്രഘോഷണം യഹൂദരുടെ ശത്രുതയ്ക്കു കാരണമായി. അവിടെനിന്നും സഭാംഗങ്ങളിൽ ചിലരുടെ സഹായത്തോടെ രക്ഷപെട്ട് സാവൂൾ ജറുസലേമിലേക്കു പോയി. ജറുസലേമിലെ സഭാകൂട്ടായ്മയിൽ പങ്കുചേരാൻ ശ്രമിച്ചു (9:26). എന്നാൽ ഈ ജറുസലേം യാത്ര എപ്പോഴാണ് നടന്നത് എന്നതിനെപ്പറ്റി ബൈബിൾ പണ്ഡിതരുടെയിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. അതിനുകാരണം തന്റെ ദൈവവിളിയെക്കുറിച്ച് ഗലാത്തിയാക്കാർക്കുള്ള ലേഖനത്തിൽ പൗലോസ്ശ്ലീഹാ പറയുന്ന വാക്കുകളാണ്: ''ഞാൻ ഒരു മനുഷ്യന്റെയും ഉപദേശം തേടാൻ നിന്നില്ല. എനിക്കുമുമ്പേ ശ്ലീഹ

ന്മാരായവരെ കാണാൻ ഞാൻ ജറുസലേമിലേക്കു പോയതുമില്ല. മറിച്ച്, ഞാൻ അറേബ്യായിലേക്കു പോവുകയും ദമാസ്ക്കസിലേക്കു തിരിച്ചുവരികയും ചെയ്തു. മൂന്നു വർഷത്തിനുശേഷം കേപ്പായെ കാണാൻ ഞാൻ ജറുസലേമിലേക്കു പോയി'' (ഗലാ. 1:16-18). അറേബ്യൻ മരുഭൂമി ദമാസ്ക്കസിനടുത്തായതുകൊണ്ട് ഇത് ദമാസ്ക്കസ് വാസത്തിന്റെ ഭാഗമായിരുന്നിരിക്കാം. പരസ്യപ്രഭാഷണങ്ങൾക്കു മുമ്പായി ഈശോയെ അനുകരിച്ച് മരുഭൂമിയിലെ ഏകാഗ്രതയിൽനിന്ന് ആത്മീയശക്തി സംഭരിക്കാൻ സാവൂൾ തീരുമാനിച്ചതാകാം (ലൂക്കാ. 4:13-14; 1 കൊറി. 11:1). ഏതായാലും കേപ്പായെ കാണാനാണ് ജറുസലേമിലേക്കു പോയതെന്ന് എടുത്തുപറയുന്നുണ്ട്. മാനസാന്തരത്തിനുശേഷം ദമാസ്ക്കസിലെ ശിഷ്യന്മാരോടുകൂടെ കുറേദിവസം താമസിക്കുകയും ചെയ്തു എന്നും പറയുന്നുണ്ട് (9,19). സഭാകൂട്ടായ്മയോടുള്ള ശ്ലീഹായുടെ ആഭിമുഖ്യം ഇവിടെ സൂചിപ്പിക്കപ്പെടുന്നുണ്ട്.

ജറുസലേമിലെത്തിയ സാവൂളിന് സഭാകൂട്ടായ്മയിൽ ഉൾച്ചേരുവാൻ ബുദ്ധിമുട്ടനുഭവപ്പെട്ടു. കാരണം സാവൂളിന്റെ ഗതകാലചരിത്രമാണ്. സഭാപീഡകനായിരുന്ന സാവൂളിനെ സഭാസ്നേഹിയായി കാണാൻ അവർക്കു ബുദ്ധിമുട്ടായിരുന്നു. ഈ അവസരത്തിൽ സാവൂളിന് ബാർണബാസിന്റെ സഹായം ലഭിച്ചു. ഈ ബാർണബാസ് സഭാകൂട്ടായ്മയോട് അതീവ താല്പര്യമുണ്ടായിരുന്ന വ്യക്തിയായിരുന്നു (4:36-37). ബാർണബാസ് സാവൂളിനെ ശ്ലീഹന്മാരുടെ കൂട്ടായ്മയിൽ ഉൾച്ചേരുവാൻ സഹായിച്ചു (9:27-28). അപ്രകാരം ശരിയായ വിധത്തിലുള്ള ഒരു സുവിശേഷപ്രഘോഷകനായി പൗലോസ് മാറി. മാനസാന്തരാനുഭവം കേവലം വ്യക്തിഗതമല്ല. അത് അവശ്യം സഭാത്മകമാണ്. ദൈവത്തോടും മിശിഹായോടുമുള്ള സ്നേഹവും പ്രതിബദ്ധതയും അവശ്യം സഭാത്മകമാണ്. പതിനാലുവർഷത്തിനുശേഷം വിജാതീയരുടെ ശ്ലീഹായായ പൗലോസ് ബാർണബാസുമൊത്തു വീണ്ടും ജറുസലേമിലേക്കുപോയി ശ്ലൈഹിക കൂട്ടായ്മ ഊട്ടിയുറപ്പിക്കുന്നതായി കാണാം (ഗലാ. 2:1-10). സഭാ കൂട്ടായ്മയോടും സഭാജീവിതത്തോടും ആഭിമുഖ്യം പുലർത്താത്ത ദൈവാനുഭവവും മിശിഹാനുഭവവും ശരിയായ ഒന്നല്ല. അതുകൊണ്ട് പുരോഹിതർ തങ്ങളുടെ മാനസാന്തരാനുഭവവും സുവിശേഷപ്രഘോഷണവും സഭാകൂട്ടായ്മയോടുൾച്ചേർന്നുകൊണ്ടുള്ളതാണെന്ന് ഉറപ്പുവരുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

## ജീവിതസൂചിക

1. ജീവിതാനുഭവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തുന്ന പ്രാർത്ഥനാനുഭവത്തിലൂടെ മാനസാന്തരാനുഭവത്തിൽ വളരുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
2. സഭയുടെ കൂദാശാജീവിതത്തിലൂടെ മിശിഹാനുഭവത്തിൽ വളരുവാനും വ്യക്തിപരമായ പ്രാർത്ഥനയിലൂടെ മിശിഹാനുഭവം സ്വാംശീകരിക്കുവാനും എനിക്കു കഴിയുന്നുണ്ടോ?
3. സഭാത്മകമായ വിശ്വാസജീവിതത്തിൽ വളരുവാൻ മാനസാന്തരാനുഭവം എന്നെ സഹായിക്കുന്നുണ്ടോ?
4. ദൈവശക്തിയിൽ വിശ്വസിച്ചും ദൈവൈക്യത്തിൽ ജീവിച്ചും പുരോഹിതശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?
5. മാനസാന്തരവും സുവിശേഷപ്രഘോഷണവും സഭാകൂട്ടായ്മയിലാണെന്ന് ഉറപ്പുവരുത്തുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കണം?



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

### 2018 ആഗസ്റ്റ്

26 രാവിലെ കുന്നന്താനം പള്ളിയിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് കുന്നന്താനത്തുള്ള ദൈവപരിപാലന ഭവനിലെ ബഹു. സിസ്റ്റേഴ്സിനെയും അന്തേവാസികളെയും സന്ദർശിച്ച് സംസാരിച്ചു. അയർക്കുന്നം ഇടവകയിൽ കുന്നപള്ളിയിൽ ശ്രീമതി സിസിലിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. പാറമ്പുഴ ഇടവകയിൽ മുക്കുടിയിൽ ശ്രീമതി ത്രേസ്യാമ്മ കെ.സി.യുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. മുട്ടാർ അമലോത്ഭവ മാതാ ഇടവകയിൽ കൊല്ലാമാലിൽ ബഹു. ജോസി C.M.I. അച്ചന്റെ പിതാവ് ശ്രീ. കെ.എസ്. ഫിലിപ്പിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് പ്രളയബാധിത പ്രദേശങ്ങളായ മുട്ടാർ സെന്റ് ജോർജ് ദൈവാലയം, കുമരംചിറ സെന്റ് തോമസ് ദൈവാലയങ്ങണം തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ച് പ്രളയസ്ഥിതിഗതികൾ ജനങ്ങളിൽ നിന്ന് നേരിട്ട് മനസ്സിലാക്കി.

27-28 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സഭാ സിനഡിന്റെ സ്ഥിരസമിതിയംഗങ്ങളുടെ സമ്മേളനത്തിൽ പങ്കെടുത്തു.

29 അതിരൂപതാ കേന്ദ്രത്തിൽ രാവിലെ നടന്ന കൂരിയാ സമ്മേളനത്തിനുശേഷം, പ്രളയത്തെക്കുറിച്ചും പുനരധിവാസത്തെക്കുറിച്ചും ചർച്ച ചെയ്യുവാൻ ക്രമീകരിച്ച ഫൊറോന വികാരിയച്ചന്മാരുടെ സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കുട്ടനാട് മേഖലയിലെ പള്ളികളിൽ ശുശ്രൂഷ ചെയ്യുന്ന ബഹു. വൈദികരുടെ സമ്മേളനത്തിൽ പങ്കെടുത്തു. അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

30 ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ചെത്തിപ്പുഴ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ബഹു. വൈദികരെ സന്ദർശിച്ചു. ഇത്തിത്താനം പ്രീസ്റ്റ്ഹോം, ആശാഭവൻ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചു. തുടർന്ന്, പുളിങ്കുന്ന് ഇടവകയിൽ പുളിവേലിൽ അന്നമ്മയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കാരിത്താസ് ഇന്ത്യയുടെ ഡയറക്ടർ, ത്രിപുര ബിഷപ്പ് ലൂമെൻ മോണ്ടൈറായ്ക്ക് അതിരൂപതാ കേന്ദ്രത്തിൽ സ്വീകരണം നൽകി, പ്രളയബാധിത അവസ്ഥയിൽ രൂപതയ്ക്കും സംസ്ഥാനത്തിനും നൽകുന്ന സഹായങ്ങൾക്ക് നന്ദി പറഞ്ഞു.

31 ഉച്ചയ്ക്ക് തുരുത്തി ഇടവകാംഗമായ നെടുംപറമ്പിൽ എൻ.റ്റി. ജോബിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ പുനരധിവാസവുമായി ബന്ധപ്പെട്ടു നടന്ന സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിലെ ശുശ്രൂഷ ചെയ്യുന്ന വൈദീകരുടെ മാസധ്യാനത്തോടനുബന്ധിച്ച് സന്ദേശം നൽകി.

### 2018 സെപ്റ്റംബർ

1 രാവിലെ തത്തംപള്ളി പള്ളിയിൽ തോമസ്-സുജ ദമ്പതികളുടെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി. തത്തംപള്ളി ഇടവകയിൽ കുട്ടിച്ചിറയിൽ മറിയ

ക്കുട്ടി തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തത്തംപള്ളി സഹൃദയാശുപത്രിയിൽ ചികിത്സയിലായിരിക്കുന്ന ബഹു. വൈദികരെ സന്ദർശിച്ചു. പള്ളിക്കൂട്ടുമ്മ ഇടവകയിൽ മൂലംകുന്നം അന്നമ്മയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുരുത്തി ഇടവകയിൽ പുറവടി പി.എസ്. ചാക്കോയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം നിരണം സെമിനാരിയിൽ വൈദികാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

2 ആലപ്പുഴ ആറാട്ടുവഴി ഇടവകയിൽ അജപാലന സന്ദർശനം നടത്തി. പുളിങ്കുന്ന് കർമ്മലീത്താ മഠത്തിൽ സി. എയ്ഞ്ചൽ C.M.C. യുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

3 രാവിലെ കാഞ്ഞിരപ്പള്ളി ആനിക്കാട് ഇടവകയിൽ M.C.B.S. സന്ന്യാസസമൂഹാംഗമായ ഈറ്റോലിൽ ബഹു. സെബാസ്റ്റ്യൻ അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് കൃതജ്ഞതാബലിയിൽ അനുഗ്രഹ സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ അതിരൂപതാ കൺസൾട്ടേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് മീഡിയാ വില്ലേജിന്റെ (സെന്റ് ജോസഫ് കോളജ് ഓഫ് കമ്മ്യൂണിക്കേഷൻസ്) ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

4 രാവിലെ ചെത്തിപ്പുഴ ഇടവകാംഗമായ കല്ലുകണ്ടം ശ്രീ. ഷാജിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. മുട്ടാർ വലിയപള്ളി ഇടവകയിൽ ചീരംവേലിൽ ശ്രീമതി ത്രേസ്യമ്മയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അമ്പൂരി ഫൊറോന ഇടവകയിൽ ഇരുപ്പക്കാട്ട് ശ്രീ. ജോസഫ് (ബ്ര. ബിജോ ഇരുപ്പക്കാട്ടിന്റെ പിതാവ്) ന്റെ സംസ്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. മാവേലിക്കര രൂപതാംഗമായ മംഗലത്തിൽ ബഹു. ഡാനിയേൽ അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

5 ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനപള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

6 രാവിലെ അതിരൂപതാകേന്ദ്രത്തിൽ റീജൻസി ബ്രദേഴ്സിന് ക്ലാസ്സെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

7 വൈകുന്നേരം തെള്ളകം പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ബഹു. കുന്നത്ത് സെബാസ്റ്റ്യനച്ചനെയും, കാരിത്താസ് ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്ന ബഹു. വൈദീകരെയും സന്ദർശിച്ചു.

8 രാവിലെ പഴവീട് ഇടവകാംഗമായ, വലിയവീട്ടിൽ ജീജിന്റെ (എസ്.ബി. കോളജിനുസമീപമുള്ള ഭവനത്തിൽ) മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് ആർപ്പൂക്കര ചെറുപുഷ്പ ഇടവകാങ്കണത്തിൽ മിഷൻ ലീഗ് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ, സംഘടിപ്പിച്ച ഫാ. മാലിപ്പറമ്പിൽ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. ഉച്ചയ്ക്ക് ചമ്പക്കര ഇടവകയിൽ വിവാഹ വാഗ്ദാന കർമ്മം ആശീർവ്വദിച്ചു. വൈകുന്നേരം വായ്പ്പൂര് സെന്റ് മേരീസ് ഇടവകയിൽ പാരീഷ്ഹാളിന്റെ നിർമ്മാണത്തിനായി വെഞ്ചരിച്ച ശില സ്ഥാപിച്ചു. ചങ്ങനാശ്ശേരി കത്തീഡ്രൽ ഇടവകയിൽ നീലത്തുംമുക്കിൽ ആലീസ് സെബാസ്റ്റ്യന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

9 രാവിലെ കൈനകരി പള്ളിയിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് പ്രളയബാധിത പ്രദേശങ്ങളായ കുട്ടമംഗലം, അറുനൂറ്റിപാടം എന്നീ സ്ഥലങ്ങളിലെ ദൈവാലയങ്ങളിലെത്തി ജനങ്ങൾക്കു സന്ദേശം നൽകി. അറുനൂറ്റിപാടം ഇടവക കൊല്ലംപറമ്പിൽ ജോസഫിന്റെ (ബഹു. ലൂക്ക് C.M.I. അച്ചന്റെ പിതാവ്) മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് വിശ്രമത്തിലായിരിക്കുന്ന കളത്തിൽ ബഹു. സിറിയക് അച്ചനെ സന്ദർശിച്ചു. പ്രളയബാധിത സ്ഥലങ്ങളായ ചേന്നംങ്കരി, പള്ളാത്തുരുത്തി ദൈവാലയങ്ങൾ സന്ദർശിച്ച് ബഹു. വൈദീകരുമായി സംസാരിച്ചു.

10–13 സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വാർഷിക ധ്യാനത്തിൽ പങ്കെടുക്കുന്ന വൈദികരുമായി സംസാരിക്കുന്നതിന് സമയം ചിലവഴിച്ചു.

10 വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ C.A.H.R.D. ട്രസ്റ്റ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ച് പങ്കെടുത്തു.

11 രാവിലെ പാസ്റ്ററൽ സെന്ററിൽ വിവാഹത്തിന് ഒരുക്കമായുള്ള കോഴ്സിൽ പങ്കെടുക്കുന്നവർക്കായി വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. വൈകുന്നേരം പുളിങ്കുന്ന് ഇടവകയിൽ വേലക്കളം അന്നമ്മയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാ കേന്ദ്രത്തിൽ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

12 F.C.C. സന്ന്യാസ സമൂഹത്തിന്റെ സ്ഥാപകമാതാക്കളുടെ സ്മരണാർത്ഥം കത്തീഡ്രൽ പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ സ്ഥാപകമാതാക്കളെക്കുറിച്ചുള്ള പുസ്തകം പ്രകാശനം ചെയ്തു. തുടർന്ന്, ഉച്ചകഴിഞ്ഞ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ദീപിക അപെക്സ് ബോർഡ് സമ്മേളനത്തിൽ പങ്കെടുത്തു. ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിൽ ചികിത്സയിൽ ആയിരിക്കുന്ന ബഹു. വൈദികരെ സന്ദർശിച്ചു. തുടർന്ന് എറണാകുളത്ത് ബ്ര. മാവൂരിസിന്റെ ഭവനം സന്ദർശിച്ചു സംസാരിച്ചു.

13 രാവിലെ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ പങ്കെടുക്കുന്ന വൈദികർക്കായി വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ചെറുവാണ്ടൂർ ഇടവകയിൽ നൂഴായിത്തടം ഏലിയാമ്മ (ബഹു. ജോർജ് അച്ചന്റെ മാതാവ്) യുടെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

14 അതിരൂപതാ കേന്ദ്രത്തിലെ കുരിയാ സമ്മേളനത്തിനുശേഷം ഉച്ചയ്ക്ക് ഇത്തിത്താനം ആയുഷയിൽ, സി. ഇമ്മാനുവേലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ചങ്ങനാശ്ശേരി സെന്റ് ജോസഫ് സ്കൂളിൽ നടന്ന ഫാ. സിറിയക് കണ്ടങ്കരി മെമ്മോറിയൽ ഇന്റർ സ്കൂൾ ക്വിസ് മത്സരത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. ഒന്നാം സ്ഥാനം കരസ്ഥമാക്കിയവർക്കുള്ള സമ്മാനം വിതരണം ചെയ്തു, ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

15 രാവിലെ എസ്.ബി. കോളേജിൽ നടന്ന പാസ്റ്ററൽ കൗൺസിൽ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു. ഉച്ചകഴിഞ്ഞ് സേവ് എ ഫാമിലിയുടെ ആഭിമുഖ്യത്തിൽ പ്രളയബാധിതർക്കായി പുനരധിവാസത്തിനു സഹായകമായ കിറ്റുകൾ വിതരണം ചെയ്തു. വൈകുന്നേരം കോട്ടയം പൗരാവലിയുടെ ആഭിമുഖ്യത്തിൽ ജലപ്രളയത്തിന്റെ അവസരത്തിൽ രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയവരെ നന്ദിയോടെ ഓർക്കുന്നതിനായി ക്രമീകരിച്ച സംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വൈകുന്നേരം കത്തീ

ഡ്രൽ പള്ളിയിൽ 9-ാമത് ലോക സുറിയാനി സമ്മേളനത്തോടനുബന്ധിച്ചു നടന്ന റംശാ പ്രാർത്ഥനയിൽ പങ്കെടുത്ത് സന്ദേശം നൽകി.

16 രാവിലെ തെക്കേക്കര സെന്റ് ജോൺസ് പള്ളിയിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് പൊങ്ങ ഇടവകയിൽ കടമ്മാട് മാമ്പള്ളി റോസമ്മയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ചമ്പക്കുളം കൊണ്ടാക്കൽ ഇടവക സന്ദർശിച്ച സൺഡേസ്കൂൾ കുട്ടികളുമായി സംസാരിച്ചു. എടത്വ ഇടവകയിൽ മണ്ണുശ്ശേരി അന്നമ്മ (ബഹു. ചാക്കോ OFM Cap. അച്ചന്റെ മാതാവ്) യുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വേഴപ്രാ പള്ളി സന്ദർശിച്ചു പ്രളയശേഷമുള്ള സ്ഥിതിഗതികൾ മനസ്സിലാക്കി. വൈകുന്നേരം ഇത്തിത്താനം പള്ളിയിൽ ഇടവകദിനത്തോടനുബന്ധിച്ചു നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്ത് ജൂബിലി ആഘോഷിച്ച കൂടത്തിൽ ബഹു. ജോർജ് അച്ചനും സി. ഗ്രെയ്സിലിൻ CMC ക്കും ആശംസകൾ നേർന്നു.

17 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപകദിനത്തോടനുബന്ധിച്ച് എസ്.ബി. ഹൈസ്ക്കൂളിൽ സംഘടിപ്പിച്ച സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. വൈകുന്നേരം നിരണം സെമിനാരിയിൽ 4-ാം വർഷ വൈദികാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

18 ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് വസ്തുവകകൾ സംഘടിപ്പിച്ചു നൽകുന്ന NGO ഗ്രൂപ്പിന്റെ ഡയറക്ടർക്കും മറ്റ് അംഗങ്ങൾക്കും അതിരൂപതാ കേന്ദ്രത്തിൽ സ്വീകരണം നൽകി. ഉച്ചയ്ക്ക് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് കത്തീഡ്രൽ പള്ളിയിൽ കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ജെറിക്കോ പ്രാർത്ഥനയ്ക്കു ഒരുക്കമായി വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി, കത്തീഡ്രലുകളിൽ നിശ്ചിത സമയത്തേയ്ക്കു സ്ഥാപിക്കുന്ന കുരിശ് വെഞ്ചരിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ കൂടിയ ഇന്റർ ഡിപ്പാർട്ടുമെന്റ് മീറ്റിംഗിൽ പങ്കെടുത്തു.

19 ഉച്ചകഴിഞ്ഞ് ചമ്പക്കുളം ഇടവകയിൽ തുരുത്തിയിൽ ഫിലിപ്പ് ജാനിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ ശുശ്രൂഷകൾക്കു കാർമ്മികത്വം വഹിച്ചു.

20 രാവിലെ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ BCT ക്യാമ്പിൽ പങ്കെടുക്കുന്നവർക്കായി വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സഭാസിനഡിന്റെ സ്ഥിരംസമിതി യോഗത്തിൽ പങ്കെടുത്തു.

21 രാവിലെ അതിരൂപതാ കേന്ദ്രത്തിലെ കൂരിയാ സമ്മേളനത്തിനുശേഷം ഉച്ചയ്ക്ക് മിഷൻ ലീഗ് സംഘടനയുടെ അതിരൂപതാ പൊതുയോഗത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ഫാ. മാലിപ്പറമ്പിൽ അനുസ്മരണ സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു. ഉച്ചകഴിഞ്ഞ് ദുരിതാശ്വാസ പ്രവർത്തനത്തിൽ സഹകാരികളായ 'ജീസസ് യൂത്ത്' അംഗങ്ങളുമായി സംസാരിച്ചു. വൈകുന്നേരം കണ്ടങ്കരി പള്ളി സന്ദർശിച്ച് പ്രതിനിധിയോഗാംഗങ്ങളും ഹോം മിഷന് നേതൃത്വം നൽകിയ സിസ്റ്റേഴ്സുമായും സംസാരിച്ച് പ്രളയത്തെത്തുടർന്നുള്ള അവസ്ഥ മനസ്സിലാക്കുവാൻ സാധിച്ചു.

22 രാവിലെ കുറിച്ചി സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് ഡിഗ്രി വിദ്യാർത്ഥികളായ സെമിനാരിക്കാരുമായി സംസാരിച്ചു. ഉച്ചകഴിഞ്ഞ് സന്ദർശകരെ അതിരൂപതാ കേന്ദ്രത്തിൽ സ്വീകരിച്ചു. വൈകുന്നേരം

അജപാലന സന്ദർശനത്തിന്റെ ഭാഗമായി കാവാലം ലിസ്യു പള്ളിയിലെ കിടപ്പുരോഗികളുടെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചു.

23 രാവിലെ മുതൽ ഉച്ചവരെ പുളിങ്കുന്ന് ഫൊറോനയിലെ കാവാലം ലിസ്യൂ പള്ളിയിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം എറണാകുളം പാലാരിവട്ടം പി.ഒ.സി.യിൽ കെസിബിസി മെത്രാൻ സമിതിയുടെ സമ്മേളനത്തിൽ പങ്കെടുത്തു.

24 രാവിലെ അതിരൂപതാകേന്ദ്രത്തിൽ കൂരിയാ സമ്മേളനത്തിനു അദ്ധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് കൊടിനാട്ടുകുന്ന് ഇടവകയിൽ ത്രേസ്യാമ്മയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് ഇത്തിത്താനം പ്രീസ്റ്റ് ഹോം, വടവാതൂർ സെമിനാരി തുടങ്ങിയ സ്ഥാപനങ്ങൾ സന്ദർശിച്ച് ബഹു. വൈദികരുമായി സംസാരിച്ചു.

25 പത്തിപ്പറമ്പിൽ ബഹു. മാത്യു അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി അനുസ്മരണ സന്ദേശം നൽകി. തുടർന്ന് സിബിസിഐ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പങ്കെടുക്കുന്നതിനായി ബാംഗ്ലൂരിലേക്കു യാത്ര തിരിച്ചു.

## മാർ തോമസ് തറയിൽ

### 2018 ആഗസ്റ്റ്

26 അയിരൂർ ലൂർദ്ദ്മാതാ ദൈവാലയത്തിൽ കൊടിമരവെഞ്ചിരിപ്പ് നിർവ്വഹിച്ചു. തുടർന്ന് പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. ഉച്ച കഴിഞ്ഞ് നെടുംകുന്നം ഫൊറോനാപള്ളിയിൽ പുതിയാപറമ്പിൽ ബഹു. റ്റോജി അച്ചന്റെ പിതാവ്, ശ്രീ. പി.റ്റി. ജോർജിന്റെ മൃതസംസ്കാരശുശ്രൂഷയിൽ ഭവനത്തിലെ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. ബിഷപ്പ് മാർ ജോസഫ് പതാലിലിന്റെ സഹോദരി സി. മെറീന സി.എം.സി.യുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് പാടി പ്രാർത്ഥിച്ചു.

27 ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി യുവജനങ്ങളോടൊപ്പം പള്ളിക്കൂട്ടുമ ഫാത്തിമ മാതാ ഇടവകയിലെ ഒരു ഭവനം വൃത്തിയാക്കി.

28 അതിരൂപതാ പാസ്റ്ററൽ സെന്ററിൽ ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടന്ന വിവാഹഒരുക്ക സെമിനാറിൽ പരി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. പഴവങ്ങാടി മാർസ്ലീവാ ദൈവാലയത്തിൽ ആലപ്പുഴ ഫൊറോനയിലെ വൈദികരുടെ യോഗത്തിൽ സംബന്ധിച്ചു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ കത്തീഡ്രൽ ഇടവകാംഗങ്ങളെ ആദരിച്ചു.

29 അതിരൂപതാകേന്ദ്രത്തിൽ ബഹു. ഫൊറോനാ വികാരിമാരുടെ സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ കുട്ടനാട് മേഖലയിലെ ബഹു. വൈദികരുടെ സമ്മേളനത്തിൽ പങ്കെടുത്തു.

30 താഴത്തുവടകര ലൂർദ് മാതാ ദൈവാലയത്തിൽ വിവാഹം ആശീർവ്വദിച്ചു.

### 2018 സെപ്റ്റംബർ

01 കണ്ണൂർ പച്ചാണി സെന്റ് മേരീസ് ദൈവാലയത്തിൽ ബഹു. പറപ്പള്ളി ജോസഫച്ചന്റെ പിതാവ് ചാക്കോ പറപ്പള്ളിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

02 വെള്ളപ്പൊക്ക ദുരിത മേഖലയായ വെളിയനാട് സെന്റ് സേവ്യേഴ്സ്, കണ്ണാടി സെന്റ് ജോസഫ് ദൈവാലയങ്ങളിലെ സണ്ടേസ്ക്കൂൾ കുട്ടികളെയും അദ്ധ്യാപകരെയും സന്ദർശിച്ചു. പരി. മറിയത്തിന്റെ ജനനതിരുനാളിനോടനുബന്ധിച്ച് പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനപള്ളിയിൽ ആഘോഷമായ പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. പുളിങ്കുന്ന് കർമ്മലീത്താ മഠത്തിൽ സി. ആനിമേരി സി.എം.സി.യുടെ മൃതദേഹത്തിങ്കൽ ഒപ്പീസ്പാടി പ്രാർത്ഥിച്ചു.

03 കാഞ്ഞിരപ്പള്ളി രൂപതാംഗമായ ബഹു. പുതുപ്പറമ്പിൽ ജോർജ്ജ് അച്ചന്റെ മാതാവ് ഏലിക്കുട്ടി ജേക്കബിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് പാടി പ്രാർത്ഥിച്ചു. ചങ്ങനാശ്ശേരി സെന്റ് ജോസഫ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ നാഷണൽ സർവ്വീസ് സ്കീമിന്റെ നേതൃത്വത്തിൽ ജൈവപച്ചക്കറി കൃഷിക്കു വിട്ടു നൽകിയ തോട്ടത്തിൽ വൃക്ഷത്തൈ നട്ട് ഉദ്ഘാടനം നിർവ്വഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ സംഘടിപ്പിച്ച കൺസൾട്ടേഴ്സ് യോഗത്തിൽ സംബന്ധിച്ചു. തുടർന്ന് സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷന്റെ ട്രസ്റ്റ് മീറ്റിംങ്ങിൽ പങ്കെടുത്തു.

04-07 ജഗദൽപൂർ മിഷനിൽ ശുശ്രൂഷ ചെയ്യുന്ന റീജൻസി ബ്രദേഴ്സിനെ കാണുകയും മിഷൻ സന്ദർശിക്കുകയും ചെയ്തു.

08 പരി. മാതാവിന്റെ ജനനതിരുനാളിൽ ചങ്ങനാശേരി കത്തീഡ്രൽ ദൈവാല

യത്തിൽ ആഘോഷമായ പരി. കുർബാനയർപ്പിച്ചു തുടർന്ന് മേരി നാമധാരി കളുടെ സംഗമത്തിൽ പങ്കെടുത്തു.

09 വട്ടിയൂർക്കാവ് സെന്റ് ഫ്രാൻസീസ് ഡി. സാലസ് ദൈവാലയത്തിൽ അജപാലന സന്ദർശനം നടത്തി. തിരുവനന്തപുരം വെള്ളയമ്പലത്ത് ദുരിതാ ശ്വാസ പ്രവർത്തനങ്ങളിൽ പങ്കെടുത്ത മത്സ്യത്തൊഴിലാളികളെ ആദരിച്ചു.

11 കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ അതിരൂപതയിലെ വൈദി കരുടെ വാർഷിക ധ്യാനത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. അതിരൂപതാകേന്ദ്രത്തിൽ പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് യോഗ ത്തിൽ സംബന്ധിച്ചു.

13 കാനാ, ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ടിൽ ഈ വർഷത്തെ അധ്യയനവർഷം ഉദ്ഘാടനം ചെയ്തു. ബഹു. നൂഴായിത്തടം ജോർജ് അച്ചന്റെ മാതാവ് ഏലി ക്കുട്ടി ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമ്മി കത്വം വഹിച്ചു.

14 പൗരസ്ത്യ വിദ്യാപീഠം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഈസ്റ്റേൺ കാനൻ ലോ സംഘടിപ്പിച്ച റവ. ഡോ. ജോസഫ് കോയിക്കകുടി എൻഡോവ്മെന്റ് ലെക്ച്ചറിൽ "Clerical formation Today" എന്ന വിഷയത്തിൽ പ്രബന്ധം അവതരിപ്പിച്ചു.

15 എസ്. ബി. കോളേജ് MBA ഹാളിൽ അതിരൂപതാ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു. കോട്ടയം സെന്റ് എഫ്രേം എക്യൂമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന 9-ാമത് വേൾഡ് സിറിയക്ക് കോൺഫ റൻസിൽ പങ്കെടുത്തവർക്ക് അതിരൂപതാകേന്ദ്രത്തിൽ സ്വീകരണം നൽകി.

16 ജൂബിലി ആഘോഷിക്കുന്ന കൂരോപ്പട മാർ സ്ലീവാ ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു; ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

17-21 തൃശൂർ അതിരൂപതയിലെ വൈദീകരുടെ വാർഷിക ധ്യാനം നയിച്ചു.

19 തൃശൂർ അരണാട്ടുകരയിലുള്ള MLF സിസ്റ്റേഴ്സിന്റെ കോൺവെന്റ് സന്ദർശിച്ച് പരി. കുർബാന അർപ്പിച്ചു.

21 ചേലക്കര എസ്റ്റേറ്റ് സന്ദർശിച്ചു.

22 DCMS സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം വെള്ളയമ്പ ലത്ത് നടന്ന 'നീതി ഞായർ' ദിനാചരണത്തിൽ പങ്കെടുത്ത് മുഖ്യപ്രഭാഷണം നൽകി. ആര്യങ്കാവിൽ നടന്ന കൊല്ലം - ആയൂർ ഫൊറോന യുവജനങ്ങളുടെ ക്യാമ്പിൽ സന്ദേശം നൽകി. പുനലൂർ സി.എം.ഐ. നൊവ്യഷേറ്റ് ഹൗസ് സന്ദർശിച്ചു.

23 കരവാളൂർ നിത്യസഹായമാതാ ദൈവാലയത്തിൽ ബലിപീഠ കൂദാശയ്ക്ക് കാർമ്മികത്വം വഹിച്ചു തുടർന്ന് പരിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. പുനലൂർ സേക്രഡ് ഹാർട്ട് ഇടവകയിലെ മതാദ്ധ്യാപകരെയും സൺഡേസ്കൂൾ കുട്ടികളെയും അഭിസംബോധന ചെയ്തു.

23-28 തൃശ്ശൂർ അതിരൂപതയിലെ രണ്ടാമത്തെ ബാച്ചിലെ വൈദികർക്കുള്ള വാർഷിക ധ്യാനം നയിച്ചു.

25 എടത്വാ സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ ബഹു. പത്തിപ്പറമ്പിൽ മാത്യു അച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷകളിൽ ദൈവാലയത്തിലെ കർമ്മ ങ്ങൾക്ക് കാർമികത്വം വഹിച്ചു.

## മാർ ജോസഫ് പവ്വത്തിൽ

### 2018 ആഗസ്റ്റ്

26 പുതിയാപറമ്പിൽ ബഹു. റ്റോജി അച്ചന്റെ പിതാവ്, ശ്രീ. പി. റ്റി. ജോർജിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

### 2018 സെപ്റ്റംബർ

03 ബഹു. ടി. ജെ. ജോഷ്വാ അച്ചന്റെ ''തിരുവചനധ്യാനം'' എന്ന പുസ്തകം അതിരൂപതാകേന്ദ്രത്തിൽ പ്രകാശനം ചെയ്തു.

13 ബഹു. നൂഴായിത്തടം ജോർജ് അച്ചന്റെ പ്രിയമാതാവ് ഏലിക്കുട്ടി ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. പാമ്പാടി MLF നൊവിഷ്യേറ്റ് ഹൗസിൽ സന്യാസാർത്ഥിനികൾക്ക് ക്ലാസ്സ് നയിച്ചു.

24 ഇത്തിത്താനം ഫ്രീസ്റ്റ്ഹോമിൽ ബഹു. പത്തിപ്പറമ്പിൽ മാത്യു അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.




# ENGAGEMENTS

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

## 2018 OCTOBER

| | | |
|---|---|---|
| 1 | **09:30 a.m.** | Presbyteral Council @ Archbishop's House |
| | **03:00 p.m.** | Meeting @ Media Village |
| | **04:30 p.m.** | *Qurbana* @ Cathedral, Death Anniversary of Mar Mathew Kavukattu |
| | **06:00 p.m.** | Sacraments of Initiation @ Cathedral |
| 2. | **10:30 a.m.** | Centenary Celebration, CMC Convent @ Pazhavangady, Alappuzha |
| | **02:15 p.m.** | Family Gathering of Staff, St.Joseph's Press @ Kallooppara |
| | **04:00 p.m.** | AKCC Representatives Gathering @ Moncombu |
| | **06:30 p.m.** | Regency Directors' Gathering @ Archbishop's House |
| 3 | **03:00 p.m.** | Biopic Releasing: The Crown of the Church |
| 4 | **12:15 p.m.** | Vincent De Paul Food Fest @ SB College |
| | **03:00 p.m.** | Message - Goodness TV Channel |
| 5 | **03:00 p.m.** | Visitors' Time |
| | **06:00 p.m.** | Major Seminarians Gathering @ Archbishop's House |
| 6 | **10:00 a.m.** | Historical Symbosium @ Cathedral |
| 6-15 | | Mission Visits – Jaipur & Ettawah |
| 16 | **10:00 a.m.** | Golden & Silver *Sacerdotal* Jubilee Celebration of Archeparchial Priests @ Kurichy Seminary |
| | **02:30 p.m.** | Jubilee Celebration of CMC Sisters @ Carmel Mount, Chethipuzha |
| | **06:00 p.m.** | Interdepartmental Meeting @ Archbishop's House |
| 17 | **11:30 a.m.** | Golden Jubilee Celebration @ SH Medical Centre, Kottayam |
| | **03:00 p.m.** | Visitors' Time |
| | **06:30 p.m.** | Class @ Niranam Seminary |
| 18 | **06:30 a.m.** | Class - CLT Course @ Sehion Retreat Centre, Kunnamthanam |
| | **10:00 a.m.** | *Kudumba Koottayma* Leaders Meeting @ Archbishop's House |
| | **12:00 noon** | Kudamaloor Forane Youth Convention @ Parampuzha |
| | **02:30 p.m.** | Vestition & Final Profession @ Spirituality Centre, Manganam |
| | **06:00 p.m.** | Regional Bishop's Conference @ Punalur |

| | | |
|---|---|---|
| 19 | **10:00 a.m.** | *Qurbana,* Workshop - Rebuilding of Kuttanad, Public Meeting @ Cathedral |
| 20 | **10:15 a.m.** | *Sacerdotal* Golden Jubilee Celebration of Rev. Fr Sebastian Kalassserry @ Kainakary |
| | **12:45 p.m.** | *Qurbana* @ Parel, IMS Pilgrimage |
| | **04:00 p.m.** | Homily - Festal *Qurbana* @ Champakkulam |
| 21 | | Pastoral Visit @ St Joseph's Church, Koduppuna |
| 22 | **03:00 p.m.** | Message, Shalom Daily Mirror @ Archbishop' s House |
| | **06:30 p.m.** | Class @ Niranam Seminary |
| 23 | **10:00 a.m.** | Science Congress & Lab Inauguration @ SBHSS |
| | **06:00 p.m.** | Alapuzha Forane Priests Conference @ Purakkadu |
| 24 | **06:30 p.m.** | Thuruthy Forane Priests Conference @ Kainady |
| 25 | **10:00 a.m.** | Forane Priests Conference @ Pulincunnoo |
| | **06:00 p.m.** | Champakulam Forane Priests' Conference @ Kondackal |
| 27 | **10:00 a.m.** | Convent House and Chapel Blessing @ FCC, Devamata Provincial House |
| | **02:30 p.m.** | *Palliquadasa,* Lourdes Matha Church @ Mammoodu |
| | **06:30 p.m.** | Pastoral Council Executive Meeting @ Archbishop's House |
| 28 | | Pastoral Visit @ St Mary's, Eravuchira |
| 29-30 | Engaged | |
| 31 | **02:30 p.m.** | Visitors' Time |





# ENGAGEMENTS

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

## 2018 OCTOBER

| | | |
|---|---|---|
| 01 | **06:15 a.m** | *Qurbana* @ CMC Convent, Ithithanam |
| | **09:30 a.m** | Presbyteral Council |
| | **03:00 p.m** | CD Releasing @ Media Village |
| | **06:30 p.m** | Class @ Niranam Seminary |
| 02 | **06:15 a.m.** | *Qurbana* @ Priest Home |
| | **10:00 a.m.** | *Vincentian Sangamam* @ Pallikoottuma |
| | **11:30 a.m.** | St. Joseph's Press Family Meet @ Puthuserry |
| | **02:30 p.m.** | CMC Centinary Celebration @ Pazhavangady |
| | **06:30 p.m.** | Regency Directors Meeting @ Archbishop's House |
| 03 | **06:30 a.m.** | *Qurbana* & Blessing of P.G. Block CMC, Mannanam |
| | **08:30 a.m.** | Curia |
| | **03:00 p.m.** | Biopic Releasing: The Crown of the Church |
| | **07:00 p.m.** | Class @ Minor Seminary |
| 04 | **06:30 a.m.** | *Qurbana* @ Minor Seminary |
| | **09:00 a.m.** | Class @ Danahalaya |
| | **07:00 p.m.** | Jubilee Message @ Poonthoppu |
| 05 | **06:30 a.m.** | *Qurbana* @ Asha Bhavan |
| | **08:30 a.m.** | Curia |
| | **02:30 p.m.** | Engaged |
| | **06:30 p.m.** | Major Seminarians Gathering @ Archbishop's House |
| 06 | **06:30 a.m.** | Silver Jubilee *Qurbana* @ Holy Family Convent, Thiruvallam |
| | **09:00 a.m.** | *Snehasramam* @ Manvila, Tvm |
| | **03:00 p.m.** | *Qurbana* @ S.H. Convent, Vilapilsala |
| 07 | **07:00 a.m.** | *Qurbana* & House Visiting @ Punaloor, Cherukadavu |
| | **06:00 p.m.** | Rosary Procession @ PMG, Tvm |
| 08 | **09:00 a.m.** | Capuchin Provincial Chapter Inauguration @ Trichur |
| | **02:30 p.m.** | Charismatic Conference @ Ernakulam |
| 09 | **08:30 a.m.** | Engaged |
| | **11:00 a.m.** | *Qurbana* @ Cathedral, Death Anniversary of Mar Mathew Kavukattu |
| | **02:30 p.m.** | Engaged |
| | **07: 00 p.m.** | Class @ Minor Seminary |

| | | |
|---|---|---|
| 10 | **06:15 a.m.** | *Qurbana* @ S.H. Provincial House, Parel |
| | **08:30 a.m.** | Curia |
| | **02:30** to **04:30 p.m.** | Visitors' Time |
| 11 | **09:00 a.m.** | Class @ Denahalaya |
| 12 | **06:30 a.m.** | *Qurbana* @ Jeevodaya, Kurumbanadam |
| | **08:30 a.m.** | Curia |
| | **02:30 to 04:00 p.m.** | Visitors' Time |
| | **06:30 p.m.** | Class @ Niranam Seminary |
| 13 | **11:00 a.m.** | Palliative Care Day @ Chethipuzha |
| | **02:00 p.m.** | *Qurbana* & Vestition F.C. Congregation @ Parel |
| 14 | **09:00 to 1:00 p.m.** | Visitors' Time @ Tvm |
| | **03:30 p.m.** | *Qurbana* & Silver Jubilee Inauguration @ Holy Family Church, Thirumala |
| 15 | **06:45 a.m.** | *Qurbana* @ Mother Theresa Home, Nedumkunnam |
| | **10:00 a.m.** | Young Priests Gathering @ Archbishop House |
| 16 | **10:00 a.m.** | Jubilee Gathering of Priests @ Kurichy Seminary |
| | **02:30 p.m.** | Engaged |
| | **06:30 p.m.** | Inter Departmental Meeting |
| 17 | **06:30 a.m.** | *Qurbana* @ S.H. Convent, Paipadu |
| | **08:30 a.m.** | Curia |
| | **11:30 a.m.** | *Sapthathi* Inauguration @ St. Mary's U.P. School, Kudamaloor |
| | **02:30 p.m.** | Visitors' Time |
| 18-31 | | Out of Station |




## ENGAGEMENTS

**Mar Joseph Powathil**
Archbishop Emeritus

## 2018 OCTOBER

| | | |
|---|---|---|
| 01 | **03:00 p.m.** | C.D. Releasing @ Media Village |
| 03 | **10:00 a.m.** | Academic Year Inauguration @ Nursing College, Chethipuzha |
| | **03:00 p.m.** | Biopic Releasing: The Crown of the Church |
| 05 | **06:30 p.m.** | Major Seminarians Gathering @ Archbishop's House |
| 18-19 | | Regional Bishop's Retreat @ Punaloor |
| 28 | **10:00 a.m.** | Mudiyoorkara |